Vidyāmūlaṅ-
ṅal.
1.
1858

Ci
XIV
290

Kps. 2

N12<526553103 021
LS
ubTÜBINGEN

59



Vidyāmūlaṅṅal

# വിദ്യാമൂലങ്ങൾ.

ഒന്നാം ഖണ്ഡം.

1.

## ഭൂലോകവിശേഷങ്ങൾ.

(Cottayam 1858).

UNIV. BIBL. TÜBINGEN

Gi XIV 290. Kps. 2

# ഭൂലോക വിശെഷങ്ങൾ

---o---

## ഒന്നാം അദ്ധ്യായം.

### മതങ്ങൾ, അധികാരങ്ങളും മറ്റും.

സത്യവേദത്തിൽ നാം വായിക്കുന്ന പ്രകാരം, ഭൂമി രൂപമില്ലാത്തതും, ഒഴിയപ്പെട്ടതും; ആഴത്തിന്റെ മുഖത്ത ഇരുളും ആയിരുന്നു: എങ്കിലും സൎവ്വശക്തിയുള്ള ദൈവം ഏകദേശം ഇപ്പോഴത്തെ ആണ്ടിന ൫൮൫൦ം വൎഷം മുമ്പെ കല്പിച്ചപ്പോൾ; സകല വസ്തുക്കളും അനുസരിച്ചു, വെള്ളങ്ങൾ താഴ്വരയിലെക്ക മാറി കടലുകളായിട്ടതിരിഞ്ഞു, ഉണങ്ങിയ നിലങ്ങൾ കാണപ്പെട്ടു; അതാത പഴങ്ങൾ കായിക്കുന്ന വൃക്ഷാദികളും, സസ്യങ്ങളും കിളുൎത്ത, പക്ഷി, മത്സ്യം, മൃഗജാതികളൊക്കയും ജീവിക്കയും ചെയ്തു. ഒടുക്കം ദൈവം മനുഷ്യനെ പൊടിയിൽനിന്ന നിൎമ്മിച്ചു, ജീവൻ തന്ന, നിത്യമായുള്ള ആത്മാവിനെ അവനിൽ ഊതി, സകല സൃഷ്ടിയുടെമേൽ അധികാരവും കൊടുത്തു. "യഹോവാ പറഞ്ഞു, അപ്രകാരവും ഉണ്ടായി, അവൻ കല്പിച്ചു, അപ്രകാരം സ്ഥിരമാകയും ചെയ്തു." മനുഷ്യർ ദൈവത്തെ വേഗം മറന്നു, ഓരോരുത്തന്ക്ക ൯൱ വൎഷം വരെ കാലം കഴിപ്പാൻ ഇട കിട്ടിയതുകൊണ്ട, തങ്ങളുടെ അവസാന അവസ്ഥയെ വിചാരിക്കാതെ, അവരുടെ സ്വന്ത മോഹങ്ങളെ തൃപ്തി ആക്കുവാനായിട്ട അന്വെഷിച്ചതെയുള്ളു. ഇതിനാൽ ദൈവം മനുഷ്യരെ ശിക്ഷിപ്പാനായിട്ടും, അവരുടെ സന്തതി നന്നാകുവാൻ ഇട ഇല്ലയൊ എന്നും, അറിവ കാട്ടുവാനായിട്ടും, ജലപ്രളയത്തെ അയച്ചു. മനുഷ്യജാതിയിൽനിന്ന എട്ടുപേരും, സകല മൃഗങ്ങളും പറവജാതിയിൽനിന്നും, ൭ം൭ രണ്ടീരണ്ടും നീക്കി, സകല ജീവജന്തുക്കൾ ലോകകാലം ൧൬൫൬ാമാണ്ട നശിക്കപ്പെട്ടു: ൟ എട്ടു മനുഷ്യൎക്കും മൃഗങ്ങൾക്കും രക്ഷപെടുവാനായിട്ട, തലവനായ നോഹായെകൊണ്ട ഒരു വലിയ പെട്ടി പണിവാൻ ദൈവം തന്നെ പഠിപ്പിക്കയും ചെയ്തു. ജലപ്രളയം ശാന്തത ആയശെഷം, ഇവർ പെട്ടിയിൽനിന്ന ഇറങ്ങി ഭൂമിയിൽ സഞ്ചരിച്ചു. നോഹായുടെ മൂത്ത പുത്രനായ ഷേമിന്റെ സന്തതി ഏഷ്യാ എ

ന്ന വിളിക്കപ്പെടുന്ന അംശം അനുഭവിച്ചു. യാഫേത്ത എന്ന വിളിക്കപ്പെട്ടവൻ, യുറോപ്പിലേക്ക കടന്ന, കാപ്പിരിക്കാരുടെ പിതാവായ ഹാം അപ്രിക്കായിലെ പ്രദേശങ്ങളിൽ വസിക്കയും ചെയ്തു. അമ്മറിക്കായിലും സമുദ്രത്തിലെ ദ്വീപുകളിലും പാൎക്കുന്ന ആളുകൾ ൩ അംശങ്ങളിൽനിന്ന പുറപ്പെട്ടിരിക്കുന്നു എന്ന വിചാരിപ്പാൻ ഇടയുണ്ട. ഇതിന്റെശേഷം മനുഷ്യർ വേഗത്തിൽ വൎദ്ധിക്കയും ചെയ്തു, എങ്കിലും ദൈവം അവരുടെ അഹമ്മതി കുറപ്പിപ്പാനായിട്ട, മനുഷ്യജാതിയുടെ ആയുസ്സ ൧൨൦ വയസ്സിൽ അധികം ആകരുത എന്ന കല്പിക്ക മാത്രമല്ല, അവരുടെ ഭാഷയും കലൎത്തി അവരെ ഭൂമിയിൽ ഒക്കെ ചിന്നപ്പെടുത്തുകയും ചെയ്തു.

മനുഷ്യർ പിന്നെയും വഷളായിതീൎന്ന എന്ന കണ്ട, ദൈവം അബ്രഹാമിനെ തന്റെ സ്വന്ത ഭൃത്യനായിട്ട ലോകകാലം ൨൦൮൩മുതൽ വിളിച്ച അനുഗ്രഹിച്ചു; അബ്രഹാമിന്റെ പുത്രനായ ഇസ്രായേലിന്റെ സന്തതി, അധികം വൎദ്ധിച്ച എജിപ്തിയിൽനിന്ന ൬൦൦,൦൦൦ പുരുഷന്മാരായിട്ട ൨൫൧൩-ാം ആണ്ടിൽ, കനാൻദേശത്തിലേക്ക യാത്രപുറപ്പെട്ടു. ദാവീദും ശലോമോനും രാജ്യഭാരം ചെയ്യുകാലങ്ങളിൽ, യൂദന്മാർ വൎദ്ധിച്ച ദ്രവ്യവും ആൾപ്രാപ്തിയുംകൊണ്ട അന്ന ലോകത്തിൽ ഇരുന്ന ജനങ്ങളിൽവച്ച അധിക പുഷ്ടിയുള്ളവരായിരുന്ന, സീയോൻപൎവ്വതത്തിൽ ൨൯൯൨-ാം ആണ്ടിൽ, യഹോവായുടെ നാമത്തിന വിശേഷപ്പെട്ട ആലയം പണിതു.

പാപം പിന്നെയും ക്രമേണ സകലവും ദോഷപ്പെടുത്തി, എങ്കിലും ദൈവം മനുഷ്യൎക്കുവേണ്ടി ഒരു വലിയ രക്ഷിതാവിനെ അയക്കാമെന്ന, ആദ്യം മുതൽ വാഗ്ദത്തം ചെയ്തപ്രകാരം, ഭൂമി സൃഷ്ടിച്ച ൪൦൦൪-ാം ആണ്ടറുതിക്ക, തന്റെ പുത്രനെ ലോകത്തിലേക്ക അയച്ചു.

വേദവാക്യത്തിൽ കാണ്മാനുണ്ട, ഭൂമി ഏകദേശം ൬,൦൦൦ കാലം ചെല്ലുമ്പോൾ, മിശിഹാ സകല മനുഷ്യരെയും വിധിപ്പാനായിട്ടുവരുമെന്നും, മനുഷ്യരുടെ കാൎയ്യങ്ങൾ തീൎപ്പായതിന്റെ ശേഷം, ഭൂമി സകല പാപദോഷത്തിൽനിന്നും വിടുവിപ്പാനായിട്ട, അഗ്നിജ്വാലയാൽ ചുട്ട പുതുതാക്കപ്പെടുകയും ചെയ്യും.

## മനുഷ്യജാതിയുടെ എണ്ണം.

൧ാമത. ലോകത്തിലെ ജനങ്ങളുടെ സംഖ്യ ഏകദേശം ൯൦൦ ലക്ഷമായി കണക്ക കൂട്ടിയിരിക്കുന്നു. ഇവയിൽ ക്രിസ്ത്യാനിക്കാർ എല്ലാ കൂട്ടത്തിലും കൂടെ ൨൬൦ ലക്ഷവും, യെഹൂ

ദന്മാർ ൮ ലക്ഷവും, മഹമ്മതകാർ ൯൬ ലക്ഷവും; ബ്രഹ്മാവി നെ വന്ദിക്കുന്നവർ ൧൨൦ ലക്ഷവും, ബുദ്ധമതക്കാർ ൩൨൦ ലക്ഷവും, പലവന്ദനക്കാരും മൂഢന്മാരും കൂടെ ൧൦൦ ലക്ഷ വും ഉണ്ട.

൨ാമത. പിന്നെയും മനുഷ്യജാതി വിഭാഗിക്കപ്പെടുന്നത. യൂറോപ്പിലും, ഏഷ്യായുടെ പടിഞ്ഞാറെ രാജ്യങ്ങളിലും, അ പ്പ്രിക്കായുടെയും അമ്മെറിക്കായുടെ ഏതാനും ഭാഗങ്ങളിലും, കൂ ടെ കുടിയിരിക്കുന്നതും; ഇപ്പോൾ കുറഞ്ഞൊരു നാളായിട്ട ഓ സ്ത്രേലിയായിലും കൂടെ പരന്നിരിക്കുന്ന കൊക്കെഷ്യർ; അ ല്ലെങ്കിൽ വെള്ളക്കാര.

മൊങ്കൊൽസ്സ, അല്ലെങ്കിൽ മഞ്ഞനിറമൊ ഇരുനിറമൊ ഉള്ള വംശക്കാർ; കിഴക്കെ ഏഷ്യായിലും, രുശ്യായുടെയും ചീനയു ടെയും അമ്മെറിക്കായുടെയും ചില ഭാഗങ്ങളിലും പാക്കുന്നു.

തലമുടി ചുരുണ്ടും ചിടയായിട്ടും മൂക്ക പരന്നിരിക്കുന്നവരു മായ കാപ്പിരികൾ, അപ്പ്രിക്കായുടെ നടുക്കും തെക്കെ ഭാഗ ത്തും പല ദ്വീപുകളിലും ഒസ്ത്രേലിയായിലും പാൎത്തുവരുന്നു. ഈ വംശക്കാർ ഒക്കെയും ഒന്നാമത്തെ മനുഷ്യനായ ആദാമി ൽനിന്ന ഉണ്ടായവരും നോഹായുടെ മൂന്ന മക്കളുടെ സന്തതി കളും ആകുന്നു. നോഹായുടെ കഥ എഴുതിയിരിക്കുന്ന പുസ്ത കവും,അവന്റെ മക്കൾക്ക വച്ചിരിക്കുന്ന അനുഗ്രഹവും നോ ക്കി വായിച്ചാൽ, ഇത തെളിഞ്ഞിരിക്കും. ഇളയ മകനായ യാ ഫെത്ത, യൂറോപ്പുകാരുടെ പിതാവും, മൂത്ത മകനായ ഷേം ഇരുനിറക്കാരുടെയും, ഹാം കാപ്പിരികളുടെയും പിതാവാകുന്നു ഈ പലവൎണ്ണമുള്ള ജനങ്ങൾ കൂടി കലശിയിരിക്കകൊണ്ട, മൂ ന്നു കൂട്ടക്കാരെയും വേർതിരിച്ച സൂക്ഷമായിട്ട കാണിക്കുന്ന തിന ഇപ്പോൾ പ്രയാസം തന്നെ ആകുന്നു. ൯൦൦ ലക്ഷം മ നുഷ്യജാതിയുള്ളതിൽ ൧൫൦ ലക്ഷം വെള്ളക്കാരും, അതിനോ ട ചേരുന്നവരും കൂടെ മിക്കവാറും വെളുത്തവരും ആയിട്ട യൂ റോപ്പിൽ കുടിയേറപ്പെട്ടിരിക്കുന്നു. തുൎക്കിയിലും വടക്കെ ഏ ഷ്യായിലും ഹിന്തുസ്ഥാൻ മുതലായ രാജ്യങ്ങളിൽ പാൎക്കുന്ന വെള്ളക്കാരും കൂടി ൧൫ ലക്ഷവും അമ്മെറിക്കായിലും അപ്പ്രി ക്കായിലും ഒസ്ത്രേലിയായിലും കൂടെ ഏകദേശം ൩൬ ലക്ഷ വും ഉണ്ട. എല്ലാം കൂടെ ലോകത്തിൽ ഏകദേശം ൨൩൧ ലക്ഷം വെള്ളക്കാരുണ്ട. മൊങ്കൊൽസ്സ അല്ലെങ്കിൽ ഇരുനിറമുള്ള ജന ങ്ങൾ ഏഷ്യായിലും അമ്മെറിക്കായിലും കൂടെ ൫൧൫ ലക്ഷ ത്തോളം ഉണ്ട. ശേഷം ൮൫ ലക്ഷം ആളുകൾ ഹീനാവസ്ഥ യിൽ സാമാന്യേന മൂഢസ്വഭാവമുള്ള കറുത്ത ആളുകൾ ആ കുന്നു.

# ഭൂലോകത്തിലെ മതങ്ങൾ.

## ൧ാമത. ഏകദൈവത്തെ മാത്രം അനുസരിക്കുന്നവർ.

—o—

യഹോവാ ആയിരിക്കുന്ന ഏകദൈവം, ഒരുവനെയുള്ളു. എന്ന പറയുന്ന മതക്കാർ മൂന്നുണ്ട. ക്രിസ്ത്യാനിക്കാർ, യെഹൂദന്മാർ, മഹമ്മതകാർ.

൧. ക്രിസ്ത്യാനി സഭ മൂന്ന ഭാഗമായിട്ട വേർതിരിഞ്ഞിരിക്കുന്നു. ലത്തീക്കാർ, പാപ്പാ അവരുടെ തലവനും വിശ്വാസത്തിന്റെ ന്യായദാതാവ എന്നും പറഞ്ഞവരുന്നു. ഈ വിശ്വാസം യൂറോപ്പിലെ തെക്കെ ഭാഗത്തും തെക്കെ അമെറിക്കായിലും ഇന്ത്യായിൽ ചില ഭാഗങ്ങളിലും പ്രബലപ്പെട്ടിരിക്കുന്നു. പ്രൊതിസ്തന്ത മതം, യൂറോപ്പിൽ വടക്കും പടിഞ്ഞാറും ഏകദേശം വടക്കെ അമെറിക്കാ മുഴുവനും, ഇന്ത്യായിൽ ചില ഭാഗങ്ങളിലും കൂടെ പ്രബലപ്പെട്ടിരിക്കുന്നു. പ്രൊതിസ്താന്ത മതത്തിന്റെ വിശേഷത, വേദവാക്യം മാത്രം വിശ്വാസത്തിന്റെയും കൎമ്മത്തിന്റെയും മുറയാകുന്നു എന്ന പിടിച്ചിരിക്കുന്നു. രുശ്യായിലും തുൎക്കിയുടെ ചില ഭാഗങ്ങളിലും നടന്ന വരുന്ന യവനായ സഭ ഏകദേശം ഇന്ത്യായിലെ സുറിയാനിക്കാരോട ചേൎന്നിരിക്കുന്നു.

൨ യെഹൂദന്മാർ ഏകദൈവത്തിൽ വിശ്വസിക്കയും, വിഗ്രഹാരാധനയെ നിരസിച്ചു, പഴയ നിയമം മാത്രം വേദവാക്യമെന്ന വിചാരിക്കയും ചെയ്യുന്നു. മശിഹായെ തള്ളികളഞ്ഞിട്ടുള്ള കാരണത്താൽ, അവൎക്ക തനിച്ചു രാജ്യം ഇല്ലാതെയും; ശിക്ഷെക്കായിട്ട, ലോകത്തിൽ എല്ലാടത്തും ചിതറപ്പെട്ടും ഇരിക്കുന്നു.

൩ മഹമ്മത മതക്കാരും ഒരു ദൈവത്തെ വന്ദിക്കയും, യെഹൂദന്മാർ മോശയെ വിചാരിച്ചുവന്നപ്രകാരം, മഹമ്മതിനെ ഒരു ദീൎഘദൎശിയായിട്ട വിചാരിച്ചുവരുന്നു. അവരുടെ നടപടികൾ, പ്രാൎത്ഥനയും ശുദ്ധീകരണവും ഉപവാസവും ധൎമ്മം കൊടുക്കുന്നതും പരദേശയാത്രയും ആകുന്നു. അറബിയിലും തുൎക്കിയിലും അപ്രീക്കായിലും ഇന്ത്യായിൽ ഏതാനും ഭാഗങ്ങളിലും, ഈ മതം അനുസരിച്ചിരിക്കുന്നു.

## ൨ാമത. പല ദേവവന്ദനക്കാർ.

—o—

൧. പുറജാതിക്കാരിൽ ഒന്നാമത്തെ ഭാഗം ബ്രാഹ്മണ മതം,

അവർ മുഖ്യസ്ഥനായ ദൈവമെന്നുവെച്ച, പരബ്രഹ്മത്തിൽ വിശ്വസിക്കുന്നു, ബ്രഹ്മാവും, വിഷ്ണുവും, ശിവനും അവന്റെ കീഴിൽ, മൂന്ന അധികാരികളും; ൩൩൩,000,000 താഴെയുള്ള ദേവന്മാരൊ പിശാചുക്കളൊ, ഇവർ ഒക്കെയും ദുൎന്നടപ്പിന്നും ദുൎമ്മോഹത്തിന്നും ദുഷ്ടതയ്ക്കും മാത്രം കീൎത്തിപ്പെട്ടിരിക്കുന്നു. ഇവർ ആത്മാക്കൾക്ക മറുജന്മം ഉണ്ടെന്നും, തമ്മിൽ തമ്മിൽ ചേരാത്ത ജാതിക്കാരായിട്ട വേർതിരിച്ചിരിക്കുന്നു എന്നും, വിശ്വസിക്കുന്നു. ഇവർ ഇന്ത്യായിൽ മാത്രം കണ്ടെത്തപ്പെടുന്നു.

൨. ബുദ്ധമതക്കാർ. ഇവർ ദൈവം പലപ്രാവശ്യം മനുഷ്യനായിട്ട അവതരിച്ചു എന്നും, ഇപ്പോൾ തിബെററിൽ പാൎക്കുന്ന ഒരു ആളിൽ വസിക്കുന്നു എന്നും വിചാരിക്കുന്നു. അവൻ മരിക്കുമ്പോൾ മറെറാരുത്തൻ അവന്ന പകരം സ്ഥാപിക്കപ്പെടുന്നു. ൟ മതക്കാർ ജാതിഭേദം വജ്ജിക്കുന്നില്ല, എങ്കിലും ആത്മാക്കൾക്ക മറുജന്മം ഉണ്ടെന്ന വിശ്വാസം ഉണ്ട. ചീനക്കാൎക്കും ബൎമ്മക്കാൎക്കും അവരുടെ അയൽക്കാൎക്കും ൟ വിശ്വാസം തന്നെ പ്രമാണം.

൩. പാൎശിക്കാർ. ആദിത്യൻ ദൈവമാകുന്നു എന്ന വിചാരിച്ചു, തീയെ വന്ദിക്കുന്നു, അവരുടെ മരിച്ചവരെ ആകാശത്തിലെ പക്ഷികൾക്ക കൊടുക്കയും ചെയ്യുന്നു. ഇവർ ചുരുക്കവും ബൊംബായിലും മററുചില സ്ഥലങ്ങളിലുമെ കാണ്മാനുള്ളു.

൪. അറിവില്ലാത്തവരും മൂഢന്മാരുമായ മററുചില കൂട്ടക്കാരുമുണ്ട. ഇവർ ദൈവങ്ങൾ ആകാശത്തിലും ഭൂമിയിലും വെള്ളത്തിലും മലകളിലും പാറകളിലും, ചില മൃഗങ്ങളിലും കൂടെ വസിച്ചിരിക്കുന്നു എന്ന വിചാരിച്ചിരിക്കുന്നു: അവർ പലപ്പോഴും നരബലി കഴിക്കുന്നു. അവരുടെ മൎയ്യാദകൾ കട്ടപ്പമുള്ളതും, പലപ്പോഴും അവരുടെ മുറകൾ മൃഗത്തിന്നെ പോലെയുള്ള സ്വഭാവങ്ങളെ കാണിക്കയും ചെയ്യുന്നു.

## രോമ്മാക്കാർ.

പാപ്പാ അവരുടെ മതത്തിന്റെ ജ്ഞാനദാതാവ എന്ന പറഞ്ഞവരുന്നു. പാരമ്പൎയ്യന്യായവും പരിശുദ്ധന്മാരോടും, മരിച്ചവൎക്ക വേണ്ടിയുള്ള പ്രാൎത്ഥനയും, കുദാശകൾ ഒരു ബലിയായിട്ട കഴിക്കയും, വിഗ്രഹങ്ങളെ വന്ദിക്കയും, പട്ടക്കാർ വിവാഹം ചെയ്യുന്നതിന വിരോധിക്കയും, ഏഴ കുദാശകൾ പ്രമാണിക്കയും, വസ്തുഭേദവും, ബസ്സുക്കാന്നായും, ഒടുക്കത്തെ ഉപ്പിശുമായും, പ്രായശ്ചിത്തവും, പ്രമാണിക്കയും; അയഥെനികൾക്ക വേദവാക്യം, തന്നെത്താൻ പൊരുൾ കാണിക്കാത്ത

ത എന്ന വെച്ചു, വിരോധിക്കയും; പ്രാൎത്ഥനകൾ അറിയാത്ത ഭാഷയിൽ കഴിക്കയും; ക്രിസ്തു ഭൂമിയിൽ വരുന്നതിന മുമ്പെ ഏതാനും പുസ്തകങ്ങൾ എഴുതപ്പെട്ടിരുന്നത, ക്രിസ്തുവിനാലും യെഹൂദന്മാരാലും ശുദ്ധമുള്ളതായി പ്രമാണിക്കാത്തത, ഇവർ വേദപുസ്തകത്തോട കൂട്ടിച്ചേൎക്കയും ചെയ്യുവരുന്നു: പ്രൊതിസ്താന്തകാർ റോമാസഭയെ ഉപേക്ഷിക്കുന്നതിന ഇടവരുത്തിയ്യു ഈ കാരണങ്ങൾ തന്നെ ആകുന്നു.

## പ്രൊതിസ്താന്തകാർ.

ഒന്നാമത്തെ ൩൱ വൎഷങ്ങൾ ക്രിസ്ത്യാനിസഭ കൈക്കൊണ്ടുവന്ന ഉപദേശത്തെ കൈക്കൊൾകയും; വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും സംഗതികൾക്ക വേണ്ടിയ്യുള്ള ഏക അധികാരം, വേദപുസ്തകം മാത്രം എന്ന പ്രമാണിക്കയും, ഓരോരുത്തൻ അവനവന്റെ സ്വന്ത ഭാഷയിൽ അതിനെ വായിക്കേണ്ടുന്നതാകുന്നു എന്ന ആഗ്രഹിക്കയും, ആയ്യു ഇപ്പോൾ ൨൰ ഭാഷയിൽ അധികമായി പൊരുൾ തിരിക്കയും; വേദപുസ്തകങ്ങളെയും പട്ടക്കാരെയും പുറജാതിക്കാരുടെ അടുക്കൽ അയക്കുന്നതിന വളരെ ചിലവിടുകയും, ചെയ്യുവരുന്നു. പ്രൊതിസ്താന്തകാരൻ എന്ന വാക്കിന്റെ അൎത്ഥം ലത്തീൻ ഭാഷയിൽ തെറ്റുകൾക്ക വിരോധം പറയുന്നവൻ എന്നാകുന്നു. ഇവർ റോമാക്കാരാലും യവനായക്കാരാലും പ്രമാണിച്ചു വരുന്ന മേൽപറഞ്ഞ സകല ഉപദേശങ്ങളേയും, അഭിലാഷങ്ങളേയും വേദവാക്യത്തിൽ കാണായ്കകൊണ്ട, ത്യജിച്ചുകളയുന്നു. ക്രിസ്തുവിന്റെ ആത്മസംബന്ധമുള്ള സഭയാൽ അടയാളപ്പെടുത്തിയിരിക്കുന്നപ്രകാരം, ക്രിസ്ത്യാനിക്ക ആവശ്യമുള്ള രണ്ട കൂദാശകൾ ഇവർ പ്രമാണിച്ചു വരുന്നു, വിശ്വാസത്താൽ മാത്രം ഉള്ളു നീതികരണവും, പരിശുദ്ധാത്മാവിനാൽ ഉള്ള ശുദ്ധീകരണവും, പ്രവൃത്തികൾ ഒരു സത്യവിശ്വാസിയുടെ ഫലങ്ങളും സാക്ഷികളും കാണിപ്പാൻ ആവശ്യമുള്ളതാകുന്നു, എങ്കിലും ക്രിസ്തുവിനാൽ മാത്രം വീണ്ടെടുപ്പ ഉള്ളു എന്നും, പ്രമാണിച്ചിരിക്കുന്നു. പ്രൊതിസ്താന്തകാർ റോമായിൽനിന്ന ൧൫൧൭ാമാണ്ട വേർപിരിഞ്ഞു, ലുത്തർ ജൎമനിയിലും, ക്രാന്മ്മെറ, റിഡ്ലിയും, മറ്റു ബിഷോപ്പന്മാരും, രാജാവും, പ്രഭുക്കന്മാരും കൂടി ഇംഗ്ലാണ്ടിലും, ജനങ്ങളെ വഴി കാണിച്ചു, പാപ്പായിൽനിന്ന പിരിഞ്ഞു, ഓരോരൊ സഭകൾ ഉണ്ടാക്കുകയും ചെയ്യു.

## യവനായക്കാർ,

എന്ന പറയുന്നവർ, പരിശുദ്ധാത്മാവ പുത്രനിൽനിന്ന പു

റപ്പെടുന്നില്ല എന്നും, ക്രിസ്തു പിതാവിനെക്കാൾ ഏററവും താണവൻ എന്നും, കൂദാശകൾ ഏഴ ഉണ്ടെന്നും പറയുന്നു. എഴുത്തുരൂപങ്ങളെയും മനുഷ്യരുടെ അസ്ഥികളെയും വന്ദിക്കുന്നതല്ലാതെ, വിഗ്രഹങ്ങളെ വന്ദിക്കുന്നില്ല. പരിശുദ്ധാത്മാവിനോടുള്ള പ്രാൎത്ഥനയും, പട്ടക്കാർ വിവാഹം കഴിക്കയും ഉണ്ട. എങ്കിലും കുമ്പസാരവും റോമ്മാക്കാരുടെ ചട്ടപ്രകാരം, ബെസ്സൂക്കാനായും ഇല്ല. മരിച്ചവൎക്ക വേണ്ടിയുള്ള പ്രാൎത്ഥനകൾ ഉണ്ട, പ്രസംഗവും വേദവാക്യങ്ങളെ വായിക്കയും ചട്ടമില്ല; അയെമനികൾ വായിക്കുന്നതിന വിരോധിക്കുന്നതുമില്ല. ഉപദേശത്തിലും അറിയായ്മയിലും ശുദ്ധമുള്ള വസ്തുക്കളെ ഉദാസീനമായി വിചാരിക്കുന്നതിലും, സുറിയാനിക്കാരോട ശരിയായിരിക്കും. ഇവർ പതിമ്മൂന്നാമാണ്ട പാപ്പായെയും റോമാസഭയെയും വേർപിരികയും മഹറോൻ ചൊല്ലുകയും ചെയ്തു.

## സുറിയാനിക്കാരും മററും.

യാക്കോബായക്കാരായ സുറിയാനിക്കാൎക്ക, ഒരു പാത്രിയൎക്കീസ ഉണ്ട. അയാൾ അന്ത്യോഹായിക്ക വടക്ക കിഴക്ക, മൎദീൻ പട്ടണത്തിന അരികെ ശുദ്ധമുള്ള അനനിയാസിന്റെ ആശ്രമത്തിൽ പാൎക്കുന്നു. ഇവൻ യാക്കോബായക്കാരുടെ തലവൻ ആകുന്നു. ഇവരെ ഇപ്രകാരം വിളിക്കപ്പെടുന്നത, ക്രിസ്തുവിന്ന പിമ്പ ൬൫൦ വൎഷത്തിനകം ജീവിച്ചിരുന്നവനായ യാക്കോബ അൽബൊാടി എന്ന ആളിൽനിന്ന ആയിരുന്നു, ഇവർ ലോകരക്ഷിതാവിന ഒരു സ്വഭാവം മാത്രമെയുള്ളൂ എന്ന, വിചാരിച്ച വരുന്നു: ആയ്ത രണ്ട സ്വഭാവം ഉണ്ടെന്ന വിശ്വസിക്കുന്നവരായ നെസ്തോറിയക്കാൎക്ക പ്രതിയായിട്ട ആയിരുന്നു. ഇവൎക്കും ഒരു പത്രിയൎക്കീസ ഉണ്ട, അയാൾ മൂസൽപട്ടണത്തിന അരികയും, ഇടവകക്കാർ അവിടത്തെ പൎവ്വതങ്ങളിലും പാൎക്കയും ചെയ്യുന്നു. യാക്കോബായക്കാരുടെ പാത്രിയൎക്കീസിന, അവന്റെ ഇടവകയിൽ പാതി ഭരിക്കുന്നതിന, ഒരു സഹായക്കാരൻ ഉണ്ട. അവൻ കിഴക്കെ ദിക്കുകളുടെ പ്രധാന മേല്പട്ടക്കാരൻ എന്നും, മാർ-അപ്രേം എന്നും വിളിക്കപ്പെടുന്നു. ഇയാൾ തൈഗ്രീസ നദിയുടെ കിഴക്കുവശത്തുള്ള പള്ളികൾ ഭരിക്കയും, മൂസല്ലിന അരികെയുള്ള ശുദ്ധമുള്ള മത്തായിയുടെ ആശ്രമത്തിൽ പാൎക്കയും ചെയ്യുന്നു. ൟ പാത്രിയൎക്കീസന്മാരെല്ലാവരെയും ഇഘലനേഷ്യയസിന്റെ നാമപ്രകാരം വിളിക്കപ്പെട്ടവരുന്നു. നെസ്തോറിയക്കാരുടെത, ഇലിയാസിൻപ്രകാരവും, നെസ്തോറിയക്കാരിൽനിന്ന വേൎതിരിഞ്ഞ റോമാക്കാരൊട ചേൎന്ന

വനായ മറെറാരു മാർ-അപ്രെം, മേൽപറഞ്ഞ രണ്ടു കൂട്ടക്കാരെപോലെയും, അന്തിയോക്കിയായുടെ പാത്രിയക്കീസ എന്ന, തന്നെത്താൻ വിളിച്ചുവരുന്നു. യാക്കോബായക്കാർ ഏകദേശം ൩൦,൦൦൦ കുഡുംബെങ്ങളായിട്ട മെസൊപൊത്തോമിയായിലും, സീറിയായിലും പാൎക്കുന്നു. തുൎക്കുകാർ ഈ ദേശത്തിൽ പ്രമാണികളും ജനങ്ങളെ അടിമക്കാരെപോലെ അധികം ഞെരുക്കം ചെയ്യുംവന്നിരുന്നു. ഈ തുലോം പഴമക്കാരായ ക്രിസ്ത്യാനികളുടെ ഇടയിൽ, ഏതാനുംപേർ ദൈവത്തിന്റെ മുമ്പാകെ അധിക ഭക്തിയും ദൈവകാൎയ്യങ്ങൾക്ക വൈരാഗ്യവും ഉള്ളവരായി കാണ്മാനുണ്ടെന്ന കേൾക്കപ്പെടുന്നു.

## ലോകത്തിലെ പ്രധാന രാജ്യങ്ങൾ.

ഇവയിൽ, പ്രജകൾ അധികമുള്ളതും ലോകത്തിലെ പാതി ദ്രവ്യമുള്ളതും, ഇംഗ്ലാണ്ടാകുന്നു. ദേശം അധികമുള്ളത റശ്ശ്യാക്കു ഇവയിൽ ഒന്നുപാതി ഓർതരിശായിട്ടും, പാറയും മണൽപ്രദേശമായ വിളയാഭൂമി ആകുന്നു. ജനങ്ങളിൽ ൩ൽ ൨ പങ്ക, ശേഷം പേക്ക അടിമ ആകുന്നു. അധികം പട്ടാളക്കാരുള്ളത പ്രാൻസ്രാജ്യം എങ്കിലും അവരുടെ തനത ജനങ്ങളെ നടത്തിപ്പാനെ തികയത്തുള്ളു. ൬൦ വൎഷത്തിനകം ഭരിച്ചുവന്ന രാജാക്കന്മാരെ ഇവർ അഞ്ചുതവണ കലശൽ ഉണ്ടാക്കി, പുറപ്പെടുവിച്ചിട്ടുണ്ട. ഇപ്പോൾ ഇംഗ്ലാണ്ടിനോട ഐക്യതപ്പെട്ടിരിക്കുന്നു. ഓസ്ത്രിയാദേശം വിശേഷപ്പെട്ടതും, ജനങ്ങൾ കൊള്ളാകുന്നവരും തന്നെ, എങ്കിലും രാജനീതി ഇല്ലായ്കയാൽ ജനങ്ങൾ കൂടക്കൂടെ കലശൽ ഉണ്ടാക്കിവരുന്നു. പ്രധാന രാജ്യങ്ങൾ ൩ൽ ചെറിയത പ്രശ്യാ ആകുന്നു.

ഈ അഞ്ചുദേശങ്ങളിലെ രാജാക്കന്മാരും, അവരുടെ മന്ത്രിമാരും കൂടി, തമ്മിലുള്ള വഴക്കുകളും വേർവിട്ടരാജ്യങ്ങളിലുള്ള തക്കങ്ങളും എല്ലാം പറഞ്ഞ ഒതുക്കം വരുത്തുന്നു. ഇവ കൂടാതെ കാൎയ്യമായിട്ടുള്ള രാജ്യം ഒന്നെയുള്ളു. അത വടക്കെ അമ്മറിക്കായിൽ, യുനൈറെറഡ സ്റ്റെയിററ എന്നാകുന്നു. ഇതിൽ ൨൦ ലക്ഷം ജനങ്ങൾ ഇംഗ്ലാണ്ടിൽനിന്നും ജൎമനിയിൽനിന്നും അവരുടെ സ്വദേശത്തിൽ, ദാരിദ്ര്യംകൊണ്ട പാൎപ്പാൻ വഹിയാഞ്ഞിട്ട, ചെന്ന പാൎത്ത, ഇപ്പോൾ ശ്രേഷ്ഠതയും ഐശ്വൎയ്യവും ഉള്ള ജനമായി തീൎന്നു. ഈ പ്രധാന രാജ്യങ്ങളിൽ ഇംഗ്ലാണ്ടിലും പ്രശ്യായിലും അമ്മെറിക്കായിലും ഉള്ളവർ പ്രൊതിസ്താന്ത മതം അനുസരിച്ചവരാകുന്നു. ഇവയിൽ റോമമതക്കാർ ഏതാനുമെയുള്ളു. പ്രാൻസുകാരും ഓസ്ത്രിയാക്കാരും റോമ്മാമതക്കാരാകുന്നു, അവയിൽ ഏതാനും പ്രൊതിസ്താന്തകാരും

ഉണ്ട. റുശ്യാക്കാർ യവനായക്കാരും, പ്രൊതിസ്താന്തകാരെ
പോലെ പാപ്പായോട മത്സരിച്ചുവരുന്നവരും ആകുന്നു, ഇ
തിന്റെ കാരണം, പാപ്പാ, പള്ളിയുടെ തലവനായിരിക്കുന്നു
എന്ന ചൊല്ലുന്നതകൊണ്ട. അവരുടെ പള്ളിയിൽ ഇവനെ
ശാപം ഇട്ടും വരുന്നു.

## ലോകത്തിലെ അധികാരികൾ.

എമ്പ്രദോർ എന്ന പറയുന്നത, ലത്തീൻഭാഷയിൽ വ
ലിയ യജമാനൻ എന്ന അൎത്ഥമാകുന്ന ഒരു സ്ഥാനപേർ ആ
കുന്നു. ൟ പേർ പുറജാതിക്കാരായ റോമ്മാക്കാർ അവരുടെ
സേനാപതിമാൎക്കും പിന്നത്തേതിൽ അവരുടെ രാജാക്കന്മാ
ൎക്കും കൊടുത്തു. ഇപ്പോഴും രാജാവ എന്ന വാക്കിന പകരം,
പ്രാൻസ്സ, ഓസ്ത്രിയാ, റുശ്യാ മറ്റും ചില ചെറിയ രാജ്യങ്ങളിൽ
ഭരിക്കുന്ന ആളുകൾക്ക ൟ പേർ ഇട്ടിരിക്കുന്നു. ഡൊമിങ്കൊ
എന്നുള്ള ദ്വീപിൽ ഒരു കാപ്പിരിക്കാരനും ൟ പേർ ധരിച്ചി
രിക്കുന്നു. മനുഷ്യൎക്ക വലിയ ഉപദ്രവിയും, തന്നെത്താൻ പ്രാ
പ്തിയുള്ളവനാക്കുന്നതിന ആഗ്രഹിച്ചവനും ആയ ഗ്രീഗറി
എന്ന പാപ്പാ, പ്രാൻസ്സരാജാവിന്റെ ദിവാന്ന ൟ പേർകൊ
ടുത്തു. അതിന്റെശേഷം ജൎമ്മനി മുതലായ രാജ്യങ്ങളുടെ
എമ്പ്രദോർ എന്ന വിളിക്കപ്പെട്ടു. റോമാക്കാർ എമ്പ്രദോരിനെ
യൂറോപ്പിലും എല്ലാ ക്രിസ്ത്യാനി രാജാക്കന്മാരിൽവച്ചും രാജ്യാ
ധികാരത്തിന്ന തലവൻ എന്ന വിചാരിച്ചു, എങ്കിലും മേൽ
പറഞ്ഞപ്രകാരം ചില രാജ്യങ്ങളിൽ, പ്രധാന അധികാരി,
രാജാവ എന്നും, ചിലടത്ത എമ്പ്രദോർ എന്നും ചിലടത്ത
പ്രസിടന്ത എന്നും വിളിക്കപ്പെടുന്നു, എല്ലാം അൎത്ഥം ഒന്നു
തന്നെ. പാപ്പായിക്ക തന്റെ സഭയിലുള്ള സകല പട്ടക്കാ
ൎക്കും ഏതുദേശത്തൊ രാജ്യത്തൊ റോമാമതസംബന്ധമുള്ള
കാൎയ്യാദികളെയും നടത്തിക്കുന്നതിന മാത്രം കല്പനകൊടുക്കു
ന്നതല്ലാതെ, മറെറാരു രാജാവിന്റെ മേലും അധികാരമില്ല.

കുമ്പിനിയാര പണ്ടെതന്നെ ഇംഗ്ലാണ്ടിലും ഇന്ത്യായി
ലും കൂടി കച്ചവടം ചെയ്തുവന്ന ഒരു സംഘകച്ചവടക്കാരായി
രുന്നു. അവർ മിടുക്കന്മാരും എല്ലാതരത്തിലുള്ള വിദ്യയും ധൈ
ൎയ്യവും ഉണ്ടെന്ന രാജാക്കന്മാർ കണ്ടപ്പോൾ, യുദ്ധത്തിൽ സ
ഹായിക്കുന്നതിന്ന അവരെ കൂടെ കൂട്ടി, കോട്ടകൾ പണിയി
ച്ച അവരുടെ വസ്തുക്കൾ സൂക്ഷിക്കുന്നതിന, അഞ്ചിംഗ, ത
ക്കച്ചേരി മുതലായു പോലെയുള്ള സ്ഥലങ്ങൾ, അവൎക്ക കൊടു
ത്തു. കാലക്രമത്തിൽ കുമ്പിനിയാരുടെ ദേശങ്ങളും അനുഭവ
ങ്ങളും വൎദ്ധിച്ചുതുടങ്ങി, അവരുടെ സ്വന്തമായി ചിലവിട്ട യു

ധങ്ങളും, അവരുടെ ഇഷ്ടപ്രകാരം രാജ്യങ്ങൾക്ക സഹായിക്കയും നശിപ്പിക്കയും ചെയ്കയുണ്ടായിരുന്നു. ഇംഗ്ലാണ്ടിലെ അപ്പോഴത്തെ രാജാവ സകലവും നന്നാക്കി നടത്തേണ്ടതിന ചില പട്ടാളക്കാരെയും ജഡ്ജിമാരെയും സത്യവേദം പഠിപ്പിക്കുന്നതിന പട്ടക്കാരെയും, പ്രധാന കോട്ടകളിലെ ചില ഗവൎണ്ണന്മാരെയും അയപ്പാൻ ന ശ്ചയിച്ചു. ഇംഗ്ലാണ്ടിൽ ഒരു ദിവാനെയും ഇന്ത്യാദേശവും, അതിന്റെ വസ്തുക്കളും നല്ലവണ്ണം ശീലിച്ചു അറിഞ്ഞിട്ടുള്ളതിൽ ൨൪ വിദ്വാന്മാരെയും, പ്രധാന ആധിപത്യം നടത്തിപ്പാനായിട്ട നിശ്ചയിച്ചു; ൟ വിദ്വാന്മാരെ ബൊൎഡ. ഡിറക്കറൊൎസ എന്നും, ദിവാനും അവന്റെ രായസക്കാരും ബൊൎഡ കൊന്ത്രൊൽ എന്നും, വിളിക്കപ്പെട്ടു. ആ രാജാവും അവന്റെ ശേഷമുണ്ടായ രാജാക്കന്മാരും രാജസ്ത്രീയും, ഇന്ത്യാദേശം മേൽപറഞ്ഞ രണ്ടു സമൂഹക്കാരെ ഏല്പിച്ചിരിക്കുന്നു. അവർ ഇന്ത്യാദേശം ഭരിച്ചു കരം പിരിവിന്റെയും പട്ടാളക്കാരുടെ വേലവിവരത്തിന്റെയും, മറ്റു, പ്രധാന കാൎയ്യങ്ങളുടെയും കണക്കുകൾ, ആണ്ടുതോറും പാൎല്യാമെന്തിൽ കേൾപ്പിക്കയും വേണം. കുമ്പിനിയാര എന്ന പറയുന്ന കൂട്ടക്കാര ഇവരാകുന്നു. ഇവർ ഹിമാലയം പൎവ്വതം മുതൽ, കന്യാകുമാരിവരെ, ൨൬൦ നാഴികയിൽ അധികം നീളവും പ്രൊം മുതൽ ഇണ്ടസ്സനദിവരെ ഏകദേശം അത്രയും വീതിയും ഉള്ള ദേശങ്ങൾ ഭരിക്കുന്നു. ഇവൎക്ക ൨൬൦,൦൦൦,൦൦൦. ജനങ്ങൾ അധികാരത്തിൻ കീഴിൽ ഉൾപ്പെട്ടിരിക്കുന്നു. വളരെ രാജാക്കന്മാര കപ്പം കൊടുക്കയും, വളരെ ജനങ്ങൾ സൌഖ്യത്തോടെ ഭരിക്കപ്പെടുകയും അവരുടെ വസ്തുക്കളും ആളുകളും, രക്ഷിച്ചുകൊണ്ടും വരുന്നു. നല്ല വഴികളും ചിറകളും അണക്കെട്ടുകളും പാലങ്ങളും തോടുകളും ഉണ്ടാക്കിട്ടുണ്ട. ഊഴിയവും അടിമയും ഇല്ല. ഓരോരുത്തന അവനവന്റെ വസ്തുവകയും ഭാൎയ്യയും മക്കളും അവന്റെ സ്വന്തമായിട്ട തന്നെ പറയാം. ഇവൎക്ക ൩൦,൦൦൦ വെള്ളക്കാര പടയാളികളും ൨൦൦,൦൦൦. ശിപായിമാരും അവരുടെ ശമ്പളക്കാരായിട്ട ഉള്ളപ്പോൾ, ഇന്ത്യായിലെ പൊറുതി ഇളക്കത്തിന്ന ഏത ശിക്കി, പറുക്കി, അല്ലെങ്കിൽ റുശ്യാൻ വരുമെന്ന വിചാരിക്കാമൊ? ഇനിയും എത്ര ആയിരം ഭടന്മാർ വേണ്ടിയിരുന്നാൽ, ഇംഗ്ലാണ്ടിൽനിന്ന അയക്കപ്പെടുകയും ചെയ്യും.

## ഇംഗ്ലാണ്ടിലെ രാജസ്ത്രീ.

റാണിമഹാരാജാ അവർകൾ, കാലംചെയ്തു രാജാവിന്റെ മരുമകൾ ആകുന്നു: അവിടത്തെ പിതാവ പുത്രന്മാരില്ലാത്ത

തന്റെ സഹോദരനായ രാജാവ മരിക്കുന്നതിന മുമ്പെ, മരി
ച്ചു. അവിടത്തെ ഭൎത്താവ, ജൎമ്മനിയിലെ ഒരു രാജാവിന്റെ
സഹോദരനാകുന്നു. അവരുടെ കാലം കഴിയുമ്പോൾ മൂത്തകു
മാരൻ രാജ്യം ഭരിക്കയും ചെയ്യും. അവിടത്തേക്ക എട്ട മക്കൾ
ഉണ്ട. മൂത്തത ഒരു കുമാരിയാകുന്നു. രാജ്യത്തിന്റെ തലയാ
യിരിക്കുന്ന രാജസ്ത്രീ, പട്ടാളങ്ങൾക്കും പടക്കപ്പലുകൾക്കും
കല്പന കൊടുക്കയും, ബിഷോപ്പന്മാരെയും ജസ്റ്റിമാരെയും നി
യമിച്ച ആക്കുകയും, ഗവൎണ്ണരന്മാരെ ഓരൊരൊ സ്ഥലത്തെ
ക്ക അയ്ക്കുയും, ഇവരെ ആരെയെങ്കിലും മാററുന്നതിന്ന അ
ധികാരവും ഉണ്ട. ചട്ടങ്ങൾ നിശ്ചയിപ്പാനും കരംകൂട്ടുവാനും
കുറപ്പാനും, ആരെയെങ്കിലും പാറാവിൽ വെപ്പാനും, പാൎ
ല്യാമെന്തിലെ സമ്മതംകൂടാതെ വഹിയാ. ഇവർ ദേശത്തെ
പ്രഭുക്കന്മാർ ഒരു സംഘമായിട്ടും വല്യ പട്ടണങ്ങളിലും രാജ്യ
ങ്ങളിലും നിന്ന രാജസ്ത്രീയുടെ അടുക്കൽ അയക്കപ്പെട്ട മ
റെറാരു സംഘക്കാരും, ഇവര രണ്ടുകൂട്ടം ആളുകളും കൂടെ, എ
ണ്ണത്തിൽ ൯൦൦പേരും ആകുന്നു. രാജസ്ത്രീയൊ പ്രഭുക്കന്മാ
രൊ ഒരു പുതിയ ചട്ടം നിശ്ചയിച്ചാൽ, അത ന്യായമാകുന്നു
എന്ന, പാതിയിൽ അധികംപെർ സമ്മതിച്ചതിന്റെ ശേ
ഷം, എല്ലാവരും അനുസരിക്കണം. രാജസ്ത്രീക്ക വല്യ രാജ
ധാനികളും കാവലുകളും ഉണ്ട, ചിലപ്പോൾ അവരും അവി
ടത്തെ ഭൎത്താവും മക്കളും, മററുള്ള ആളുകളെപൊലെ നടപ്പാ
ൻ പോകും, എങ്കിലും അവരെ കണ്ടറിയുമ്പോൾ, എല്ലാവരും
നിന്ന വണക്കം ചെയ്കയും, ആൎപ്പുവിളിക്കയും, അവർ കട
ന്നുപോകുന്നതുവരെ താമസിക്കയും ചെയ്യും. അവരും അവി
ടത്തെ ഭൎത്താവും തങ്ങൾ ചെയ്യുവരുന്ന നന്മക്കായിട്ടും പ്രജ
കളോട കാണിക്കുന്ന നല്ല ദൃഷ്ടാന്തങ്ങൾക്കായിട്ടും ഏററം പ്രി
യപ്പെട്ടും ഇരിക്കുന്നു. ഇംഗ്ലാണ്ടിൽ ഒരു രാജാവൊ രാജസ്ത്രീ
യൊ, കിരീടം ധരിക്കുമ്പോൾ, സകല പ്രഭുക്കന്മാരും ബി
ഷോപ്പന്മാരും, ലണ്ടനിൽ പ്രധാന പള്ളിയിൽ കൂടും: അവി
ടെ വച്ച തന്നെ ഏറിയ കാലങ്ങളായിട്ട രാജാക്കന്മാരെ നി
ശ്ചയിക്കപ്പെടുന്നു. ആൎച്ചബിഷോപ്പ എന്ന വിളിക്കപ്പെടു
ന്ന ഇംഗ്ലിഷ പള്ളിയിലെ പ്രധാന ബിഷോപ്പ, പുതിയതാ
യിട്ട നിശ്ചയിക്കുന്ന രാജാവിനെകൊണ്ട, പ്രൊതിസ്താന്ത
മതക്കാരനായി നടന്നുകൊള്ളാമെന്നും, ന്യായപ്രമാണത്തിൻ
പ്രകാരവും, ദൈവത്തിന്റെ സത്യത്തിൻപ്രകാരവും മാത്രം,
ഭരിച്ചുകൊള്ളാമെന്നും ആണ ഇടുവിക്കയും ചെയ്യുന്നു. പി
ന്നെ വലത്തെ കയ്യിൽ ഒരു ചെങ്കോലും വാളും കൊടുത്ത, നി
യമിക്കപ്പെട്ട ആളിന്റെതലയിൽ കിരീടവും വച്ച, അവര അ

അഗ്രഹിക്കുന്നു. അപ്പോൾ പ്രഭുക്കന്മാർ എല്ലാവരും അവരവരുടെ കിരീടങ്ങൾ ധരിച്ചു "ദൈവമെ രാജസ്ത്രീയെ രക്ഷക്കണമെന്നു" ആൎപ്പുവിളിക്കയും ചെയ്യുന്നു. പല കാൎയ്യങ്ങളെയും നടത്തിക്കുന്നതിന, ദിവാന്മാരെയും പ്രധാന ജഡ്ജികളെയും പട്ടാളവും പടക്കപ്പലുകൾ വിചാരക്കാരെയും, രാജസ്ത്രീ നിശ്ചയിച്ചു ആക്കിയിരിക്കുന്നു. അവർ ചെയ്യുന്നതിന്റെയും ചിലവഴിക്കുന്നതിന്റെയും കണക്കു, പാൎല്യാമെന്തിനെ ബോധിപ്പിക്കയും വെണം. ൟ മന്ത്രികളും, മററുള്ള ഏതാനും ആളുകളും, കൌൺസൽ എന്ന വിളിക്കപ്പെടുകയും, എല്ലാവൎക്കും ആപ്പീൽകോടും രാജസ്ത്രീ, മുഖ്യാധികാരസ്ഥലമായിട്ടു നിശ്ചയിച്ചിരിക്കുന്നു.

## പാപ്പാ.

ൟ വാക്കിന്റെ അൎത്ഥം ഗ്രെക്കഭാഷയിൽ പിതാവ എന്നും, പണ്ടെ എല്ലാ മേല്പട്ടക്കാൎക്കും വിളിച്ചുവരുന്നതും പ്രത്യേകം ഇപ്പോഴും റോമാക്കാത്തൊലിക്കാ പള്ളിയുടെ പ്രധാനിയായിരിക്കുന്ന റോമ്മായിലെ ബിഷോപ്പിന, വിളിക്കപ്പെട്ടതും ആകുന്നു. റോമ്മായിലെ രാജാക്കന്മാർ പണ്ടെ അറിയപ്പെട്ട ഭൂലോകം ഒക്കയും ഭരിച്ചുവരുമ്പോൾ, ക്രിസ്ത്യാനിക്കാരായിതീൎന്നതിന്റെ ശേഷം, മിശിഹാകാലം ൩൭ൽ അവരുടെ പ്രധാന നഗരികളുടെ വലിപ്പപ്രകാരം, റോമ്മായിലെ ബിഷോപ്പിനെ ഒന്നാമനും, കൊൻസ്ത്യാന്തിനൊപ്പിളിലെ രണ്ടാമനും, അലക്സന്ത്രിയായിലെതും അന്തിയോഹയിലേതും മൂന്നാമനും, നാലാമനുമായിട്ടു സ്ഥാനികളാക്കി വെവ്വെറെ അധികാരം കൊടുക്കയും ചെയ്തു. ഇങ്ങിനെ ഇവൎക്ക പാത്രിയൎക്കിസന്മാര എന്നും പേർവിളിച്ചു. റോമ്മാരാജ്യം പല രാജ്യങ്ങളായിട്ടു ചിന്നപ്പെട്ടതിന്റെശേഷം പ്രാൻസ്സരാജാവിന്റെ ദിവാന്ജി ആയ പെപ്പിൻ തന്റെ യജമാനനോടുള്ള മത്സരത്തിൽ റോമ്മായിലെ ബിഷോപ്പ അവന സഹായിക്കയാൽ, ചില ചെറിയ ദേശങ്ങൾ പാപ്പായിക്ക ഇനാമായിട്ടു കിട്ടി. പെപ്പിന്റെ മകൻ ൮൦൦ ആമതിൽ റോമ്മായും അതിനു ചുററുമുള്ള ദേശവും പാപ്പായിക്ക കൊടുത്തു, ജൎമ്മനിയുടെ എമ്പ്രദോർ എന്ന സ്ഥാനപ്പെർ വാങ്ങിക്കയും ചെയ്തു. ൧൦൭൩ൽ പാപ്പാ ആയിരുന്ന വലിയ ഗ്രീഗറി, റോമാമതത്തിൽ ചേൎന്ന രാജാക്കന്മാൎക്ക എല്ലാവൎക്കും, അയാൾ മാത്രം അധികാരവും സ്ഥാനവും കൊടുക്കാവു എന്ന തുടങ്ങിയാറെയും, ൟ അധികാരം പാപ്പായിക്ക ഉണ്ടെന്ന ഒരു ദേശക്കാരപൊലും സമ്മതിച്ചിട്ടും ഇല്ല. പാപ്പാമാൎക്ക മേൽപറഞ്ഞ തന്നതായിട്ടുള്ള ദേശ

ങ്ങൾക്ക ൨൭൦ നാഴിക നീളവും അതിൽ പാതി വീതിയും ൧,൭൩൦,൦൦൰ പ്രജകളും മാത്രമെയുള്ളു. ഇവയ്ക്കു അല്ലാതെ രാജ്യ അധികാരം പാപ്പായിക്ക ഇല്ല. മതം ഇടപെട്ട എല്ലാസംഗതികൾക്ക, റോമാക്കാൎക്ക മിക്കപ്പോഴും പാപ്പായുടെ കല്പന പ്രധാനംതന്നെ. കുറെ മുമ്പെ പാപ്പായും ജനങ്ങളും തമ്മിലുള്ള മത്സരത്തിൽ പ്രാൻസ്സ രാജാവ ജനങ്ങളെ അമൎച്ചവരുത്തി, ഇപ്പോഴും പാപ്പായെ രക്ഷിച്ചുവരികയും ചെയ്യുന്നു.

---

## രണ്ടാം അദ്ധ്യായം.

## ചില വിശേഷ ദേശങ്ങൾ.

ശീമ, ബ്രാത്തി, ഇംഗ്ലാണ്ട എന്ന ഇങ്ങിനെ പറയപ്പെട്ടിരിക്കുന്ന രാജ്യം: ഗ്രേത്ത ബ്രിത്തെൻ എന്ന ഒന്നായിട്ട വിളിക്കപ്പെട്ടിരിക്കുന്ന, രണ്ട വലിയതും അനവധി ചെറിയ ദ്വീപുകളും അടങ്ങിയിരിക്കുന്നു. എഴുത്തുകൾ ൩൦ ദിവസം കൊണ്ട കൊച്ചിയിൽ ആവിക്കപ്പലിൽ അവിടെനിന്ന വരുന്നുണ്ട. ഏതാനും വഴി കരെക്ക കൂടി എജിപ്ത ദേശത്തിൽ കൂടെ ഉള്ളതാകുന്നു. വഴി മുഴുവനും കടൽവഴി ആയി വരുന്ന ചരക്കുകളും വഴിയാത്രക്കാരും, കൊച്ചിയിലൊ ആലപ്പുഴയൊ എത്തുന്നതിന, മൂന്നും നാലും മാസം ചെല്ലും. ശീതകാലത്ത കുളിരു കാരണത്താൽ ഇംഗ്ലാണ്ടിൽ എല്ലാടത്തും കൂടെ കൂടെ വെള്ളം കണ്ണാടിപോലെ ഉറച്ച കാണും, ജനങ്ങൾക്ക അതിന്മേൽ കൂടെ നടക്കയും ചിലപ്പോൾ തീയ കത്തിച്ചിട്ടുമുണ്ട ശീതകാലം വൃശ്ചികമാസത്തിൽ തുടങ്ങിയാൽ നാലുമാസംവരെ നില്ക്കും. ദിക്ക മുഴുവനും കുറെദിവസത്തേക്ക ഹിമംകൊണ്ട മൂടിയിരിക്കും. ആയത വിശേഷമായി പൊടിക്കപ്പെട്ട വെളുത്ത ഉപ്പുപോലെ മേഘങ്ങളിൽനിന്ന മഞ്ഞായി വീഴുന്നു, ഇലകൾ ഒക്കെയും വൃക്ഷങ്ങളിൽനിന്ന പൊഴികയും നിലം കിളച്ച പൊടിപ്പാൻ വഹിയാത്തപ്രകാരം, അത്ര കട്ടപ്പമായി തീരുകയുംചെയ്യും. മീനമാസത്തിൽ കോതമ്പും യവവും മററും വളരെ ധാന്യങ്ങളും വിതയ്ക്കുന്നു: നെല്ല ഇംഗ്ലാണ്ടിൽ ഉണ്ടാകയില്ല, ചക്കയ്ക്കും മാങ്ങായിക്കും പകരം അവക്ക പഴങ്ങളും പയറുകളും മുന്തിരിപഴങ്ങളും, മററും പല വിശേഷപ്പെട്ട ഫലങ്ങളും ഉണ്ട. തളിക്കുന്ന സമയത്തും, ഉഷ്ണസമയത്തും, ദിക്ക വിശേഷം തന്നെ; ആദിത്യന്റെ ചൂട ഒരം ദിക്കിൽ ഏറയില്ല, കാലത്ത ഏഴുമണിസമയത്ത ഇവിടെ ഉള്ളതിനെക്കാൾ, അ

വിടെ ഉച്ചയ്ക്ക, ചൂട ഒട്ടും അധികം ഇല്ല. വിശേഷപ്പെട്ട ദേശവും നല്ല ആഹാരവും, സകലവിധ വിദ്യ്യയും ദൈവഭയവും, ഇംഗ്ലാണ്ടിൽ ഉണ്ടു; അവിടെയുള്ള ജനങ്ങൾക്ക വളരെ വൎദ്ധനയും ധൈൎയ്യവും ഉണ്ടാകുന്ന കാരണം, ഇത നിമിത്തം തന്നെ ആകുന്നു.

ഇംഗ്ലാണ്ടിലെ കണക്കുകൾ ചിലത ഇവിടെ പറയുന്നു ണ്ടു, മററ ചിലത വെറെ സ്ഥലങ്ങളിൽ കാണപ്പെടും. രാജസ്ത്രീ ഇപ്പോൾ രാജ്യം ഭരിക്കുന്നതാകുന്നു, ബിഷോപ്പന്മാരും ൧൨൦ പ്രഭുക്കന്മാരും എഴ സംവത്സരത്തെക്ക ജനങ്ങളാൽ തന്നെ തിരഞ്ഞെടുക്കപ്പെട്ട ൬൩൮ ആളുകളും കൂടി ന്യായങ്ങൾ ഉണ്ടാക്കുന്നുണ്ടു. ൧൮൩൧ാമാണ്ടിൽ ഇംഗ്ലാണ്ടിലെ ജനങ്ങൾ ൨൧,൧൨൧,൯൬൭, ഐൎലാന്തിൽ ൬,൩൭൫.൧൭൮ അമെരിക്കകളിൽ പാൎത്തുവരുന്ന വെള്ളക്കാർ, ൫൯,000,000 ആകെ വെള്ളക്കാര ൫൧,൬൭൩,൧൪൩ ഉണ്ടായിരുന്നു. ഇന്ത്യായിൽ ൧൮0,000,000 അഫ്രിക്കായിലും ആസ്ത്രീയായിലും അമ്മെറിക്കായിലും കൂടെ പാൎക്കുന്ന കാഫ്രിക്കാർ, ൫,൫00,000 പെര ഉണ്ടു. ഗ്രെത്തബ്രിത്തെനിലെ പണ്ടാരമുതലെടുപ്പ ഒരാണ്ടത്തെ തുക ൭൪ മുതൽ ൮0.000.000 പൌണ്ടു ഉണ്ടു; ഇന്ത്യായിലെ മുതലെടുപ്പ ൫൩,000,000 പൌണ്ടു ഉണ്ടു. പല ദ്വീപുകളിൽനിന്നും കൊലൊനി എന്ന പറയപ്പെടുന്ന പുറഅധികാരികളിൽനിന്നും ഏകദേശം ൯,000,000ൽ അധികം വരവുണ്ടു. ഇംഗ്ലാണ്ടിലെ പട്ടാളം ഇപ്പോഴത്തെ യുദ്ധത്തിൽ ൨൩0,000 പതിവശമ്പളക്കാരും ൧൮ 0000 മിലിഷ്യ്യയും വെള്ളക്കാരായിട്ട ഉണ്ടായിരിക്കും. ഇന്ത്യായിൽ കുമ്പിനിയാരുടെ തനത ശമ്പളക്കാരായിട്ട പാൎപ്പിച്ചിരിക്കുന്ന ൫൭൩,000 പതിവശിപായിമാരും, ൨൮,000 ഇരെഗുലെർ ശിപായിമാരും ഉണ്ടു. കുമ്പിനിയാരുടെ വകയ്ക്കായിട്ട അന്യരാജാക്കന്മാരാൽ പാൎപ്പിച്ചിരിക്കുന്ന ശിപായിമാർ മേല്പറഞ്ഞ തുകയിൽ പാതിയും ഉണ്ടു. ഇന്ത്യാദേശത്തിൽ തന്നെ ഏകദേശം എല്ലാം കൂടെ തുക, ൩൩0,000 പടയാളികൾ ഉണ്ടു. ൧൮൩൬ാമാണ്ടു ൭൬൬ പടക്കപ്പൽ ഉണ്ടായിരുന്നതിൽ മിക്കതും ആവിക്കപ്പലും, അതിൽ ൮൩,000 കപ്പല്ക്കാരും ഉണ്ടായി കാണും. ഇംഗ്ലാണ്ടിലെ കച്ചവടക്കപ്പൽ എല്ലാതരത്തിൽ ൫൧.000ൽ ചില്വാനം ഉണ്ടു, അതിൽ ൨൪0,000 കപ്പല്ക്കാരും ഉണ്ടു. മററ മതം എടപെട്ട വരവുകൾ അനേകം ഉണ്ടായിരുന്നാലും, ഇംഗ്ലാണ്ടിലെ പള്ളിവരവ തന്നെ, ഒരാണ്ടിൽ ൪ ലക്ഷം പൌണ്ടിൽ അല്പമെ കുറയത്തുള്ളു, വേദപുസ്തകം മററും, മതം എടപെട്ട സംഗതികളെ നടത്തിപ്പാനാ

യിട്ട, ആണ്ട ഒന്നു ൯൦൦,൦൦൦ പൌണ്ടും വരവുണ്ട; ഇതുകൂടാതെ ൩,൦൦൦,൦൦൦ പൌണ്ട ദീനക്കാൎക്കും പാവപ്പെട്ടവൎക്കും തക്കസ്ഥലങ്ങളും, ദീനപുരകളും, പണിയിപ്പിച്ച ചിലവിട്ടുവരികയും ചെയ്യുന്നു. കഴിഞ്ഞ ആണ്ടിൽ പഞ്ഞിനൂലുകൊണ്ട ഉണ്ടാക്കപ്പെട്ട ചരക്കിന്റെ വില ൩൫,൦൦൦,൦൦൦ പൌണ്ട; കമ്പിളിസാമാനങ്ങൾ ൨൨,൦൦൦,൦൦൦വും; പട്ടുശീലകൾക്ക ൫൦,൦൦൦,൦൦൦വും, റേന്തയും കാൽമേശവകകൾക്കും ൩,൫൦൦,൦൦൦വും; കണ്ണാടി വസ്സി പിഞ്ഞാണം വകക്ക ൪,൩൦൦,൦൦൦വും ഉരുക്കും ഇരിമ്പും കൊണ്ടുള്ള കോപ്പുകൾക്ക ൫൭,൦൦൦,൦൦൦ പൌണ്ടും; മനുഷ്യജാതിക്ക തിന്മാൻ ഉണ്ടാക്കപ്പെട്ട ധാന്യങ്ങൾക്ക ൭൨,൦൦൦,൦൦൦ പൌണ്ടും മൃഗജാതികൾക്ക ഉണ്ടാക്കപ്പെട്ട തീററി ൫൯,൦൦൦,൦൦൦ പൌണ്ടും ആയിരുന്നു. ഇതിനാൽ ഇംഗ്ലാണ്ടിലെ ദ്രവ്യസമൃദ്ധി ഇന്നത എന്നു അല്പമായിട്ട വിചാരിപ്പാൻ ഇടയുണ്ട; സൎക്കാരകണക്കിൽ പതിഞ്ഞിരിക്കുന്ന നാട്ടുവഴിയുടെ നീളം കൂട്ടിയാൽ, ൫൨൨,൩൨൪ മയിലിന അധികം കാണും, തോണികൾ പതിവായിട്ട നടക്കത്തക്കവണ്ണമുള്ള തോടുകൾ ൪,൫൦൦മയിൽ നീളംവരെ ഉണ്ട. ഇരിമ്പപാദവഴികളെ, ഇപ്പോൾ തീൎക്കുന്നതുകൂടാതെ, ൩,൯൫൭മയിൽ നീളമായിട്ട തീൎന്നിരിക്കുന്നു.

## ലങ്ക.

ഇപ്പോൾ സേലോൻ എന്നു വിളിക്കപ്പെടുന്നു.

പാണ്ടിയുടെ കടപ്പുറത്തിൽനിന്നു കുറെ നീങ്ങി, കന്യാകുമാരിയുടെ കിഴക്കുവശത്തുള്ള സമുദ്രത്തിലെ ഒരു ദ്വീപാകുന്നു ഇതിന്റെ തെക്കുവടക്കുള്ള നീളം ൨൭൦ നാഴികയും, വീതി ഏകദേശം ൫൪൫൦ആകുന്നു. പ്രജകൾ ൫,൨൪൨,൦൦൦ഉണ്ട, ഇവിടത്തെ അധികാരം കുമ്പിനിയാരെ ഏല്പിക്കാതെ, ഇംഗ്ലാണ്ടിലെ രാജസ്ത്രീയുടെ തനതാകുന്നു. തെക്കെഭാഗത്തെ പ്രധാന കോട്ടകളും തുറമുഖങ്ങളും കൊളമ്പും‌ഗാലും ആകുന്നു. വടക്കെ അററത്ത യാപ്പാണവും ത്രിംങ്കമാലിയും ഉണ്ട. ദ്വീപിന്റെ നടുവിലുള്ള മലംപ്രദേശങ്ങളിൽ കാൻണ്ടി എന്നു വിളിക്കപ്പെടുന്നത പ്രധാന പട്ടണം ആകുന്നു. തിരുനവേലി ജില്ല യിലുള്ള രാമേശ്വരത്തുനിന്നു, ലങ്കയുടെ കരവരെ ചില പാറക്കെട്ടുകൾ ഉണ്ടായിട്ട, കപ്പലുകൾ ഓട്ടുവാൻ പ്രയാസമാകകൊണ്ട ഇപ്പോൾ വെടിമരുന്നുകൊണ്ട, ഇഞ്ചിനിയർ സായ്പുന്മാർ പൊട്ടിച്ച ചാലുകൾ ഉണ്ടാക്കുന്നുണ്ട. ഈ പാറകൾ ശ്രീരാമൻ രാവണനോട യുദ്ധംചെയ്വാൻ പോയപ്പോൾ, കെട്ടിയ ചിറ ആകുന്നു എന്നു ശാസ്ത്രക്കാർ പറയുന്നു. ആദം, ഏ

ദൻ തോട്ടത്തിൽനിന്ന ദൈവകൊപത്താൽ ഓടിക്കപ്പെട്ട പ്പോൾ തീൎപ്പിച്ചതെന്ന മഹമ്മദ്ദുകാരും പറയുന്നു. എങ്കിലും ൟ രണ്ടുകഥയും ഭോഷ്കതന്നെ; അതെന്തന്നാൽ ൟ പാറ ക്കെട്ടുകൾ ലങ്കയും പാണ്ടിയും സ്ഥാപിച്ചിരിക്കുന്ന ആദ്യം മു തലുള്ള ഒററ പാറ തന്നെ ആകുന്നു. ലങ്കയിലെ ദിക്ക വി ശേഷങ്ങളും കാലക്രമങ്ങളും മിക്കതും മലയാളംപൊലെ ത ന്നെ. ഇതിന്റെ വടക്കെ ദിക്കിലുള്ള നാട്ടുകാർ തമിഴ ഭാഷ പറയുന്നവരും, ശൂദ്രരും ആകുന്നു. തെക്കുള്ളവർ ചിങ്കിളി സം സാരിക്കയും, ഏതാനുംപേർ ബുദ്ധമുനിയെ സേവിക്കുന്നവ രും, തുലുക്കരും ആകുന്നു. എങ്കിലും ൟ ദ്വീപിലെ പാതിയിൽ അധികം ആളുകൾ, ക്രിസ്ത്യാനിക്കാർ അത്രെ ആകുന്നത. ഇം ഗ്ലാണ്ടിൽനിന്ന വളരെ കൃഷിക്കാർ വന്ന ഇതിൽ കാപ്പി, ക വ്വാ, തെങ്ങ മുതലായ തോപ്പുകൾ ഉണ്ടാക്കിയ കാരണത്താൽ തിരുനവേലിൽനിന്നും തിരുവിതാംകോട്ട നിന്നും ൫൨,൦൦൦ത്തി ൽ അധികം കൂലിക്കാർ, ആണ്ടുതോറും അവിടെ പോയി, കാ ഫലങ്ങൾ പറിച്ച കൊടുക്കുകയും വളരെ കൂലി വാങ്ങിക്കുക യും ചെയ്യുന്നു. കടുവാ നീക്കി മലയാളത്തിലെ കാട്ടുമൃഗങ്ങൾ ഒക്കെയും ലങ്കയിൽ ഉണ്ട. ചില ആണ്ടിൽ കടലിൽനിന്ന ശംഖും, മുത്തുകളും എന്നുള്ള കക്കാ, വാരുവാനായിട്ട വളരെ ആളുകൾ കൂടീട്ടും, അനവധി ദ്രവ്യം എടുപ്പാറുണ്ട. ഇതിനാ ൽ സൎക്കാർവകെയ്ക്കുള്ള വീതം, ൫൫,൦൦൦പൌണ്ടിൽ അധികം ആയിട്ടുമുണ്ട. രാമായണം എന്നുള്ളത ലങ്കയിലെ പണ്ടത്തെ ആളുകളുടെയും, പാണ്ടിയിൽനിന്ന ചെന്ന ഇവരെ ജയിച്ച രാജാക്കന്മാരുടെയും കഥ; കവിതമുറയായിട്ട ഉണ്ടാക്കി എ ഴുതിയിരിക്കുന്നതാകുന്നു. പോൎത്തുഗീകാർ ലങ്കയിൽ വന്ന, ൧൫൦൫ മാണ്ട, ചില സ്ഥലങ്ങൾ ഉണ്ടാക്കി; ലന്തകാർ ഇവ രെ കളഞ്ഞ ൧൭൦൦ാം ആണ്ടവരെ, കാൎയ്യങ്ങൾ നടത്തിക്കയും ചെയ്തു. ഇവരെ ഇംഗ്ലീഷുകാർ ജയിച്ച, അന്നുമുതൽ മേൽ പറഞ്ഞപ്രകാരം നടത്തിക്കയും ചെയ്തുവരുന്നു.

## കാശി, ഇപ്പോൾ ബെനാരേസ.

ഇത ഇന്ത്യായുടെ തലസ്ഥാനമായ കല്ക്കത്തായിൽനിന്ന ൪൦൦ നാഴികവഴി അകലത്തിൽ ഗംഗാനദിയുടെ വടക്കപടി ഞ്ഞാറ, തീരത്ത ബെങ്കോൾ എന്ന സമസ്ഥാനത്തുള്ളതിൽ ഒരു പട്ടണമാകുന്നു. അതിൽ ൨൭,൦൦൦ ഓടുകൊണ്ട മേഞ്ഞി ട്ടുള്ള പുരകളും, ൬൩൦,൦൦൦ കുടിയാനവന്മാരും ഉണ്ട; ഇത അ ധിക ദ്രവ്യമുള്ള പട്ടണവും, ബ്രാഹ്മണർ തങ്ങളുടെ മഹാ പു ണ്യമായ സ്ഥലമെന്നും വിചാരിച്ചുവരുന്നു. അവിടെ എല്ലാ

ദിക്കുകളിൽ നിന്നും, പരദേശക്കാര വരുന്നതിനാൽ, ഏകദേശം ലക്ഷം ജനങ്ങളുള്ളതിൽ, ൮,൦൦൦ ബ്രാഹ്മണൎക്ക ചിലവ കഴിഞ്ഞുപോകുന്നുണ്ട. അതിന്റെ പണികളും ആററിലോട്ടുള്ള നടകളും വിശേഷം തന്നെ. എന്നാൽ ഇത എല്ലാററിനെക്കാൾ വിശേഷതപ്പെട്ടിരിക്കുന്ന ഒരു പണി, ഒരു മഹമ്മദ പള്ളി ആകുന്നു. ആയത, പ്രധാന അമ്പലം പൊളിച്ചു കല്ലുകൾ കൊണ്ട, ൟ പട്ടണം പിടിച്ചു അറങ്ങസെബ എന്ന രാജാവിനാൽ പണിയിക്കപ്പെട്ടതും, അതിന്റെ ഗോപുരം പൊന്ന പൂശപ്പെട്ടതും, അതിന്റെ മാളികകൾ പട്ടണത്തിലെ എല്ലാ പണികളെക്കാളും ഉയൎന്നതുമാകുന്നു. ൟ പട്ടണത്തിലെ കുടിയാനവന്മാരിൽ പത്തിലൊന്ന മഹമ്മദകാരും, ഇവർ ഇംഗ്ലീഷുകാർ വരുന്നതിനമുമ്പെ, ബ്രാഹ്മണരുടെ പ്രധാനസ്ഥലങ്ങളിൽ ഒക്കെയും പള്ളികൾ പണിത, പല വിരോധങ്ങളെയും വരുത്തുമാറായിരുന്നു. ൟ പട്ടണത്തിൽ വില ഏറിയ കല്ലുകളും, നേരിയ തുണികളും സാൽവായും, പട്ടും അധികം വില്ക്കപ്പെടുന്നുണ്ട. അതിൽ ൩൦൦ ആളുകൾവരെ പഠിച്ചുവരുന്നതായി, കീൎത്തിപ്പെട്ട ഒരു സംസ്കൃത സിമ്മനാരിയുണ്ട. അത കൂടാതെ കുമ്പിനിയാരാൽ ഒരു സിമ്മനാരിയും, ക്രിസ്ത്യാനിമാൎഗ്ഗം അനുസരിച്ചു ഒരു ബ്രാഹ്മണൻ, വേറൊരു സിമ്മനാരിയും പണിയിച്ചിട്ടുണ്ട. ഇത രണ്ടിലും കൂടെ ൨൫൦ ജനങ്ങൾ പഠിച്ചുവരുന്നു. കാശിയും അതിന ചുററുമുള്ള ദേശവും, ഭൂമിയോടുകൂടെ സംബന്ധിച്ചിട്ടില്ലെന്നും, അത ശിവന്റെ ത്രിശൂലത്തിൽ നിൎത്തപ്പെട്ടിരിക്കുന്നു എന്നും ശാസ്ത്രക്കാരാൽ പറഞ്ഞു വരുന്നു. എന്നാലും ൧൦൧൭ാമാണ്ടിൽ, മഹമ്മദകാർ അതിനെ പിടിച്ചു, അതിൽ ഉണ്ടായിരുന്ന അമ്പലങ്ങളെയും ഇടിച്ചുതകൎത്ത വളരെ ആയിരം ബ്രാഹ്മണരെയും കൊന്നുകളഞ്ഞു. ൧൭൭൫ൽ, ഇംഗ്ലീഷുകാർ അതിനെ പിടിച്ചു, അതിലെ രാജാവിന അടുത്തൂണ കൊടുത്തുവരുന്നു. എന്നാൽ അവന്ന അധികാരം ഇല്ല.

## തിരുവിതാംകോട രാജ്യം.

ൟ രാജ്യം ഇന്ത്യായിലെ തെക്ക പടിഞ്ഞാറെ അററവും, അതിന്റെ അതിരുകൾ വടക്ക കൊച്ചീസംസ്ഥാനവും, പടിഞ്ഞാറും തെക്കും സമുദ്രവും, കിഴക്ക മധുരയും തിരുനവേലിയോട ചേൎന്ന മലകളും ആകുന്നു. വടക്ക പൈക്കാറ കോട്ടമുതൽ, കന്യാകുമാരിവരെ, ൧൭൪ നാഴികവഴി നീളവും, വടക്കെ അററത്ത കൊച്ചിയോട ചേൎന്ന ഏതാനും സ്ഥലങ്ങൾ കൂടി, ൭൫ നാഴിക വീതിയും; എടഭാഗം ൪൦ നാഴിക വീതിയും ഉള്ള

താകുന്നു. ൟ ദേശത്തിലെ പുഞ്ചക്കണ്ടങ്ങൾ, ഏകദേശം ൭൫൦ ചതുരനാഴികയും, മേച്ചിൽസ്ഥലങ്ങൾ ൨൦൦൦ ചതുരനാഴികയും, തോട നദികൾ മുതലായ്തു ൨൩൦ ചതുര നാഴികയും കുരുമുളകും തെങ്ങും പന മുതലായ തോട്ടങ്ങളും കൂടെ ൨൮൭൦ ചതുരനാഴികയും, ശേഷം ഒക്കെയും കാടും കാനനവും, ആയി തീൎന്നിരിക്കുന്നു. കരപ്പുറത്തുനിന്ന ൨൫നാഴിക അകലം ഉള്ള ദിക്കിൽ, മനുഷ്യർ ചുരുങ്ങിയും, മൃഗജാതികൾ അധികമായിട്ടും കാണുന്നതാകുന്നു: എങ്കിലും വലിയ കാനനങ്ങളിൽ കൂടെ ചില കിണറുകളും, പുരയുടെ അടിസ്ഥാനങ്ങളും കാണ്മാനുണ്ടു. ഇപ്പോഴത്തെ തിരുവിതാംകോട സംസ്ഥാനം, പണ്ടു കേരളദേശത്തിലെ, ഒര അംശം ആയിരുന്നു. ഇതിലെ ഭൂമി ഒക്കെയും നമ്പൂതിരിമാൎക്ക പകുതിചെയ്യപ്പെട്ടു .ഏതാനും സ്ഥലങ്ങളിലും വാരം ഇപ്പോഴും അവൎക്ക കൊടുക്കപ്പെടുന്നു. കേരളരാജ്യത്തിലെ ഒടുക്കത്തെ രാജാവ ചേരമാൻപെരുമാൾ, തന്റെ ദേശത്തിലെ അധികാരം, തന്റെ മക്കൾക്ക പകുതി ചെയ്യാറയും, നമ്പൂതിരിമാർ ഇവരുടെ ഗുരുക്കന്മാരായ ന്യായകൎത്താക്കന്മാരായിട്ട, നടന്നുവന്നു എന്നും; രാജാക്കന്മാരെ പടയുടെ നാഥന്മാരായിട്ട മാത്രമെ വിചാരിച്ചുള്ളു എന്നും, തോന്നുവാൻ എട ഉണ്ടു. ചേരമാൻപെരുമാളിന മുമ്പെ ഉണ്ടായിരുന്ന ൨൪ രാജാക്കന്മാരുടെ കഥ കേരളോല്പത്തിയിൽ അടങ്ങിയിരിക്കുന്നു. നസ്രാണിമാപ്പിളമാരുടെ തലവനായിരിക്കുന്ന കിനായി തോമ്മാ, ക്രിസ്തുകാലം ൫൨ാമാണ്ടു, കപ്പൽവഴിയായി വന്ന, കൊടുങ്ങല്ലൂര ഇറങ്ങിയപ്പോൾ,ചേരമാൻപെരുമാള കേരളദേശത്തിൽ രാജ്യഭാരം ചെയ്തുവരുന്ന പ്രകാരം കെൾവിപ്പെട്ടിരിക്കുന്നു. തിരുവനന്തപുരത്തിനരികെ തിരുവിതാംകോട എന്ന പറയുന്ന ദേശത്ത, പാൎത്തുവന്ന മൂപ്പുത രാജാക്കന്മാരുടെ എണ്ണം നമുക്ക കിട്ടിയിരിക്കുന്നു; ഇവരെ കുറിച്ചുവിവരമായിട്ട ഏറെ ഇല്ലാ, എങ്കിലും ൨ൎാമത്തെ തമ്പുരാനായ രെവിവൎമ്മരാജാവ, നഞ്ചനാട്ട കാൎയ്യാദികൾ നടത്തിച്ചു വന്ന ഒരു കൊറവൻ പ്രഭുവിനെ, ക്രിസ്തുകാലം ൨൩൦ൎാമാണ്ടു, ജയിച്ചു, അവന്റെ ദേശം കീഴടക്കുകയും ചെയ്തു. ൨൭൮വാമാണ്ടു, വഞ്ചിമാൎത്താണ്ഡ രാജാവ, കായംകുളവും അതിന്റെ ചുറ്റുംഉള്ള ദേശവും, കീഴടക്കുകയും, പിന്നത്തെ വഞ്ചിബാല രാജാവ, ലെന്നൊയി എന്ന ലെന്തക്കാരൻ, ഏതാനും പട്ടാളക്കാരെ കബാത്ത പടിപ്പിച്ചു കാരണത്താൽ, തെക്കുംകൂറ, വടക്കുംകൂറ, രാജാക്കന്മാരെയും, അമ്പലപ്പുഴഗ്രാമത്തിലെ നമ്പൂതിരിമാരെയും കൂടാതെ പെരുമ്പടപ്പിൽ തമ്പുരാന്റെ തെക്കെദേശം, ഒക്കെയും പിടിക്കയും ചെയ്തു. ൟ

രാജാവിന്റെ കല്പനപ്രകാരം തിരുവിതാംകോട്ട അതൃത്തിയിൽ ഉള്ള മൺകോട്ടകളും മററും പണിയപ്പെട്ടിരുന്നു. ൧൭൮൯ാമാണ്ട തിരുവിതാംകോട്ട തമ്പുരാൻ, ൟ പടകൾ ഉണ്ടാക്കുമ്പോൾ, കൊച്ചീതമ്പുരാന്റെ തലവനായ ടിപ്പുസുൽത്താൻ കൊടുങ്ങല്ലൂര മൺകോട്ടകൾ പിടിച്ചു, വടക്കംപറവൂര വരെ, കരേറിവശികയും ചെയ്തു. ൟ ഉപദ്രവി, അനേകം പള്ളികളും അമ്പലങ്ങളും ചുട്ടു, ജനങ്ങളെ ബലാല്ക്കാരമായിട്ട മാൎഗ്ഗം കൂട്ടുകയും, ഏറിയ ആളുകളെ അടിമയിലേക്ക കൊണ്ടുപോയി. തിരുവിതാംകോട്ടിലെ രാജാവ മതിരാശ ഗെവൎണ്ണരോട സഹായത്തിന്ന ആളു അയച്ചാറെ, ഇംഗ്ലീഷകാർ ഇതും, മററും ആവലാധികൾ ഉണ്ടായ കാരണത്താൽ, സഹായം ചെയ്വാൻ വേണ്ടി, ഒരു സൈന്യത്തെ അയച്ചു, ടിപ്പുവിനോട യുദ്ധംചെയ്തു, അവന്റെ രാജ്യത്തിൽ ഒന്നുപാതി കുമ്പിനിയാര അടക്കിക്കൊള്ളുകയും തിരുവിതാംകോട്ടനിന്ന ടിപ്പു കരേറിയതായുള്ള സൎവ്വസ്വവും തിരിയെ കൊടുപ്പിക്കയും ചെയ്തു. ൧൭൯൫ാമാണ്ട രാജാവും കുമ്പിനിയാരും തമ്മിൽ ചില ഉടമ്പടികൾ ചെയ്തതിൽ, മൂന്ന കുമ്പിനിപട്ടാളത്തിന വേണ്ടി ചിലവ ആണ്ടുതോറും കപ്പമായിട്ട കൊടുത്തുകൊള്ളാമെന്ന രാജാവ സമ്മതിച്ചു. ൧൮൦൫ാമാണ്ടിൽ തിരുവിതാംകോട്ട രാജാവും കുമ്പിനിയാരും തമ്മിൽ രണ്ടാമതും ചില ഉടമ്പടികൾ ചെയ്തു, അതിനാൽ രാജ്യം നന്നാകത്തക്കതിന്മണ്ണവും, രാജാവിന്റെ അധികാരങ്ങൾ പ്രബലപ്പെടുന്നതിന്നവെണ്ടിയും, ദിവാൻജി, ദളവ, മററ ഏതാനുംപേരുടെ തന്നിഷ്ടങ്ങൾ നടക്കാതെ ഇരിപ്പാനും ആയി, ൟ കുമ്പിനിപട്ടാളം കൊല്ലത്ത പാൎപ്പിക്കപ്പെട്ടു ൧൮൦൮ാമാണ്ട ദിവാൻജിക്ക ബോധിച്ചപ്രകാരത്തിൽ, കാൎയ്യാദികൾ നടത്തിപ്പാൻ വഹിയാ എന്ന കണ്ട, കൊച്ചീദിവാനിജിയോട ഒത്തുംകൊണ്ട, മൂന്നുനാലപ്രാവശ്യം, കൊല്ലത്തുള്ള പട്ടാളങ്ങളെ ഉപദ്രവിപ്പാൻ ആളയച്ചാറെ തോററ മടങ്ങിപോകയും; തെക്കെവഴിയായി തൃശ്ശിനാപ്പള്ളിയിൽനിന്നു, ഏതാനും പട്ടാളങ്ങളും, വടക്ക പറവൂരവരെ, കണ്ണൂരിൽനിന്ന ൬ പട്ടാളവും ഇങ്ങിനെ മൂന്ന ദിക്കിൽ ആയിട്ട, കുമ്പിനിപട്ടാളങ്ങൾ വന്നചേൎന്നു; രാജ്യത്തുണ്ടായിരുന്ന കലഹം ഒക്കെയും നിൎത്തുകയും ചെയ്തു. വേലുതമ്പി എന്ന പേരായ ദിവാനിജിയും മററും ആലപ്പുഴ വെച്ചു റസിഡെണ്ടിന്റെ ഡൊക്ടർ സായ്പിനെയും, ൟ വെള്ളപ്പട്ടാളത്തിൽ ചില ആളുകളെയും ഒര ആപ്പസാരെയും, ഉപായത്തിൽ കൈക്കൽ ആക്കി, പള്ളാതുരുത്തി ആററിൽവെച്ചു, മുക്കി കൊല്ലുകയും ചെയ്തു. ൟ കാരണത്താൽ ഇവർ രണ്ടുപേരെയും കൊല്ലത്ത

വെച്ചു, ൧൨ാം പട്ടാളത്തിന്ന മുമ്പാകെ, കെട്ടിതൂക്കി കൊല്ലുക
യും ചെയ്തു. ൧൮൧൦ാമാണ്ട രാജ്യകാൎയ്യങ്ങൾ നടപ്പാകാതെ,
൨൩ ലക്ഷം രൂപാ രാജാവിന പലപ്രകാരത്തിലും കടം വ
ന്നത, തീൎപ്പാൻ ഉള്ളപ്പോൾ, റെസിഡെണ്ടായ മണ്രോസാ
യ്പിനെ, ദിവാൻജി ആക്കത്തക്കതിന്നമണ്ണും, അനുവാദം കിട്ടു
വാൻ, മതിരാശിലെ ഗവൎന്നമെണ്ടിൽ ചോദിച്ചു; അപെ
ക്ഷ സമ്മതിച്ചു, കല്പന ആയശേഷം. ഒരം സായ്പ മൂന്നവൎഷം
കൊണ്ട, മേൽപറഞ്ഞ കടങ്ങൾ ഒക്കെയും തീൎത്ത, കരങ്ങൾ,
പിരിവ ഇരട്ടിക്കയും, താണ ഉദ്യോഗസ്ഥന്മാർ, ജനങ്ങളെ ഉ
പദ്രവിക്കാതെ ഇരിക്കത്തക്കതിന്നമണ്ണും ഉള്ള ചട്ടങ്ങൾ ഉണ്ടാ
ക്കുകയും, ചില മോഷണക്കാരും, കുലപാതകന്മാരും, ആയി
രുന്ന ആളുകളെ ഒതുക്കം ചെയ്കയും, ആക്കാലങ്ങളിൽ എല്ലാ
കാൎയ്യങ്ങൾക്കും നടപ്പുണ്ടായ കാരണത്താൽ; ഇപ്പോഴും കൂടെ,
അതിനെകുറിച്ചു മനുഷ്യർ പ്രസാദിച്ചു പറയാറുണ്ട. മണ്രോ
സായ്പ ദിവാൻജി ആയിരിക്കുമ്പോൾ, രാജാവ കഴിഞ്ഞുപോ
കയും റാണിമഹാരാജാക്കന്മാര രാജ്യഭാരം ചെയ്കയും ചെയ്തു.
നാടനീങ്ങിയ രാജാവ ൧൮൨൯ാമാണ്ട രാജ്യഭാരം ഏററു, ഇ
പ്പോഴത്തെ മഹാരാജാവ ൧൮൪൭ാമാണ്ട രാജ്യഭാരം ചെയ്വാ
ൻ തുടങ്ങി. ജെണ്ണൽ മണ്രോ തിരുവിതാംകോട്ടനിന്ന പോ
കുമ്പോൾ, കരംപിരിവ, മുപ്പത്തെട്ടലക്ഷം രൂപാ ആക്കി, ദി
വാൻജി ഉദ്യോഗം ഒഴിഞ്ഞമുതൽ, രാജാക്കന്മാര ഗവമെണ്ടി
ലെ സമ്മതപ്രകാരം ദിവാൻ ആക്കുകയും, റസിഡണ്ടിന്മാര
ന്യായം ഉപദേശിക്കയും, മററും ചില സഹായങ്ങൾ ചെയ്ക
യും ചെയ്തുകൊണ്ടുവരുന്നു. കഴിഞ്ഞുപോയ രാജാവ, ഇംഗ്ലീ
ഷ മുതലായി പല ഭാഷകളെയും അഭ്യസിച്ചത കൂടാതെ, ത
ന്റെ പ്രജകളുടെ ഇടയിൽ, ജ്ഞാനം വൎദ്ധിക്കണമെന്ന ഇ
ഷ്ടം ഉണ്ടായിട്ട തിരുവനന്തപുരത്ത, ഗണിതക്കാൎക്കവേണ്ടി ഒ
രു വിശേഷ സ്ഥലം പണിയിപ്പിക്കയും, വിലയേറിയതായു
ള്ള സൂത്രപ്പണികൾവരുത്തി വയ്പിക്കയും, ഒര ഇംഗ്ലീഷ പള്ളി
ക്കൂടവും അച്ചടിപ്പുരയും, സ്ഥാപിക്കയുംചെയ്തു. ഇപ്പഴത്തെ രാ
ജാവും ആ കാൎയ്യങ്ങളിൽ അതപോലെ തന്നെ, താല്പൎയ്യപ്പെട്ട,തി
രുവനന്തപുരത്തേക്കു സമീപെയുള്ള അഗസ്ത്യകൂടപൎവ്വതത്തി
ൽ ഒര ഗണിതശാലയും, രാജ്യത്തിലെ വിശേഷമായുള്ള വസ്തു
ക്കളും, കൌശലപ്പണികൾ മുതലായ്തും, വച്ചുകാണുന്നതിന
തിരുവനന്തപുരത്ത, മ്യൂസിയം എന്ന വിളിക്കുന്ന ഒരു ശാല
യും സ്ഥാപിച്ചിരിക്കുന്നു. ഇതുകൂടാതയും, ബഹുമാനപ്പെട്ട കു
മ്പിനിയാരുടെ വിസ്താരമായ രാജ്യങ്ങളിലുള്ള അടിമകൾ, അ
നുഭവിച്ചുവരുന്ന ദുണങ്ങൾ, തിരുവിതാംകോട്ടിലുള്ള അടി

മകൾക്കും ഉണ്ടാകെണ്ടുന്നത ആകകൊണ്ടും, പണ്ടാരവക അടിമകൾ എല്ലാവരെയും, അടിമയിൽനിന്നും ഒഴിഞ്ഞിരിക്കുന്നതുകൂടാതെ കോട്ടുകളിലെ തീൎപ്പുകളിലും, ഉത്തരവുകളിലും, യാതൊര അടിമകളെയൊ, ബലബന്ധമായി വേല ചെയ്യേണ്ടുന്നതിനുള്ള, അവകാശത്തിനെയൊ, സൎക്കാര ഉദ്യോഗസ്ഥന്മാര, വില്ക്കയും, ൟ സംഗതി എടപെട്ട ആവലാധി, കൈക്കൊൾകയും അരുത എന്നും; അടിമക്കാരുടെ വസ്തുവകകൾ, അവർ അടിമയാകുന്നു എന്ന വിചാരിച്ച, അവരുടെ പക്കൽനിന്ന എടുക്കയാകട്ടെ, അനുഭവത്തിന വിരോധമായിട്ട, പ്രവൃത്തിക്കയാകട്ടെ, ചെയ്തുപോകയും അരുത എന്നും സ്വാധീനന്മാരായിട്ടുള്ള ആളുകളുടെ നെരെ, പ്രവൃത്തിച്ചാൽ, ശിക്ഷയുള്ളകുററങ്ങൾ അടിമകളുടെനേരെ പ്രവൃത്തിച്ചാലും, ഒരുപോലെ ശിക്ഷയുള്ളതായിരിക്കയും ചെയ്യുമെന്ന വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ൟ സംസ്ഥാനം ൩൨ മണ്ടപത്തുംവാതിൽ ആയിട്ട, അംശിച്ചിരിക്കുന്നു. ൧൭ മുൻസീപ്പന്മാരും, ൫ ജില്ലാകോഡ്കളും, ഒര അപ്പീൽ കോഡും ഉണ്ട. ഇത കൂടാതെ വേണ്ടുന്ന റെവന്യൂ ഉദ്യോഗസ്ഥന്മാരെയും ആക്കിയിരിക്കുന്നു. ൟ ഓഫീസരന്മാര എല്ലാവരും, രാജനീതി നടത്തിക്കത്തക്കതിന്മണ്ണം, വിചാരിക്കയും ജനങ്ങൾക്ക ഉപകാരം വരുത്തുകയും ചെയ്കു, എന്ന വന്നാൽ, ഇത്ര ഭാഗ്യം ഉള്ള ദേശം, ഇന്ത്യായിൽ കാണ്മാൻ പ്രയാസം തന്നെ. അത എന്തന്നാൽ മണ്ണിന്റെ വിശേഷവും, നിലങ്ങളിൽ ആവശ്യപ്രകാരം ഉള്ള വെള്ളംവരവും, നദികളും, കൂടെക്കൂടെ ഉള്ള കൊൎത്തുകൾകൊണ്ടും, ക്ഷാമം വരുവാൻ ഒരു പ്രകാരത്തിലും എട ഇല്ല. ൟ രാജ്യത്തുള്ള ജനങ്ങളുടെ സംഖ്യ ൧,൨൬൨,൦൦൦, ഇതിൽ ൩൫,൦൦൦ ബ്രാഹ്മണരും, ൩൮൫,൦൦൦, ശൂദ്രരും. ൨൦൦,൦൦൦ ക്രിസ്ത്യാനികളും. ൬൨,൦൦൦ മഹമ്മതകാരും ഉണ്ട. മലവെള്ളന്മാര ൧൫,൦൦൦. അടിമക്കാർ ൧൫൦,൦൦൦. ശേഷം ജാതികൾ, കമ്മാ ഉപരുഷകൾ ആകുന്നു. മിശ്യോൻവക പള്ളിക്കൂടങ്ങളിൽ ൧൦,൦൦൦ ചിൽവാനം പൈതങ്ങൾ പഠിക്കുന്നുണ്ട. നാട്ട പള്ളിക്കൂടങ്ങളിൽ ഏകദേശം ഇതിലിരട്ടിയും ആകുന്നു. ൧൮൫൫ാമാണ്ട, പതിമ്മൂന്നെമുക്കാൽ ലക്ഷം രൂപായുടെ ചരക്കുകൾ ൟ നാട്ടിൽനിന്ന പരദേശങ്ങളിലേക്ക കൊണ്ടുപോകയും എട്ടരലക്ഷം രൂപായുടെ ചരക്കുകൾ തിരികെ കൊണ്ടുവരപ്പെട്ടു. സൎക്കാരിലേക്ക നിലത്തിനുള്ള വാരവും, വൃക്ഷാദികൾക്കുള്ള കരവും, ശേഷം ദേശങ്ങളിലെക്കാൾ അധികം കുറവായും കാണുന്നു. സൎക്കാരവക എറവുമതിചരക്കുകൾ മുളക പുകയില, ഏലം തേക്ക ൟട്ടി, മുതലായ്യാകുന്നു. മലകളിൽ പലമാതുക

സുഗന്ധവൎഗ്ഗങ്ങളും കറകളും, പലമാതൃക വിശേഷപ്പെട്ട തടികളും, വേണ്ടുന്നിടത്തോളം കാണ്മാൻ ഉണ്ട. ആണ്ടിൽ വൎഷകാലങ്ങളോട ചേൎന്ന ഒമ്പത മാസത്തിൽ മിക്ക ദിക്കുകളിലും, വള്ളം നടപ്പാറുണ്ട. ഏതാനും പാലങ്ങളും, അണകളും, ചിറകൾമുതലായതും തീൎപ്പിക്കയും, വഞ്ചിമാൎത്താണ്ഡരാജാവ അവൎകളുടെ കാലങ്ങളിലും, മണ്ട്രോസായ്പിന്റെ കാലങ്ങളിലും തീൎപ്പിക്കപ്പെട്ട നാട്ടുവഴികൾ നന്നാക്കിക്ക എന്ന വന്നാൽ, ഇനിയും ൟ ദിക്കിന വൎദ്ധനവുണ്ടാകുവാൻ എട ഉണ്ട. ൧൨ വൎഷത്തിനകം തിരുവിതാംകോട്ട കുടിയാനവന്മാരുടെ ദ്രവ്യപുഷ്ടി, അധികമായിവരുന്നു എന്ന കാണുന്നു. ചക്രത്തിന്റെ കണക്ക എഴുതി വന്നിരുന്ന ജനങ്ങൾ, ഇപ്പോൾ രൂപാകൊണ്ടത്രെ കൈകാൎയ്യം ചെയ്തുവരുന്നത. മുമ്പെ നെല്ലിന പത്ത കലിപ്പണം, വിലയായിരുന്നത, ഇപ്പോൾ കൊയിത്തസമയത്ത പതിനഞ്ചും, പതിനെട്ടും ആയിരിക്കുന്നു. നാളികേരത്തിന അഞ്ച കലിപ്പണം വിലയായിരുന്നത, ഇപ്പോൾ രണ്ടു രൂപായും ചിലപ്പോൾ അധികവും ആയി വില്ക്കപ്പെടുന്നു. ൟ വ്യത്യാസങ്ങൾ വസ്തുവിന്റെ കുറച്ചിൽകൊണ്ടും, ആളുകളുടെ പെരുപ്പംകൊണ്ടും അല്ല: കച്ചവടത്തിന്റെ വൎദ്ധനവകൊണ്ടും മേടിക്കുന്നതിനെക്കാൾ അധികം വിലക്ക വില്ക്കുന്നതിൽ, പണത്തിന്റെ അധികവരവകൊണ്ടും ആകുന്നു. ഇത കൂടാതെ, വേൎവിട്ട ഒര സംഗതിയാൽകൂടെ കാണിക്കാം, പത്ത വൎഷത്തിന മുമ്പെ കുടിയിടയിൽ കൂലിക്കാൎക്കുള്ള ശമ്പളം, ൧ൽ ചക്രവും, ഇപ്പോൾ മൂന്ന ചക്രംതന്നെ പോരാതെയും ഇരിക്കുന്നു; മുമ്പെ കമ്മാളൎക്ക ഒര കലിപ്പണം കൊടുത്ത വന്നിരുന്നത, ഇപ്പോൾ ഒന്നരക്കും, തൎക്കം പറഞ്ഞ വരുന്നു. ൟ സംസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ ഉടയനാഥനായിരിക്കുന്ന ദൈവത്തെ തക്കതായി ബഹുമാനിക്കയും, അയൽക്കാരെ തന്നെപ്പോലെ കരുതികൊൾകയും ചെയ്യുമ്പോൾ, തിരുവിതാംകോട്ടിലെ സൌഖ്യവും വൎദ്ധനയും പോലെ, മറെറാരു പ്രദേശത്തിൽ കാണ്മാൻ പ്രയാസമായിരിക്കും.

## കൊച്ചീ രാജ്യം.

ഇതിന്റെ അതിരുകൾ വടക്കും പടിഞ്ഞാറും മലയാം പ്രവിശ്യയും കിഴക്ക കോയമ്പുത്തൂരും, മധുരയും വേർതിരിക്കുന്ന മലകളും, തെക്കഭാഗത്തിൽ തിരുവിതാംകോട സംസ്ഥാനവും ഉണ്ട. ൟ രാജ്യം പണ്ട ചേരമാൻപെരുമാളു തമ്പുരാന്റെ ദേശത്തിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോഴത്തെ രാജാക്കന്മാർ

ക്ഷത്രിയരും ആ കീൎത്തിപെട്ട രാജാവിന്റെ അനന്തിരവരും ആകുന്നു. ൟ രാജ്യത്തിൽ ഉൾപ്പെട്ട ദേശങ്ങളിൽ ഏതാനും കോഴിക്കോട്ട താമൂരിപ്പാട രാജാവും, തിരുവിതാംകൊട്ട രാജാവും അടക്കിക്കൊണ്ടു. അതിന്റെശേഷം ൧൭൬൬-ാമാണ്ട ടിപ്പു ൟ രാജ്യം പിടിച്ചു കപ്പം മേടിച്ചുവന്നു. ടിപ്പുവിന്റെ അധികാരം പോയകാലംമുതൽ, ബ്രിട്ടീഷ ഗവൎമ്മെണ്ടിനെ അനുസരിച്ചിരിക്കുന്നു. ൧൮൦൯-ാമാണ്ട പാലിയത്തച്ചൻ എന്ന ദിവാൻ തിരുവിതാംകോട ദിവാനോട ചേൎന്ന, റെസിഡെണ്ടായിരുന്ന കൎണ്ണൽ മക്കാളിസായ്പിനെ കൊല്ലുവാൻ ഭാവിച്ചു കാരണത്താൽ, ശണ്ഠ ഉണ്ടായി, കിസ്തു കൂടി കൊടുക്കെണ്ടി വന്നു. മണ്രൊ സായ്പിന്റെ കാലങ്ങളിൽ പിന്നെയും കലഹം ഉണ്ടായപ്പോൾ കപ്പിത്താൻ ബ്ലെക്കർ എന്ന സായ്പ, അസിസ്താണ്ട റസിഡെണ്ടായിട്ട വന്ന നാടിനെ സമാധാനം വരുത്തി ഗുണപ്പെടുത്തി വന്നു. ൧൮൩൯-ാമാണ്ട മുതൽ ശങ്കരവാരിയര ദിവാൻജി ൟ ചെറിയ രാജ്യത്തെ ബഹു സാമൎത്ഥ്യമായിട്ട നടത്തി കേൾവിപ്പെട്ടു വന്നു. മുതൽ എടുപ്പു ചിലവു കഴിച്ചു ശേഷിക്കുന്നത തന്നെ അല്ല, ഇതിനെ പലിശക്ക ഇടുകയും കുമ്പിനിയാരുടെ നാട്ടിലെ പോലെ സാരമായിട്ടുള്ള രാജപാതകളും പാലങ്ങളും തോടുകളും തീൎത്തുംവന്നു. നാട്ടുകാൎക്ക കച്ചവടവും കൃഷിയും വൎദ്ധിച്ചു ദ്രവ്യം കൂടിയും വരുവാൻ ഇട ഉണ്ടു. ൟ രാജ്യത്തിൽ ആറ കോവിലകത്തുംവാതുക്കലും രണ്ടു ജില്ലയും ഒരു അപ്പീൽക്കോടും ഉണ്ടു. ൟ പ്രദേശം ൨൦൦൦ ചതുരനാഴിക വിസ്താരവും, മനുഷ്യർ അധിവസിക്കുന്ന ദിക്കുകളിൽ എല്ലായ്പോഴും വള്ളം കടക്കതക്കതിന്നും ൧൧ മാസവും വെള്ളം ഉണ്ടു.

ജനങ്ങൾ ൩൩൧൯൦൦ കാണും ഇവയിൽ ഏകദേശം ൧൫,൦൦൦ ബ്രാഹ്മണരും ൧൮൮,൦൦൦ശൂദ്രരും ൭൨൦൦൦ത്തിൽ അധികം ക്രിസ്ത്യാനികളും ആകുന്നു. ൧൫൦൦൦ മഹമ്മതകാരും ൧,൩൦൦ യെഹൂദന്മാരും ൪൩൦൦൦ അടിമക്കാരും കൂടെ ഉണ്ടു. കൊച്ചി എന്നുള്ള പട്ടണം ഇങ്ക്ലീഷകാര ൧൭൯൫-ാമാണ്ട ലന്തക്കാരിൽ നിന്ന പിടിച്ചു, പോൎത്തുഗീസകാൎക്ക ൧൬൬൩ാമാണ്ട വരെ, ഇവിടെ അധികാരം ഉണ്ടായിരുന്നു. യെഹൂദന്മാരുടെ കയ്യിൽ നസ്രാണിമാപ്പിളമാൎക്ക കിട്ടിയിരിക്കുന്നപ്രകാരത്തിൽ, ചെമ്പ തകിട്ടെൽ ചില ആധാരങ്ങൾ എഴുതി കാണുന്നു. ഇതിന്മേൽ ഉള്ള തീയ്യതി മിശിഹാക്കാലം ൩൮൮ാമാണ്ട എന്നും പതിഞ്ഞിരിക്കുന്നു: എങ്കിലും ൟ ജാതിക്കാർ എപ്പോൾ കൊച്ചിയിൽ വന്നിറങ്ങി എന്ന ആൎക്കും തന്നെ ഒരു കണക്കില്ല.

# മൂന്നാം അദ്ധ്യായം.

## ലോകത്തിലെ മുഖഭാവങ്ങൾ.

### പൎവ്വതങ്ങൾ.

ഇവയിൽ ഏതാനും സമുദ്രത്തിനെക്കാൾ അഞ്ചു നാഴിക ഉയൎന്നതും, ചിലത നാലും ചിലത രണ്ടും മൂന്നും, ആയിട്ടും കാണ്മാനുണ്ട. ഇതിനാൽ ഭൂമിയുടെ മുകൾഭാഗം ഉരുണ്ടത അല്ലെന്ന ഏതാനുംപേൎക്ക തൊന്നുവാൻ ഇടയുണ്ട, എങ്കിലും സാദൃശ്യത്തിൽ, ഒരു ചുവട മുഴപ്പുള്ള പന്തുമ്മേൽ ഒരു പൊടി മണൽ വെച്ചാൽ എത്ര മുഴച്ചിരിക്കുന്നുവൊ, ഇതും അതിന മാത്രമെ ഉള്ളു. ചില പൎവ്വതങ്ങൾ പ്രളയത്തിന മുമ്പെ സൃഷ്ടമായി ഉണ്ടായിരിക്കുന്നവ ആകുന്നു. ഇവ അത്യുന്നതം ഉള്ളവയും ഇവയുടെ മുകൾ ഭാഗങ്ങൾ, ഒറ്റ കരിങ്കല്ലു തന്നെയും ആകുന്നു. പലപ്പൊഴും നുറുങ്ങിപോകയും ഇടയിൽ ഉറവുകളും, ഉടഞ്ഞ പാറകളും, മണ്ണും മുകളിൽനിന്ന ചാലുകളിൽ ഒഴുകുകയും ചെയ്യുന്നു. മറ്റപൎവ്വതങ്ങൾ പ്രളയസമയത്ത വെള്ളത്തിന്റെ ഇളക്കത്താൽ, ആകൃതിപ്പെട്ടിരിക്കുന്നവ ആകുന്നു. ഇവയിൽ കാണപ്പെടുന്ന പാറകൾ, തടങ്ങളായിട്ടും, ഒടിഞ്ഞ നട നിരകളായിട്ടും ഉള്ളവ ആകുന്നു. ഇവയിൽ കവിടികളും, കല്ലായി ചമഞ്ഞ മരങ്ങളും, മൃഗങ്ങളുടെ അസ്ഥികളും, മറ്റ പലതും കാണ്മാനുണ്ട. അഗ്നിപൎവ്വതങ്ങൾ ആവിവായുമുതലായവ കൊണ്ട, ഭൂമി പൊന്തമായി വീക്കുന്നവ ആകുന്നു. ആയത ഒടുക്കം മുകൾഭാഗത്തിൽ, അല്ലെങ്കിൽ വശത്തെ വിള്ളലുകളിൽ വെച്ചു പൊട്ടി, അഗ്നിയും പുകയും പുറപ്പെടുവിക്കുന്നു. മലമുകളിൽ എത്ര അധികം കരേറുന്നുവൊ, അത്രയും തണുപ്പായി കണ്ടുവരുന്നു; ഇത പലപ്പോഴും ഉഷ്ണപ്രദേശങ്ങളിലും, ഹിമാലയം പൎവ്വതങ്ങളെ പോലെ, എന്നും ഉറച്ച മഞ്ഞുകൊണ്ട മൂടപ്പെട്ടിരിക്കുന്നു. എന്നാൽ അടിവാരത്ത, വായു അത്ര അധികം ചൂടുള്ളതാകുന്നു, അതിനാൽ കായ്ക്കൂറി വളുവ പൊരിഞ്ഞുപോകുന്നു. എന്നാൽ മുകൾഭാഗത്ത അത്ര അധികം തണുപ്പ ഏറീട്ട, മഞ്ഞും, നീരും ഉറച്ചു, വെള്ളം കട്ടുവാനായിട്ട, അത തീകൊണ്ട ചൂട പിടിപ്പിക്കേണ്ടിവരും. ഇത ഭൂമിയിൽ എത്ര ഉയൎന്നുപൊങ്ങുന്നുവൊ, അത്ര അധികം വായു ലഘുവാകുന്നതിനാൽ, ഉണ്ടാകുന്നവ ആകുന്നു.

പ്രധാനമായി അറിയപ്പെട്ട പൎവ്വതങ്ങളും അവക്ക സമുദ്രത്തിന മീതെയുള്ള ഉയൎച്ചസംഖ്യം.

| ഇന്ത്യായിൽ-൧ാം പൎവ്വതങ്ങൾ | അടി |
|---|---|
| ഹിമാലയം പൎവ്വതങ്ങളിലെ ദൈവലഗ്രി. | ൨൬,൮൬൨ |
| അഫ്ഘാനിസ്ഥാനിലെ ഹിന്തുക്കുഷ. | ൨൫,൭൪൯ |
| നീലഗിരിലെ ഡൊഡാബെത്ത. | ൮,൭൬൦ |
| ഡിണ്ടുഗല്ലിലെ പല്ലനി. | ൭,൫൦൦ |
| ലങ്കയിലെ പെദ്രൊററാഗാലാ. | ൮,൨൬൦ |
| കൊച്ചിയിൽ ആനമലകുന്ന. | ൮,൦൦൦ |
| മഹാ ബ്ലെഷ്വവാർ. | ൪,൫൦൦ |
| നീലഗിരിലെ കുന്നൂര. | ൫,൮൮൬ |
| തിരുവിതാംകോട്ട അഗസ്ത്യമല. | ൪,൬൪൦ |
| അമൎത്തമേട. | ൪,൮൨൦ |

| മററ ൧ാം പൎവ്വതങ്ങൾ | അടി. |
|---|---|
| തെക്കെ അമ്മെറിക്കായിൽ അണ്ടെസ. | ൨൨,൩൦൦ |
| തുൎക്കിസ്ഥാനിലെ ബൊലൂർ. | ൧൯,൦൦൦ |
| സർക്കെസിയായിലെ കോക്കെസസ. | ൧൭,൭൮൫ |
| അറാറാത്ത മല. | ൧൭,൭൬൦ |
| അല്പ്സിൽ ബ്ലാങ്ക. | ൧൫,൭൩൦ |
| അഫ്രിക്കായിലെ അറ്റ്ലാസ. | ൧൧,൪൦൦ |
| തെനേറിപ്പ. | ൧൨,൨൩൬ |
| ലബാനോൻ. | ൧,൧൦൦൦ |
| അഗ്നിപൎവ്വതമായ എറ്റ്നാ. | ൧൦,൮൭൪ |
| സീനാ. | ൮,൫൯൩ |

## അഗ്നിപൎവ്വതങ്ങൾ.

ലോകത്തിൽ ൨൦൦ അഗ്നിപൎവ്വതങ്ങളിൽ അധികം ഉള്ളതിൽ, ഏകദേശം ൯൦, ദ്വീപുകളിൽ ആകുന്നു. ഇവയിൽ ചിലത പണ്ടുപണ്ടെ ഉള്ളവയും, ചിലത കുറെ കാലമായിട്ടുള്ളതും; ചിലത ഇപ്പോൾ മാത്രം കാണപ്പെടുന്നവയും ആകുന്നു. ഇവയിൽ പാറകൾ ഉരുകി ഒഴുകുന്നവ ചുരുക്കമാകുന്നു, എങ്കിലും അത സാമാന്യമായി പലപ്പോഴും ഉടഞ്ഞ പാറകളും, ചൂടവെള്ളത്തിന്റെ ഒഴുക്കുകളും, ചേറ നദികളും പുറപ്പെടുവിക്കുന്നു. എന്നാൽ ചില അഗ്നിപൎവ്വതങ്ങളുടെ മുകൾഭാഗങ്ങൾ ഉറച്ച മഞ്ഞുകൊണ്ട മൂടപ്പെട്ടിരിക്കുന്നു, ആയത ഉരുകുമ്പോൾ അവയുടെ അടിവാരത്തുള്ള പട്ടണങ്ങളിലും, നഗരങ്ങളിലും കൂടി ഒഴുക്കിടുകയും ചെയ്യുന്നു. ചില ആളുകൾ ഭൂമിയുടെ നടുഭാഗം അഗ്നികൊണ്ട നിറയപ്പെട്ടിരിക്കുന്നു എന്ന വി

ചാരിച്ചിരിക്കുന്നു. എന്നാൽ വിദ്വാന്മാർ അഗ്നിപൎവ്വതങ്ങൾ
ഉണ്ടാകുന്ന വിവരം, ഇപ്രകാരം തെളിയിക്കുന്നു.

ഒന്നാമത. അനവധി ലോഹാദികളും, അയിരുകളും, ഗ
ന്ധകവും മററും തീപിടിക്കുന്ന വസ്തുക്കളും, അടുത്ത പ്രദേശ
ങ്ങളിൽ ഉണ്ടാകയും, ൟ വസ്തുക്കൾ ഒന്നിച്ചു കൂടി അടുത്തടു
ത്ത, ഇളക്കം കൂടാതെ കിടന്നാൽ, ഇവയിൽ വെള്ളം ഒഴുകി ഒ
ന്നോടൊന്ന കുഴഞ്ഞ ചേരുമ്പോൾ, ഇവ തമ്മിൽ മുട്ടി പൊ
ട്ടി തെറിക്കയും, അഗ്നിയും പുകയും പുറപ്പെടുകയും ചെയ്യുന്നു.

രണ്ടാമത. ഒരോരൊ വസ്തു വെള്ളത്താൽ അതാതിന്റെ
ആദ്യമൂലങ്ങളായിട്ട തിരിയപ്പെട്ടു, ഉറച്ചത വെള്ളമായിട്ടും
വെള്ളമായിട്ടുള്ളത ആവികളായിട്ടും ഉണ്ടാകുമ്പോൾ, ഒന്നിച്ചു
കൂടി വീൎത്ത, ഭൂമിയുടെ ഉൾപ്രദേശങ്ങളെ ഇളക്കപ്പെടുന്നു, ഇ
തിനാൽ ഭൂകമ്പങ്ങൾ ഉണ്ടാകയും, ൟ ഒന്നിച്ചു കൂടിയ വസ്തു
ക്കൾ മുമ്പെ കിടന്നിരുന്ന സ്ഥലത്ത കിടപ്പാൻ കഴിയാത്തത
കൊണ്ട, മുകൾഭാഗത്തെ മണ്ണും പാറകളും ഇളക്കി ഒരു കുമ്പ
ലുണ്ടാകയും അവ ചുററുമുള്ള പ്രദേശങ്ങളിൽ പൊട്ടിച്ചിതറു
കയും ചെയ്യുന്നു. അഗ്നിപൎവ്വതങ്ങൾ സാമാന്യമായി സമുദ്ര
ത്തിന്ന അരികയും, ചിലപ്പോൾ സമുദ്രത്തിന മീതെ കാണാ
കുന്നവയായി മററു ചിലത, സമുദ്രത്തിന അടിയിലും കാ
ണ്മാനുണ്ട. ഇങ്ങിനെ ഇവ ആഴമുള്ള സമുദ്രത്തിൽ ഉണ്ടാകു
ന്നതുകൊണ്ട, ചെറിയ ദ്വീപുകളും പാറകളും കണ്ടെത്തപ്പെ
ടുന്നുണ്ട. പല അഗ്നിപൎവ്വതങ്ങൾ ചിലപ്പോൾ ഒന്നിച്ചു പൊ
ട്ടുകയും മററു ചിലത വെവ്വേറായി അഗ്നിയും പുകയും പുറ
പ്പെടുവിക്കയും ചെയ്യുന്നു. ഭൂമിയുടെ മുകൾഭാഗത്തിൽ ൩൦,൦൦൦
ചതുരനാഴിക സ്ഥലം, അഗ്നിപൎവ്വതങ്ങൾകൊണ്ട നിറയപ്പെ
ട്ടിരിക്കുന്നു: എന്നാൽ ഉൾപ്രദേശങ്ങളിൽ അവ അധികം ഇ
ടയിൽ ഉണ്ട എന്ന നിരൂപിച്ചിരിക്കുന്നു. എന്നാൽ ഇത ഊ
ഹിക്കത്തക്കവണ്ണമുള്ള ഒരു കാൎയ്യം മാത്രമെ ഉള്ളു.

## ഭൂകമ്പങ്ങൾ.

ഏതാനും ദേശങ്ങളിൽ ഭൂമിയുടെ ഇളക്കത്താൽ മനുഷ്യർ
അധികം സങ്കടപ്പെടുന്നുണ്ട, ൟ ഇളക്കം ചില ദിവസങ്ങ
ളിൽ ഓരൊ കരയ്ക്കു മാത്രം കാണപ്പെടുകയും, ചിലപ്പോൾ പ
ലരാജ്യങ്ങളും കൂടെ ഭ്രമിക്കത്തക്കവണ്ണം ഉണ്ടാകുകയും ചെയ്യു
ന്നുണ്ട.

ഇതിന്റെ കാരണം, ഭൂമിയുടെ കാതല കരിങ്കല്ലു ആകുന്നു
എന്നും, ഇതിന നടുവെ അധികമായിട്ട തീ കൂടിയിരിപ്പുണ്ട
എന്നും, ഇതിന്റെ ജ്വാല പുറപ്പെടുവാൻ തക്കവണ്ണമുള്ള ദ്വാ

രങ്ങൾ, ചില മലകളിൽ അടഞ്ഞുപോകുമ്പോൾ, ഉള്ളിലുള്ള അഗ്നി, പാറകൾ ഉരുകി, ആവികൾ വീൎത്ത കുമളച്ച, പുറപ്പെടുവാൻ തക്കവണ്ണമുള്ള ശക്തി കാണിക്കുമ്പോൾ അത്രെ, ഭൂമി കുലുങ്ങുന്നത, എന്ന വിദ്വാന്മാർ പറഞ്ഞുവരുന്നു. മുൻപറഞ്ഞ ദ്വാരങ്ങൾ തുറക്കപ്പെടുന്നത വരെ, മലകൾ പൊട്ടുകയും നദികൾ ഉണങ്ങിപോകയും, പൊങ്ങിയ നിലങ്ങൾ താഴുകയും, സമുദ്രം കോപിച്ച കരെക്ക അടിക്കയും, പുറകോട്ടു മാറി പോകയും ചെയ്യും. മേൽപറഞ്ഞ ദ്വാരങ്ങൾ അഗ്നിപൎവ്വതങ്ങൾ എന്ന പറയപ്പെടുന്നത, തുറക്കപ്പെടുന്ന ഉടനെ, ശേഷം ഭൂമിക്ക സാവധാനം വന്ന, ദ്വാരത്തിൽനിന്ന ഉരുകിയ പാറയും അഗ്നിയും പുറപ്പെട്ടുതുടങ്ങും. ഇംഗ്ലാണ്ടിലെ രാജസ്ത്രീയുടെ അധികാരത്തിലുള്ള, ജമേക്കാ എന്ന ദ്വീപിൽ, ഏകദേശം ൱ വൎഷം മുമ്പെ, പോൎട്ടറോയാൽ എന്ന പട്ടണവും അതിലുള്ള ആളുകളും ഭൂകമ്പത്താൽ മുങ്ങി ഇപ്പോൾ ൩൦ അടി വെള്ളത്തിൻകീഴെ കിടക്കുന്നു. തെക്കെ അമ്മെറിക്കായിൽ ൮൦ വൎഷം മുമ്പെ ഭൂകമ്പം ഉണ്ടായി, കടപ്പുറത്തെ നിലങ്ങൾ അത്രയും ൮൭ അടി പൊങ്ങുകയും ചെയ്തു. ഹിമാലയം പൎവ്വതങ്ങളിലും, റോമായിക്ക സമിപെയുള്ള പ്രദേശങ്ങളിലും മറ്റും; അഗ്നിപൎവ്വതങ്ങൾ വളരെ ഉണ്ടാകകൊണ്ടു, ഭൂമി കുലുങ്ങാതെയും, കല്ലുകൊണ്ടു പണിയപ്പെട്ട ഭവനങ്ങൾ പൊട്ടുകയൊ വീഴുകയൊ, ചെയ്യാത്ത ആഴ്ച, ചുരുക്കം തന്നെ ആകുന്നു. മശിഹാകാലം ൮൭൭ ആമാണ്ടിൽ തുൎക്കിക്കാരുടെ ദേശത്തിന്ന ഇതിനാൽ വളരെ നാശങ്ങൾ ഭവിക്കയും ചെയ്തു.

## ഗുഹകൾ.

പലപ്രകാരമായിട്ട കാണപ്പെടുന്നു. ഇവ ഉണ്ടാകുവാനുള്ള കാരണവും പല പ്രകാരം ആകുന്നു. കുമ്മായകല്ലിലും മററ എളുപ്പമായിട്ടുള്ള പാറകളിലും കാണപ്പെടുന്നത, മിക്കപ്പോഴും വെള്ളമൊഴുക്കിനാൽ കുഴിഞ്ഞിരിക്കുന്നതാകുന്നു. പണ്ടെയുള്ള കാലങ്ങളിൽ, നീരുറവിനാൽ പാറകൾ പൊട്ടി അരികുകൾ തേഞ്ഞ, പിളൎപ്പ നീളമായി കാലക്രമംകൊണ്ടു, അധിക വലിപ്പമുള്ള ഗുഹകളായിട്ട തീരുകയും ചെയ്യുന്നു. ഇപ്രകാരമുള്ളതിൽ ഇംഗ്ലാണ്ടിലും മററ എതാനും ദിക്കുകളിലും, രണ്ടും മൂന്നും നാഴിക നീളമായിട്ടുള്ളതിൽ, ചില തൂണുകളും മിന്നുന്ന കല്ലുകളും ചില വിശേഷ കാഴ്ചകളും കാണ്മാനുണ്ടു. ഇതിൽ ചിലപ്പോൾ മൃഗജാതികൾ പാൎത്തിരുന്നപ്രകാരത്തിൽ അസ്ഥികൾ മുതലായത വളരെ ഉണ്ടു. ഭൂകമ്പങ്ങൾ ഉണ്ടാകുമ്പോൾ മലകൾ പിളൎന്ന ഗുഹകൾ ഉണ്ടായാൽ മിക്കപ്പോഴും പൊക്കംകൂടി

അധിക നീളം കൂടാതെ ഇരിക്കും. ചില നദികൾ കീഴ്പോട്ട ഇറങ്ങി മണ്ണിന്റെ കീഴെ ഒഴുകി കുറെ അധികം അകലം ചെന്നിട്ട പിന്നെയും പൊങ്ങുകയും ചെയ്യും. ചില ഇന്തുപ്പമലകളിൽ, അധിക ഭംഗിയുള്ളതും അതിശയപ്പെട്ട മുറികളും, ശാലകളും കാണുന്നുണ്ട. ഇതിലേക്ക കൊണ്ടുപോകുന്ന ദീപത്തിന്റെ ശോഭ, ഉപ്പേൽ വീഴുമ്പോൾ പലനിറമുള്ള പളുങ്ക കല്ലപോലെ ചുറ്റും വണ്ണിക്കയും ചെയ്യും.

## നദികൾ.

അന്തരീക്ഷവായുക്കൾ, ആദിത്യന്റെ ഊഷ്മാവുകൊണ്ട സമുദ്രത്തിലും ഭൂമിയിലും നിന്ന ഉണ്ടാകുന്നവ ആകുന്നു. ൟ വായുക്കൾ ഘനംപിടിച്ച മേഘവും മഞ്ഞുമായിതീൎന്ന വീണ്ടും ഭൂമിയിലേക്ക വീഴുന്നു. ഉയൎന്ന പ്രദേശങ്ങളിലെ തണുപ്പ വിവരം, മുൻ പറയപ്പെട്ടിരിക്കുന്നു. എപ്പോഴെങ്കിലും ഒരു ശീതമായ കാറ്റ സമുദ്രത്തിലെ, അല്ലെങ്കിൽ സമഭൂമികളിലെ വായുവിനെ ഇളക്കി, പൎവ്വതത്തിന നേരെ അടിച്ചാൽ, ആ ശീതകാറ്റ, ഘനംപിടിച്ച മഴത്തുള്ളികളായിട്ടൊ, അല്ലെങ്കിൽ ഉറച്ച നീരായി, ആലിപ്പഴങ്ങളായിട്ടൊ, ഉറച്ച മഞ്ഞായിട്ടൊ വീഴുകയും ചെയ്യുന്നു; ഇതിനാൽ നദികളുടെ ആരംഭം ഉയൎന്ന സ്ഥലങ്ങളിൽ നിന്നാകുന്നു. അവിടെ നിന്ന അവ ക്രമേണ സമുദ്രത്തിലേക്ക ഒഴുകുന്നു. എന്നാൽ ഭൂമിയിലെ അധിക ഭാഗങ്ങൾ, സമുദ്രതീരങ്ങളിലേക്കാൾ, ഉൾപ്രദേശങ്ങളിലോട്ട അധികം ഉയൎന്നവയാകുന്നു; അല്ലെന്നുവരികിൽ ദേശം തന്നെ ൟറമുള്ളതായിതീരും. ഇപ്രകാരം റയിൻ നദിയുടെ ആരംഭം സമുദ്രത്തിന മീതെ ൩൦൦൦ അടി ആകുന്നു, ഇവ വടക്ക പടിഞ്ഞാറോട്ട ൭൪൦ നാഴിക ഒഴുകിയതിന്റെ ശേഷം ജൎമൻ കടലിലേക്ക വീഴുന്നു, ദാന്യൂബനദി, ആ പൎവ്വതത്തിൽ തന്നെ, ആരംഭിച്ച ൧൭൩൩ നാഴിക കിഴക്കോട്ട ഒഴുകി, കരിങ്കടലിലേക്ക വീഴുന്നു. ഇംഗ്ലാണ്ടിൽ മഴ ആണ്ടിൽ ൩൦ അംഗുലം ആഴമായും; ഇന്ത്യായിലെ സമഭൂമികളിൽ ൨൨൦ ആയിട്ടും പൎവ്വതങ്ങളിൽ പലപ്പോഴും ൩൦൦ മുതൽ ൩൨൦ വരെയും, പെയ്യുന്നു. ഒരു നദിയുടെ വേഗത, അവയിലെ വെള്ളത്തിന്റെ ഗംഭീരതയാലും, ചാൽ വീതികളാലും, അവയുടെ മട്ടലുകളുടെ ചായ്വിനാലും ഉണ്ടാകുന്നവ ആകുന്നു. ചില നദികൾ അവയുടെ മുയപ്പുകളിലെ ചാല, പലപ്പോഴും മാററി വെപ്പാറുണ്ട. അമ്മറിക്കായിലെ അമസൊൻ നദിയും, ഗംഗാനദിയും ഇതപോലെയുള്ള മററ പല നദികളിലും, ചേറ അധികമായിട്ട, അവയുടെ മട്ടലുകളിൽ വെക്കയും, സമുദ്രത്തിലേക്ക വീഴുന്ന

ഇടം ആഴം കുറയുന്നതുമായി കാണപ്പെടുന്നു. ഇപ്രകാരം സമുദ്രത്തിൽ വലിയ എക്കൽ ചിറകൾ ഉണ്ടാകുന്നുണ്ട. ഇതിനാൽ ൟ നദികളിൽ കപ്പലുകൾ സഞ്ചരിക്കുന്നതിന പ്രയാസം തന്നെ ആകുന്നു. എന്നാൽ സമുദ്രത്തിലെക്ക കൊണ്ടുപോകപ്പെടുന്ന വെള്ളത്തിന്റെ സംഖ്യയിൽ മൂന്നിരട്ടി അതിൽനിന്ന പുകയാവിയാൽ എടുക്കപ്പെട്ട, ഉണങ്ങിയ ദേശത്തിലേക്ക ഒഴിക്കപ്പെടുന്നു എന്ന പറയപ്പെട്ടിരിക്കുന്നു.

## പ്രധാനമായ നദികളുടെ

### നാഴികനീളം.

ഇന്ത്യായിൽ.

| | |
|---|---|
| ഇന്ദുസ. | ൧൭൦൦ |
| ബ്രഹ്മപുത്രാ. | ൧,൬൫൦ |
| ഗംഗ. | ൧൫൦൦ |
| ഇരുവടി. | ൧൨൦൦ |
| ഗൊദാവരി. | ൮൫൦ |
| നെർമട. | ൭൦൦ |
| കൃഷ്ണാ. | ൭൦൦ |
| മഹാനദി. | ൫,൫൦ |
| കാവേരി. | ൪൭൦ |
| തപ്തി. | ൪൬൦ |

## ലോകത്തിലെ മററ ൧ം നദികൾ.

| | |
|---|---|
| വടക്കെ അമ്മറിക്കായിൽ മിസിസിപ്പി | ൪൦൦൦ |
| തെക്കെ അമ്മറിക്കായിൽ അമസൊൻ. | ൩,൮൪൦ |
| എജിപ്തിൽ നീൽ. | ൩൩൦൦ |
| ചീനത്ത യാൻറ്സീകിയാങ്ങ. | ൩,൧൮൦ |
| അഫ്രിക്കായിൽ നൈജെർ. | ൨൨൦൦ |
| തുൎക്കിയിൽ എവുഫ്രാത്തെസ. | ൧൬൦൦ |
| യൂറൊപ്പിൽ ഡാന്യൂബ. | ൧,൮൨൬ |
| ഇംഗ്ലാണ്ടിൽ തെയിമ്മസ. | ൨൧൫ |
| ജർമനിയിൽ റയിൻ. | ൮൫൦ |
| കനഡായിലെ സെന്തലൊറെൻസ, | ൧,൧൮൦ |

## മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഗുഹകൾ.

ഭൂമിയിൽ പല പ്രകാരത്തിൽ ഗുഹകൾ ഉണ്ടായി വരുമ്പോൾ, പുര വെക്കുന്നതിനു മുമ്പെ മഴയും കുളിരുള്ള കാലങ്ങളിൽ, മനുഷ്യർ സൌഖ്യത്തിനായിട്ട ഇവയിൽ കേറി പാൎക്കു

മെന്ന നമുക്ക തോന്നുവാൻ ഇടയുണ്ട; കാലക്രമംകൊണ്ട, ഈ ഗുഹകളിൽ മുറികളായിട്ടും, ഭക്തി വിചാരിച്ച, ദൈവശുശ്രൂഷയ്ക്കു ആലയങ്ങളും, മൃഗങ്ങളുടെ ഉപദ്രവങ്ങൾ ഒഴിവാനായിട്ട, ശവങ്ങൾ ഇടുവാൻ സ്ഥലങ്ങളും ഉണ്ടാക്കപ്പെട്ടു എന്ന, നമ്മൾ കാണുന്നുണ്ട. ഇന്ത്യായിൽ പാറയിൽ വെട്ടി പണിതിരിക്കുന്ന അനേകം അമ്പലങ്ങൾ ഉണ്ട, ഇങ്ങിനെ ബൊംബായോടു ചേൎന്ന ചില ദ്വീപുകളിൽ, ഹിന്തുമതക്കാർ നൂറും ഇരുനൂറും ചുവടുകൾ ചതുരമായിട്ടുള്ള ചില മുറികൾ കരിങ്കല്ലിൽ വെട്ടി ഉണ്ടാക്കീട്ടുണ്ട: ഇതിലെ പണികളും തൂണുകളുടെയും മിനുസവിശേഷം, നല്ലതു തന്നെ, ഏകദേശം ൨,൦൦൦ വൎഷം മുമ്പെ തീൎക്കപ്പെട്ടതാകുന്നു എന്ന വിദ്വാന്മാർ പറയാറുണ്ട. തെക്കെ ഇന്ത്യായിൽ ഇതും മററും ഇങ്ങിനത്തെ അമ്പലങ്ങളിൽ ഹിന്തുമതത്തിലെ ബിംബങ്ങൾ കല്ലിൽ പണിതിരിക്കുന്നു; വടക്കെ ഇന്ത്യായിൽ ഉള്ള ഗുഹ അമ്പലങ്ങൾ, ഏകദേശം ൩,൦൦൦ വൎഷം പഴക്കം ചെന്നതും, കാപ്രി പ്രതിഷ്ഠ ആയിട്ട, ബുദ്ധമുനിയുടെ ബിംബങ്ങളെ കാണ്മാനുള്ളു; മോശയുടെ ഒന്നാം പുസ്തകത്തിലും വേദവാക്യത്തിലെ മററു സ്ഥലങ്ങളിലും, രാജാക്കന്മാരെയും മററു വലിയ ആളുകളെയും അടക്കിവന്നത, ഗുഹകളിൽ ആയിരുന്നു എന്ന നാം വായിക്കുന്നു.

യുറോപ്പിൽ റോമ്മാ, പാറീസ, നെയിപ്പിൾസ്സ, മറെറതാനും പട്ടണങ്ങളുടെ കീഴെ, ഇവ പണിചെയ്യാൻ വേണ്ടിയ കല്ലു ഗുഹകളിൽനിന്ന മാന്തി എടുത്ത, പല നാഴിക നീളമായിട്ട തെരുവുകൾ പൊലെ ഉണ്ടാക്കി, അതാതിന്റെ അരികുകളിൽ, മേൽ പാൎത്തിരുന്ന ആളുകളുടെ ശവങ്ങളും അസ്ഥികളും അടക്കിവന്നു. പാറീസു പട്ടണത്തിനുകീഴെയുള്ള ഗുഹകളിൽ ഏറ പ്രദേശത്തിൽ ഇപ്പോൾ തോട്ടക്കാർ കൂണുകിളുപ്പിച്ച, അതിന്റെ ലാഭം എടുത്തുവരുന്നു, എജിപ്തിയിൽ പണ്ടു എല്ലാ കരകളിലും പാറയിൽ മുറികൾ തീൎപ്പിച്ച മരിക്കുന്ന ആളുകളെ പെട്ടികളിൽ സുഗന്ധവൎഗ്ഗങ്ങളോടു കൂടെ പൂട്ടി അടക്കി വച്ചു വരുമാറുണ്ട. ഈ പെട്ടിയിന്മേൽ അകത്തിരിക്കുന്ന ആളുകളുടെ പേരും വിവരങ്ങളും എഴുതിവച്ചിരിക്കകൊണ്ട, ൩൦൦൦ വൎഷം മുമ്പെ മരിച്ച ആളുകളുടെ വൎത്തമാനം അറിഞ്ഞ, പെട്ടി തുറക്കുമ്പോൾ ശവങ്ങൾക്ക അല്പം കേടുമാത്രമെ തട്ടീട്ടുള്ളു എന്നു കാണുന്നു. ഇംഗ്ലാണ്ടിൽ മനുഷ്യരാൽ തീൎക്കപ്പെട്ട ഗുഹകൾ അനേകം ഉണ്ട, ഇവയിൽ വിറകിനു പകരം കത്തിക്കുന്ന കോൾ എന്ന പറയപ്പെടുന്നതും, അയിര, ഉപ്പ, ചെമ്പ, വെളുത്തും കറുത്തുമുള്ള ഈയവും, മാന്തി എടുക്കുന്നതുമാകുന്നു. ഇവ തീൎക്കപ്പെട്ടിരിക്കുന്ന ഭാഷ ഇതാകുന്നു, എടുക്കപ്പെടുവാനു

ള്ള വസ്തു ഇന്നദിക്കിൽ ഉണ്ടെന്ന നിശ്ചയിച്ച, കിണറ മാന്തു
ന്നപ്രകാരത്തിൽ കീഴ്പോട്ട മണ്ണ തുരന്ന ചെല്ലും; അന്വെഷി
ക്കുന്നത ഉള്ള നിരപ്പിൽ ചെല്ലുമ്പോൾ, ഇടത്തോട്ടും വല
ത്തോട്ടും മുറികൾ വെട്ടി; ബലത്തിന തൂണുകളെ നിൎത്തി ര
ണ്ടും മൂന്നും നാഴിക അകലത്തിൽ കടക്കയും ചെയ്യും. ഇങ്ങി
നെ കംബെർലാണ്ട അംശത്തിൽ, കടലിന്റെ കീഴെ, ഒരു
നാഴിക അകലത്തിൽ അധികം, തുരന്ന പൊയിരിക്കുന്നു, തി
രകളുടെ അലച്ച കേൾക്കുക തന്നെയുമല്ല, ഓരുവെള്ളം അക
ത്തോട്ട ഒലിച്ച വരുന്നതുകൊണ്ട, മുങ്ങാതെ ഇരിപ്പാനായി
ട്ട ആവി സൂത്രങ്ങൾ എല്ലായ്പോഴും വെള്ളം വററിച്ചുംകൊണ്ട
വരുന്നു. ഇങ്ങിനെ കോറൻവോൽ അംശത്തിൽ കടലിന്റെ
കീഴെ അനേകം ദിക്കുകളിൽനിന്ന വെളുത്തീയം എടുത്തുവരു
ന്നുണ്ട.

## ദ്വീപുകൾ.

ഇവ അശേഷം വെള്ളംകൊണ്ട ചുററിയിരിക്കുന്ന കരയു
ടെ ഖണ്ഡങ്ങൾ, പല കാരണത്താൽ ഉണ്ടായി വരുന്നത
ആകുന്നു. ഭൂകമ്പം ഉണ്ടായി വലിയ കരയിൽനിന്ന പൊട്ടി
നീങ്ങി കടലിലോട്ട വീണ, ചെറിയ ദ്വീപുകളായിട്ട ഉണ്ടാകു
ന്നവയും ഉണ്ട. സമുദ്രത്തിന്റെ കീഴിൽ നിന്ന, പുകയും ചൂ
ടും പുറപ്പെട്ടതിന്റെ ശേഷം, അധികം ആഴമായുള്ള ദിക്കുക
ളിൽ പെട്ടന്ന കര കാണുകയും, മലയായിട്ട പൊങ്ങി അഗ്നി
പൎവ്വതമായിട്ട കാണുന്നതും ഉണ്ട. ഇവ വന്നതുപോലെ ത
ന്നെ, ചിലപ്പോൾ കാണ്മാൻ വഹിയാതെ തിരുമാനം മുങ്ങി
പൊയ്ക്കളകയും ചെയ്യും; ചില കായലുകളിലും ഉൾക്കടലുകളി
ലും, വിറക. വേഴ, താമരപ്പൂവിന്റെ തണ്ട മുതലായതും കൂടി
ചേറു പററി, പത്തും ഇരുപത്തഞ്ചും പറ വിത്തുപാട നിലമാ
യി കാററിനാൽ നീങ്ങപ്പെട്ട, ക്രമേണ വൃക്ഷങ്ങളും കിളുത്ത
ഏതാനും കര പിടിച്ച ഉറച്ചുവരികയും, മററു ചിലത ഉറയ്ക്കാ
തെ ഇരുന്നാലും സസ്യങ്ങൾ നടുകയും, കന്നുകാലി തിററത്ത
ക്കവണ്ണം ഫലനം പിടിക്കയും ചെയ്യുവരും. ഇന്ത്യായിലെ വട
ക്കെ പ്രദേശത്തിൽ കാശ്മീയർ എന്ന വയലിലും, വടക്കെ അ
മ്മറിക്കായിൽ മെക്സിക്കൊ എന്ന പട്ടണത്തോടുചേൎന്ന കായ
ലുകളിലും, ഇങ്ങിനത്ത ദ്വീപുകൾ അനേകം ഉണ്ട. ഇവയി
ലുള്ള മണ്ണ, നല്ലതാകകൊണ്ട, അവിടത്തെ കുടിയാനവന്മാ
ർ ഇവയിൽ തോപ്പുകൾ ഉണ്ടാക്കുക മാത്രമല്ല; കേൾക്കുന്നവ
ന്ന ആശ്ചൎയ്യം തോന്നും, എങ്കിലും, ബോധിക്കുന്ന ദിക്കിലേ
ക്ക തോട്ടക്കാർ ഒരം ചെറിയ ദ്വീപുകളെ നീക്കി കൊണ്ടുപോ

കയും ചെയ്യും. ഇംഗ്ലാണ്ടിനോട ചേൎന്ന അനേകം ദ്വീപുകൾ ഉള്ളതു, രാജസ്ത്രീയുടെ അധികാരത്തിൽ അമ്മറിക്കായിൽ പടിഞ്ഞാറെ ഇന്ത്യാ എന്ന പറയപ്പെടുന്ന ദ്വീപുകളും; ജലപ്രളയത്തിൽ വെള്ളത്തിന്റെ അലച്ചിലിനാൽ തിരിയപ്പെട്ടതാകുന്നു എന്ന, പറവാൻ ഇടയുണ്ട. അത എന്തെന്നാൽ ഓരോ കരയിലെ മണ്ണും പാറയും മറുകരയോട ചേൎന്നിരുന്ന പ്രകാരം, മുറിമുറിയായിട്ട കാണുകയും വെള്ളത്താൽ തേഞ്ഞ പൊട്ടി മാറിയിരിക്കുന്ന ഭാവങ്ങളും കാണുന്നു. എല്ലാ ദ്വീപുകളിൽ, വലിയവ ൟ മാതിരി ഉള്ളവ ആകുന്നു, എങ്കിലും എല്ലാററിലും വിശേഷപ്പെട്ടതും അധികം എണ്ണമായിട്ടുള്ളതും ഇനിയും പറവാനിരിക്കുന്നു. ഭൂമിയുടെ അയനങ്ങൾക്ക അകത്തുള്ള പ്രദേശങ്ങൾ ശീതമുള്ളവ ആകകൊണ്ട, ഇതിൽ ശേഷം അംശങ്ങളെക്കാൾ ജീവജന്തുക്കൾ ഉള്ളവയാകുന്നു; ൟ ജന്തുക്കളിൽ ഒന്ന സൂചിമുനയോളം വലിപ്പം മാത്രമെ ഉള്ളു എന്നുവരികിലും, അവയുടെ പെരുപ്പംകൊണ്ട ഏറ പ്രദേശങ്ങൾ ഉണ്ടാക്കിവരുന്നു. കൊച്ചിയിൽനിന്ന വടക്കു പടിഞ്ഞാറ തെക്കുവരെ, ലക്ഷദ്വീപുകളും, മാൽദ്വീപുകളും എന്ന പറയപ്പെടുന്നത, ൟ മാതിരി ഉള്ളവയാകുന്നു. സമുദ്രങ്ങളിൽ ഇവ അനേകം ഉണ്ട, ചിതൽപ്പുററ മണ്ണിൽനിന്ന പണിത മേല്പോട്ട പൊങ്ങുന്നതുപൊലെ, ൟ മൃദുവായിട്ടുള്ള ജന്തുക്കൾ പല ആയിരം കോൽ വെള്ളത്തിന്റെ അടിയിൽനിന്ന, പവിഴക്കല്ലു തന്റെ കൂടായിട്ട, വട്ടത്തിൽ ചിറപൊലെ പണിത മേൽനിരപ്പുവരെ വന്ന, അവിടെ നിൎത്തും. ൟ ചിറകളിന്മേൽ, മണലും മണ്ണും തടഞ്ഞ വെള്ളത്തിൽ കായഫലങ്ങൾ ഒഴുകി പിടിക്കയും, പറവജാതികൾ കൂടുവെക്കയും, ഒടുക്കം മനുഷ്യർ വന്ന പാൎക്കയും ചെയ്യുന്നു. തെക്കെ സമുദ്രം ഇങ്ങിനത്ത ചിറകളും ദ്വീപുകളും കൊണ്ട നിറഞ്ഞിരിക്കുന്നു. ചിലത എട്ടും പത്തും നാഴിക വിസ്താരമുള്ളതും, ഏറ ആളുകൾ പാൎത്തുവരുന്നതും ആകുന്നു: മിക്കയെടത്തും നല്ല വെള്ളവും തെങ്ങും കയിതയും ഉള്ളതാകകൊണ്ട, അനേകം ഭടാചാൎയ്യക്കാർ ഇവയിൽ പാൎത്ത തങ്ങളുടെ കാലം കഴിച്ചുവരുന്നു; ഏതാനും ദിക്കുകളിൽ ക്രിസ്തു മതം ശീലിച്ചുവരികകൊണ്ട വെള്ളക്കാരുടെ പഠിതങ്ങളും കൂടെ പഠിച്ചു അവരുടെ വസ്ത്രം ധരിച്ചും, സൗഖ്യമായിട്ട പാൎത്തുംവരുന്നു.

## സമുദ്രം.

ആദിയിങ്കൽ വെള്ളംകൊണ്ട ഭൂമി മുഴുവനും മൂടിയിരുന്നു; ദൈവം കല്പിച്ചപ്പോൾ കരകൾ പൊങ്ങി ഉറച്ചു, വെള്ളങ്ങ

ൾ ഭൂമിയുടെ തെക്കെഭാഗത്തോട്ട നീങ്ങി, സമുദ്രം എന്ന വിളി
ക്കപ്പെട്ടു. ഇതിന സാക്ഷിയുള്ളത, എല്ലാ മലകളിൽ കരിങ്കല്ല
നീക്കിയുള്ള പാറകളിൽ, വെള്ളത്തിലെ കക്കാ കാണ്മാനുള്ളതും;
എല്ലാ മണ്ണു, വെള്ളത്തിൽ കലക്കി, ഒഴുക്കിനാൽ നീങ്ങപ്പെട്ട
അടുക്കടുക്കായിട്ട ഉറച്ചിരിക്കുന്നു എന്ന, ഇവ ആകുന്നു. മിക്ക
നദികളിലും തോട്ടുകളിലും ഉള്ള വെള്ളം മധുരമുള്ളതും, കുടിപ്പാ
ൻ തക്കവണ്ണമുള്ളതും ആകുന്നു. എങ്കിലും സമുദ്രത്തിലെ വെ
ള്ളവും എതാനും ഉൾക്കടലിലേതും രണ്ടൊ മൂന്നൊ നദികളി
ലേതും ഓരാകുന്നു. ഇതിന്റെ കാരണം, ഉപ്പും ഒരുവക കാര
വും കലൎത്തി അതിൽ ചേൎക്കപ്പെട്ടതും, അടിയിൽ പാറയായി
ഉറച്ചിരിക്കുന്നതുകൊണ്ടും ആയിരിക്കും. നൂറ റാത്തൽ തൂക്കം
ഓർവെള്ളത്തിൽ ഏകദേശം മൂന്ന റാത്തൽ ഉപ്പ കാണും, ഇ
തിനാൽ ഉപകാരവും ഉണ്ട. സമുദ്രത്തിലെ വെള്ളം നല്ല വെ
ള്ളത്തെക്കാൾ ഭാരമുള്ളതാകകൊണ്ട, ഉരുവുകൾ ഇതിൽ അത്ര
താഴുകയില്ല: മധുരവെള്ളത്തിൽ ഇരുപത ചുവട വേണ്ടുന്ന ക
പ്പലിന്ന, ഓർവെള്ളത്തിൽ പതിനേഴെകാൽ മാത്രംവെണ്ടുന്ന
താകകൊണ്ട, ഇതിലധിക വേഗത്തിൽ ഓട്ടും. മനുഷ്യരും അ
ത്ര വേഗത്തിൽ മുങ്ങുകയില്ല. പിന്നെയും ൟ ഉപ്പ കാരണ
ത്താൽ വെള്ളത്തിന കലക്കൽ വരാത്തതും എന്ന തന്നെയുമ
ല്ല, നദികളെപോലെ ഒഴുക്കില്ലാത്തതാകകൊണ്ട, കിടന്ന നാ
റ്റം പിടിക്കയുമില്ല. ഭൂമിയുടെ മദ്ധ്യ ചക്രത്തിന അരികെ
സമുദ്രത്തിന അധികം ഉപ്പുണ്ട, ഇവിടെ ചൂടുകാരണത്താൽ
അധികം ആവി ഉണ്ടാകയും, ആവി മേഘമായി നീങ്ങി കര
പ്രദേശങ്ങളിലേക്കപോകയും, ആവിയിൽ ഉപ്പ ചേരാതെയും
ഇരിക്ക കാരണത്താൽ അത്രെ ഇത കാണുന്നത. വിദ്വാന്മാർ
ഒരു സൂത്രംകൊണ്ട, ഓരോരൊ ദിക്കിൽ എത്ര മഴ ആണ്ടുതോ
റും പെയ്യുന്നുണ്ടെന്ന അളന്നുവരുമാറുണ്ട. ഇത ഭൂമിയുടെ ന
ടുപ്രദേശങ്ങളിൽ നൂററുപത മുതൽ, ഇരുനൂറ അംഗുലം വ
രെയും; തണുപ്പദിക്കുകളിൽ മുപ്പത മുതൽ അറുപത വരെ ഉ
ണ്ടെന്ന അറിഞ്ഞിരിക്കുന്നു. ഇതുകൂടാതെ കരയിൽനിന്ന ഓ
രൊ നദികൾ, ആണ്ടുതോറും ഇത്ര വെള്ളം സമുദ്രത്തിലേക്ക
ഒഴുകുന്നു എന്ന എളുപ്പത്തിൽ കണക്കുകൂട്ടാം. എല്ലാ നദികളിൽ
നിന്നും കൂടെ, സമുദ്രത്തിലേക്ക ഏകദേശം വൎഗ്ഗമൂലക്കണക്കി
ൽ, നാല്പത്തെട്ട നാഴിക വെള്ളം ദിവസേന വീഴുന്നുണ്ട. ആ
വിയായിട്ട എടുക്കപ്പെടുന്നത ഇതിൽ കൂടുകെ ഉള്ളു. സമുദ്ര
ത്തിന്റെ ആഴം ഏറക്കുറവായിട്ട, നാലും അഞ്ചും നാഴിക വ
രെയും ഉണ്ട, ഇതിൽ പത്ത ചുവട പൊക്കം കൂടിയാൽ, കരപാ
തി മുങ്ങും, ശേഷം പാതിക്ക വെള്ളങ്ങൾ ഇങ്ങിനെ പൊങ്ങു

ക എന്നു വന്നാൽ ആവി കൂടുകയും മഴ നാലിരട്ടിച്ചു, സകല വിധ സസ്യങ്ങൾക്കും മൃഗങ്ങൾക്കും നാശം ഭവിപ്പാൻ ഇടയുണ്ടു. അമ്പതു ചുവടു താണുപോയാൽ ഇപ്പോഴത്തെ സമുദ്രത്തിനു പാതി വിസ്താരം കുറയും, അതിനാൽ നദികളിൽനിന്നു വെള്ളം ഉടൻതന്നെ ഒഴുകി പോകയും, മഴ ഇപ്പോഴത്തേതിൽ ആറിൽ ഒരു പങ്കു മാത്രം പെയ്യുകയും, ഭൂമി ഉണങ്ങി പൊടിഞ്ഞു ജീവനുള്ള സകലവും വാടിപ്പോകയും ചെയ്യും. ഓളങ്ങളുടെ ശക്തിക്കു മണൽകൊണ്ടു അതിരു വെച്ചിരിക്കുന്ന സൎവ്വശക്തിയായുള്ളവൻ, താൻ സൃഷ്ടിച്ച പ്രാണികളുടെ സൌഖ്യത്തിനു തണുപ്പു, മഞ്ഞു, മഴ, സകലമാന വെള്ളങ്ങളും, കൃപയായിട്ടു സമുദ്രത്തിൽനിന്നു നൽകപ്പെട്ടിരിക്കുന്നു. വടക്കും തെക്കെ അറ്റങ്ങളിലും കുളിരുകൊണ്ടു വെള്ളം ഉറച്ചു, കരയ്ക്കു പറ്റിയിരിക്കുന്നു: ഓളങ്ങളാൽ ഉടെക്കപ്പെടുന്ന മുറികൾ, തടിപോലെ പൊങ്ങിനടക്കും; ഈ ഉറച്ച വെള്ളത്തിനു ഉപ്പില്ല. ആഴമുള്ള കടലിന്റെ നിറം, മാനത്തിനുള്ള നീലപ്പളുങ്കു നിറം പോലെ ഉള്ളതു ആകുന്നു. ഈ നിറങ്ങൾ അകലത്തിന്റെ ദീൎഘതകൊണ്ടു, കാഴ്ചക്കു തോന്നുന്നതത്രെ ആകുന്നു. ചെങ്കടൽ എന്നു പറയുന്നതു, അടിയിൽ ചുവന്ന പവിഴംകൊണ്ടു നിരന്നിരിക്കുന്നതിനാൽ, വിളിക്കപ്പെട്ടതു ആകുന്നു. കരിങ്കടലിനു അനേകം മഴക്കാറും മഞ്ഞും കൊണ്ടു മൂടപ്പെട്ടിരിക്കുന്നതും, മഞ്ഞക്കടലിൽ, അധികം കലക്കൽ ആകകൊണ്ടിട്ടും, യുറോപ്പിലെ വടക്കെ പ്രദേശങ്ങളിൽ വെളുത്ത കടൽ എന്നു പറയപ്പെടുന്നതിന്റെ കരകൾ ഉറച്ച മഞ്ഞു എന്നുള്ള സ്നൌ കൊണ്ടു മൂടപ്പെട്ടിരിക്കകൊണ്ടും ഇവയ്ക്കു ഈ പേരുകൾ കിട്ടിയിരിക്കുന്നു.

## ലോഹാദികൾ.

ഇവ ഭൂമിയിൽ ഏതാനും സ്ഥലങ്ങളിൽ കാണപ്പെടുന്നതും മണ്ണു, പാറ മുതലായ്തിൽ ചേരാതെ, ഒറ്റവസ്തുക്കൾ ആകുന്നു. ഇവയുടെ ശോഭ, നിറം, ഭാരം കടുപ്പഭേദങ്ങൾ കൊണ്ടത്രെ അറിയപ്പെടുന്നതു. പുരാണത്തിലുള്ള മനുഷ്യർ ഏഴുമാത്രമെ തിരിച്ചറിഞ്ഞിട്ടുള്ളു, ഇവ പൊന്നു, വെള്ളി, ഇരിമ്പു ചെമ്പു, രസം; കറുത്തും വെളുത്തുമുള്ള ഈയവും ആയിരുന്നു. ഇപ്പോൾ നാല്പതിൽ അധികം കണ്ടെത്തപ്പെട്ടിരിക്കുന്നു, ഇവയിൽ പൊന്നും പ്ലാറ്റിനാ എന്നു പറയപ്പെടുന്നതും സകല വസ്തുക്കളെക്കാൾ ഭാരമുള്ളവയും, പൊന്നും വെള്ളിയും എല്ലാറ്റിനെക്കാൾ മയമുള്ളവയും, രസം മിക്കപ്പോഴും തൈലംപോലെയും വെള്ളം ഉറയ്ക്കത്തക്കവണ്ണമുള്ള കുളിര എരട്ടിച്ചാൽ ഉറയ്ക്കയും,

പ്പാററിനാ ഇരിമ്പ ഉരുക്കുന്ന തീയിൽ മയം വരാത്തതും ആ
കുന്നു. ഏതാനും ലോഹാദികൾക്ക കാററുകൊണ്ടാൽ കുറഞ്ഞ
നാശം ഭവിക്കയും, മറെറതാനും ഇരിമ്പിനെപോലെ തുരുമ്പ
പിടിച്ച ചേതം വരികയും ചെയ്യും. പാഷാണം ഒരു ലോഹാ
ദി ആകുന്നു. എല്ലാ ലോഹാദികളെക്കാൾ മനുഷ്യൎക്ക ഉപകാര
മുള്ളത ഇരിമ്പ ആകുന്നു, ഒരു റാത്തൽ ഇരിമ്പകൊണ്ട, മുന്നൂ
റ പൌനം വിലയുള്ള നാഴികമണിക്കും മററും, വേണ്ടുന്ന വി
ല്ലുകൾ ഉണ്ടാക്കപ്പെടുന്നുണ്ട: പാലങ്ങളും കപ്പലുകളും, പല
വിധെനയുള്ള ആയുധങ്ങളും, പാത്രങ്ങളും, പണിക്കോപ്പുക
ളും ഇതിനാൽ ഉണ്ടാക്കിവരുന്നുണ്ട, പലലക്ഷം ആളുകൾ ഇ
രിമ്പ പണെത തങ്ങളുടെ കാലം കഴിച്ചുംവരുന്നു: ൟ ലോഹാ
ദിക്ക രണ്ടുപ്രകാരമുള്ള വിശേഷം കാണ്മാനുണ്ട, അയിര, കു
ഴിയിൽനിന്ന എടുത്ത ചുടുകമാത്രം ചെയ്യാൽ, പണിക്കാരൻ
മുറികൾ പഴുപ്പിച്ച കൂട്ടി അടിക്കുമ്പോൾ ഒന്നിച്ച ചേരുകയും;
അയിര പൊടിച്ച ചുട്ടുരുക്കിയാൽ, കട്ടകൂടുകയും; ൟ കട്ടകൾ
ഉരുക്കി അച്ചുകളിൽ പകൎന്ന വാൎപ്പുകൾ ഉണ്ടാക്കുകയും ആം.
ൟയം അധിക മയമുള്ളതും ഭാരമുള്ളതും ആകുന്നു, ഇതിനെ
ഒരു പാത്രത്തിൽ ഇട്ട കാററുകൊള്ളത്തക്കവണ്ണം ഉരുക്കിയാൽ
ഒരു വെളുത്ത ചായമായി തീരുകയും, പാത്രം മൂടി ചുട്ടാൽ,
ൟയം ഒരു ചുവന്ന പൊടി ആയി തീൎന്ന, തുത്ഥം എന്നുവി
ളിക്കപ്പെടുന്നു. ചെമ്പ, ഒടിയാതെ പലകകൾ മാതിരിയായി
അടിപ്പാൻ കഴിയുന്നതാകകൊണ്ട, കപ്പലുകളുടെ അടിവശ
ത്തും പുരപ്പുറത്തും ഏറ വെപ്പാറുണ്ട. രസം മുഖകണ്ണാടികൾ
ക്ക വെളുത്തീയവും ചേൎത്ത ചൂടോടെ വെക്കുകയും തന്നെയ
ല്ല: ഉപ്പിനോട കൂടെ വെപ്പുപൊടികൾ ഉണ്ടാക്കുകയും, വി
ശേഷനിറമുള്ള ചുവന്ന ചായവും ഉണ്ടാക്കുകയും ചെയ്യുന്നു;
ലോഹാദികളെ കണ്ടുകിട്ടുവാൻ അധികം പ്രയത്നങ്ങളും അ
പകടങ്ങളും ഉണ്ട. ഇരിമ്പ, ചെമ്പ, വെള്ളി, ൟയവും കിട്ടുവാ
നായിട്ട അഞ്ഞൂറും എണ്ണൂറും കോൽ താഴ്വ കുഴിക്കേണ്ടിവരും
ആ നിരപ്പിൽനിന്ന എല്ലാവശത്തോട്ടും ഗുഹകളായിട്ട തീൎപ്പി
ച്ച ചെല്ലുമ്പോൾ ഇടിഞ്ഞ അകത്തോട്ട വീഴുകയും, പെട്ടന്ന
വെള്ളം ഇറങ്ങുകയും, ദുൎവ്വായുക്കൾ പ്രവേശിക്കയും ചെയ്യു,
അധിക മനുഷ്യൎ നഷ്ടം വന്നുപോകുമാറുണ്ട. പൊന്നും അ
തിൽ വിലയുള്ള ലോഹാദികൾ ആററുമണലിൽനിന്നും പെ
ള്ളാറൻ പാറയുടെ ഇടയിൽനിന്നും എടുക്കപ്പെടുന്നതും, മിക്ക
പ്പോഴും പൊടിയായിട്ടും ചുരുക്കമായി കട്ടകളായിട്ടും കാണ
പ്പെടുന്നത ആകുന്നു. അധികമായിട്ടുള്ള ലോഹാദി ഇരിമ്പ
ആകുന്നു. ഭൂമിയിൽ എല്ലാടവും ഉള്ളതും പ്രത്യേകമായിട്ട ൟം

ഗ്ലാണ്ടിലും സ്വീഡനിലും ഉണ്ട. ആണ്ടൊന്നുക്ക ഇംഗ്ലാണ്ടിൽനിന്ന തന്നെ അഞ്ചു ലക്ഷം കണ്ടി ഇരിമ്പ ഉരുക്കി വില്പാറുണ്ട.

## പാറകൾ, മണ്ണു മുതലായത.

ഭൂമിയുടെ ധാതുക്കളെ സൂക്ഷിച്ചു നോക്കുന്നവൎക്ക, അഞ്ചു തരത്തിൽ കണ്ടെത്തപ്പെട്ടു.

(൧ാമത.) മുന്തിയ പാറകൾ. ഈ പേര ഇങ്ങിനെ ചൊല്ലിയിരിക്കുന്നതിന്റെ കാരണം ഇതാകുന്നു, ഇവയിൽ സൃഷ്ടിക്കപ്പെട്ട മററ വസ്തുക്കൾ ഒന്നും ചേരാതെ, കട്ടപ്പം കൂടുന്നതും, വിളയപ്പെട്ട മൂൎത്തികൾ കൂടിയതും, ഉച്ചത്തിൽ നില്ക്കുന്നതും ആകുന്നു. ഭൂമിയുടെ കാതൽ ഈ മാതൃക പാറ ആകയും, ഇതിന്മീതെ ശേഷം വസ്തുക്കൾ ഒക്കയും, നിലനില്ക്കത്തക്കതായിട്ടുള്ള അടിസ്ഥാനം ആകുന്നു കരിങ്കല്ലും വെള്ളാറൻ പാറയും ഈ തരത്തിൽ ഉള്ളതാകുന്നു.

(൨ാമത.) ഇടമദ്ധ്യേയുള്ള പാറകൾ. ഈ പാറ ഭൂമി രൂപമായി വരുമ്പോൾ ഉണ്ടായതാകുന്നു എന്ന വിദ്വാന്മാർ ഊഹിച്ചിരിക്കുന്നു: അത എന്തെന്നാൽ, വിളയപ്പെട്ട ക്രമങ്ങൾ ഇതിൽ നല്ല തെളിവായി കാണുന്നതുകൂടാതെ, പൊന്ന, വെള്ളി അയിര മുതലായത കൂടീട്ടും ഉണ്ട.

(൩ാമത.) ഇളമയായുള്ള പാറകൾ. ഇവയിൽ പല മാതൃക കല്ലുകൾ വരിവരി ആയിട്ട നിരന്ന, വെള്ളത്തിൽ ഊറി ഉറച്ചു വരുന്നതും, ഇതിൽ അസ്ഥികൾ, കക്കാ, മരം, എല മുതലായതും കണ്ടുവരുന്നു, ഈ അംശത്തിൽ മണൽക്കല്ലു യൂറോപ്പുദിക്കിൽ തീകത്തിക്കുന്ന കൊൾ, ചുണ്ണാമ്പുകല്ലുമുതലായത കൂടാതെ; മുമ്പിലത്തെ രണ്ട അംശത്തിൽ ഉള്ള പാറഖണ്ഡങ്ങൾ വെള്ളത്തിൽ തേഞ്ഞ ഉരുണ്ടപ്രകാരത്തിൽ കാണ്മാനുണ്ട

(൪ാമത.) എക്കൽമണ്ണ. ഇതിൽ ചരൽമണ്ണ. കളിമണ്ണ, എക്കൽ മുതലായത ഉൾപ്പെട്ടിരിക്കുന്നു. മണ്ണുണ്ടാകുന്നതിന വായുവും മഴയും വെയിലും, പാറകളിന്മേൽ തട്ടി കാലക്രമം കൊണ്ട അതിനെ പൊടിച്ചു, നീരൊഴുക്കോടെ താണ പ്രദേശങ്ങളിലേക്ക കൊണ്ടുപോകപ്പെടുന്നതാകുന്നു. ഒഴുക്ക നിരപ്പുള്ള സ്ഥലങ്ങളിലേക്ക വരുമ്പോൾ, വെള്ളത്തിൽനിന്ന പൊടിയായിട്ടുള്ളത താണുറച്ചു, ഇതിനോട കൂടെ, ക്ഷയിച്ചുപോയ മരങ്ങളും ശവങ്ങളും ചേൎന്ന, വിളയാഭൂമികളായി തീരുന്നു.

(൫ാമത.) അഗ്നി പൎവ്വതങ്ങളിൽനിന്ന പുറപ്പെടുന്നതും, ഭൂമിക്കരളിന്റെ അകത്തെ ചൂടുകൊണ്ട മേൽഭാഗത്തോട്ട ഒഴുകിവരുന്ന വസ്തുക്കളും ആകുന്നു. ഇവയിൽ ഉരുകിയ പാറക

ളും, ഗന്ധകം, മൺതൈലം, പമീസ്സ, മുതലായവയും ഉണ്ടു. ഭൂമി വിദ്യയിനാൽ, ക്രിസ്ത്യാനിവേദവാക്യങ്ങൾക്കു ബഹു സാരമായിട്ടുള്ള സാക്ഷികൾ ഉണ്ടാകുന്നുണ്ടു. മോശ നമുക്കു അറിയിക്കുന്നപ്രകാരത്തിൽ, ഓരൊ കാലങ്ങളിൽ ഉണ്ടായ സൃഷ്ടിപ്പു, സത്യംതന്നെ എന്നും, വലിയതായിട്ടുള്ള ജലപ്രളയം ഉണ്ടായെന്നും; ഭൂമിക്കകത്തു അഗ്നി ജ്വലിച്ചിരിക്കുന്നു എന്നും ഇതിനാൽ തെളിവായി അറിയപ്പെടുന്നതാകുന്നു.

## വൃക്ഷാദികളുടെ ക്രമം.

വൃക്ഷങ്ങൾക്കു ജീവിപ്പാൻ വെള്ളവും വായുവും ഭക്ഷണത്തിന വളമുള്ള മണ്ണും വെണ്ടുന്നതാകുന്നു. വെള്ളവും മണ്ണും കുറഞ്ഞുപോയി എന്നുവന്നാൽ, സസ്യങ്ങൾക്കു വാടൽ തട്ടുമെന്ന എല്ലാമനുഷ്യരും അറിയുന്നു: കാററുകൊള്ളാത്ത ഒരു മുറിയിൽ, അനേകം പൂച്ചെടികൾക്കു, വെള്ളവും വളവും, കൊടുത്ത നിൎത്തി എങ്കിൽ, ഇതിനുമണ്ണും തന്നെ നാശം ഭവിക്കും ഇതിന്റെ കാരണം മറെറാന്നുമല്ല, മൃഗജാതികൾ, ശ്വാസം വലിക്കുന്നപൊലെ, സസ്യങ്ങളുടെ ഇലയുക്കും തൊലിക്കും, ചില മൃദുവായിട്ടുള്ള ദ്വാരങ്ങൾ ഉണ്ടു, ഇവയിൽകൂടി നല്ല വായു അകത്തോട്ടു പ്രവേശിക്കയും, അശുദ്ധമായിട്ടുള്ളതു പുറപ്പെടുകയും ചെയ്യും. മയിക്രസ്കോപ്പിനാൽ ചില ഘനത്ത ഇലകളിൽ, നോക്കുമ്പോൾ, ഇതു നല്ലവണ്ണം കാണപ്പെടുന്നതാകുന്നു, മൃഗജാതികൾ യാവന അനുഭവിക്കുന്നതപൊലെ, വൃക്ഷങ്ങളുടെ വേര വളമുള്ള തണുത്ത മണ്ണിൽനിന്ന ചില സാരങ്ങളെ വലിച്ചു അനുഭവിക്കുന്നുണ്ടു; ൦രം സാരങ്ങൾ നീരായിട്ടു ഞരമ്പുകളിൽ എന്നപൊലെ, മരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ഓടുന്നുണ്ടു; സകലവിധ ജീവജന്തുക്കൾക്കു പ്രമാണമായിട്ടുള്ള ഭക്ഷണം സസ്യങ്ങൾ ആകുന്നു, മാംസം തിന്നുന്ന പൂച്ചമുതൽ സിംഹംവരെ ഉള്ളതും, പുല്ല തിന്നുന്ന മൃഗങ്ങളെ പീഡിപ്പിക്കയും, വൈദ്യത്തിന്നായിട്ടു സസ്യം തന്നെ തിന്നും വരുന്നു. വൃക്ഷങ്ങൾക്കു ആദിത്യചന്ദ്രന്റെ പ്രകാശവും ചൂടും പ്രത്യേകം വേണ്ടുന്നതാകുന്നു; ഇവ കുറഞ്ഞിരിക്കുന്ന ദിക്കുകളിൽ വളൎച്ചയും തളിൎമ്മയും കുറയുന്നതാകുന്നു, ൮൦,൦൦൦ത്തിൽ ചിൽവാനം വക വൃക്ഷാദികൾ ഉണ്ടു; ഇവെക്കു വേണ്ടുന്ന ചൂടും വേണ്ടുന്ന വെള്ളവും അതാതിന്റെ പ്രകാരത്തിൽ ഓരൊ നാട്ടിലേക്കു വിഭാഗിച്ചിരിക്കുന്നു: അയനങ്ങൾക്കു അകത്തുള്ള നാടുകളിൽ, അതിവേഗമായിട്ടു വളരുന്ന സസ്യങ്ങളെ കാണുന്നു, ഇവിടെ തെങ്ങു, പന, കരിമ്പു, നെല്ലു, ചോളം, സുഗന്ധവൎഗ്ഗങ്ങളും അധികം ചൂടും വെള്ളവും

വേണ്ടുന്ന വൃക്ഷാദികളും ഉണ്ടു, ഇവയുടെ തൈ ഉഷ്ണ പ്രദേശങ്ങളിൽ അല്ലാതെ വെളിയിൽ കിളിക്കുക ഇല്ല. അധിക ചിലവിട്ട കാൎയ്യക്കാരായിട്ട യുറോപ്പിൽ തീയും വച്ചിരിക്കുന്ന കണ്ണാടിപ്പുരയിൽ ഇവയെ കാണ്മാനെ ഉള്ളു.

ശാന്തചക്രപ്രദേശങ്ങളിൽ കോതമ്പ, യവം, അരി എടുക്കുന്ന ചില പുല്ലുകൾ, മുന്തിരിങ്ങാവള്ളി, ആപ്പിള അതിനോട ചേരുന്ന ഫലങ്ങൾ തരുന്ന വൃക്ഷങ്ങളും, കരുവേലകം, എല്ലം, ദെവതാരം മുതലായ തടികളും, ഉരുളക്കിഴങ്ങ, കോഫീസ്സ എന്ന ചെടി,ററാൎണിപ്പ മുതലായ സസ്യങ്ങളും ഉണ്ടാകുന്നു. ശാന്തപ്രദേശങ്ങളിൽ വേനൽക്കാലത്തെ, വൃക്ഷാദികൾക്ക വളൎച്ച ഉള്ളു: കുളിരു സമയത്ത ഇലകൾ പൊഴിഞ്ഞ പോകയും, നീര ഓടാതെ വേരിൽ എറങ്ങി ഒറച്ചിരിക്കയും ചെയ്യും. ൟ കാരണത്താൽ ഇങ്ങിനത്തെ ദിക്കിൽ തടികൾ വെട്ടുന്നത വൎഷകാലങ്ങളിൽ ആകുന്നു, ചൂടുള്ള ദേശങ്ങളിൽ ഇല വേനൽക്ക പൊഴികയും, ആ സമയത്ത കറ കുറഞ്ഞിരിക്കയും ചെയ്യുന്നതിനാൽ, തടി വെട്ടുന്നത വേനൽക്കാകുന്നു. ഭൂമിയുടെ വടക്കും തെക്കും മുനകളിൽ കുളിരിനാൽ വല്ല്യ വൃക്ഷാദികൾ ഒന്നും തന്നെ ഉണ്ടാകാതെ, ഒരു വകകുറുങ്കാടും പായലും മാത്രമെ കിളിക്കുന്നുള്ളു: ഇതുതന്നെ ഒൻപതു മാസത്തെക്ക, എല കൂടാതെയും, സ്നൌവിനാൽ മൂടിയിരിക്കും. ൟ ശീതപ്രദേശങ്ങളിൽ പാൎക്കുന്ന ആളുകളെ ക്രിസ്ത്യാനിമതത്തിൽ ചേൎപ്പാൻ, ഏതാനും സായ്പന്മാർ ഏറ നാൾ മുമ്പെ വടക്കോട്ട പോയി, ഭക്ഷണത്തിന വളരെ പ്രയാസപ്പെട്ടുകകൊണ്ടു, കാററ കൊള്ളാത്തതിന്മണ്ണും ചെറിയ മൺകോട്ടകളായി പണിതു, ഇതിൽ കുറെ യവം മാത്രം കിളൎത്ത കിട്ടാറുള്ളു. മലം പ്രദേശങ്ങളിൽ മേല്പട്ട കയറുന്തോറും, തണുപ്പ കൂടുന്നതാകകൊണ്ടു എല്ലാ നാട്ടിൽ ഉള്ള വൃക്ഷാദികൾ പന്തികളായിട്ട കിളൎത്ത വരും, ഇങ്ങിനെ അയനങ്ങൾക്ക അകത്ത നില്ക്കുന്ന വലിയ പൎവ്വതങ്ങൾക്കുള്ള അടിവാരങ്ങളിൽ, തെങ്ങ, പന മുതലായതും കരിമ്പും, നാരങ്ങാ വൃക്ഷങ്ങളും കണ്ടതിന്റെ ശേഷം, ൩൦൦൦ ചുവട മേൽപ്പോട്ട കരേറി കഴിഞ്ഞിട്ട കരുവേലകവൃക്ഷങ്ങൾ, ദേവതാരം, കോതമ്പ, യവവും, അപ്രദേശത്തിൽ ഉള്ള കുടിയാനവന്മാർ വിതച്ച അനുഭവിക്കുന്നു എന്ന കണ്ടെത്തും; ഇങ്ങിനത്ത മലംപ്രദേശം ൪൩൦൦൦ ചുവടിൽ അധികം പൊക്കം ഉണ്ടെന്നുവരികിൽ, വൃക്ഷാദികൾ കുറകയും ഹിമവാൻ പൎവ്വതത്തിൽ എന്നപോലെ, നീരൊഴുക്കുകൾ ഉറച്ചിരിക്കുകയും, ഉയൎന്ന മുനകൾ ഒക്കയും സ്നൌവിനാൽ മൂടപ്പെട്ടതും ആകുന്നു. മധുര പ്രവിശ്യയിൽ, പളനി മല

കളിലും; കോയമ്പുത്തൂർ പ്രവിശ്യയിൽ, നീലഗിരികളിലും, തിരുവിതാംകോട്ട സംസ്ഥാനത്തിൽ, അഗസ്ത്യ മലയിലും; ഉള്ള അടിവാരങ്ങളിൽ, മലയാളത്തിലെ കായഫലവൃക്ഷങ്ങളും സസ്യങ്ങളും ഉള്ളതും; മുകൾഭാഗങ്ങളിൽ ഇംഗ്ലാണ്ടിലെ, കോതമ്പ ഉരുളക്കിഴങ്ങ, ആപ്പിൾ, പീച്ച, മുതലായ വൃക്ഷാദികളും, നന്നായി വളൎന്ന വരുന്നു. ഇതുകൂടാതെ ഓരൊ പ്രദേശങ്ങളിൽ, അപൂൎവ്വമായിട്ടുള്ള തൈകൾ കാണപ്പെടുന്നതും ആകുന്നു: ഓസ്ത്രേലിയായിലെ വൃക്ഷം, ഒരു മാതൃക ആയിട്ടും: അപ്രിക്കായിൽ ഉള്ളത, മിക്കതും, ഏഷ്യഖണ്ഡത്തിൽ കാണപ്പെടുന്നതും, അമെറിക്കായിൽ ഉള്ളത യൂറോപ്പിൽ കേൾവിപ്പെടാത്തതും ഉണ്ട.

## മൃഗജാതികളുടെ ക്രമങ്ങൾ.

മൃഗങ്ങൾ വൃക്ഷാദികളെപ്പോലെ, ദേശകാലങ്ങളെ സംബന്ധിച്ച വിഭാഗിച്ചിരിക്കുന്നു, ഇവ നാലു തരത്തിൽ ആയിട്ടും ഉണ്ട.

(൧ാമത.) തലയോട സംബന്ധിച്ച മൂലാതണ്ടുള്ളതും, ഈ അസ്ഥികൾക്ക അകമെ തലച്ചോറും, മജ്ജയും ഉണ്ടായി; ഇവയിൽനിന്ന വെളുത്ത ഞരമ്പ, മാംസത്തിലേക്ക കടന്ന, ശരീരത്തിന വല്ലതും തട്ടിയാൽ അതിനെ അറിയിക്കുന്നതും ആകുന്നു, ഈ കൂട്ടത്തിൽ, തങ്ങളുടെ കുഞ്ഞുങ്ങളെ മുലപ്പാലുകൊണ്ട പോഷിപ്പിക്കുന്ന നാല്ക്കാലിമൃഗങ്ങളും പക്ഷികളും, മത്സ്യങ്ങളും മിക്ക പാമ്പുകളും, ഗൌളികളും ആകുന്നു.

(൨ാമത.) ഖണ്ഡംഖണ്ഡമായിട്ട, ഓടുചെൎക്കപ്പെട്ട മൃഗങ്ങൾ. ഇവയ്ക്കു അകമെ അസ്ഥികൾ കൂടാതെ; തൊലിക്കപകരം കാളക്കൊമ്പ സംബന്ധിച്ച വസ്തുവിനെപോലെ, ഘനം കുറച്ചും, മുറിമുറി ആയിട്ടും, ഓട ചേൎക്കപ്പെട്ടതും ആകുന്നു. ഈ ഖണ്ഡത്തിൽ തേള, വണ്ട, തേരട്ട, പഴതാരയും, ഞണ്ട, കൊഞ്ചു, മിക്ക ചെറിയ പ്രാണികളും, കൂടിയിരിക്കുന്നു.

(൩ാമത.) അസ്ഥി ഇല്ലാത്തതും, മയമുള്ള മാംസമായിട്ടുള്ളതും; എങ്കിലും മിക്കപ്പോഴും ചുണ്ണാമ്പകല്ലു സംബന്ധമായിട്ട, ഓടുള്ള ജന്തുക്കൾ; ഇവയിൽ, എല്ലാ മാതൃക കക്കാകളും, മുരിങ്ങയും അച്ചും, തോടില്ലാത്തതിൽ അട്ടയും പുഴക്കളും ഉൾപ്പെട്ടിരിക്കുന്നു.

(൪ാമത.) കൊഴുത്ത പശയുടെ മയമുള്ളതും, തല നടുവായിട്ടും; ഇതിൽനിന്ന ചക്രവണ്ടിയുടെ കാലുകൾ പുറപ്പെട്ടിരിക്കുന്നപ്രകാരത്തിൽ, എല്ലാ വശത്തോട്ടും, അവയവങ്ങളെ പുറപ്പെടുവിച്ചിരിക്കുന്ന ജന്തുക്കൾ; ഇവയിൽ കടൽചൊറി മുത

ലായ്യും, പവിഴം ഉണ്ടാക്കുന്ന മൃദുവായിട്ടുള്ളതും, കലക്കൽ വെ
ള്ളത്തിൽ മയിക്രസ്കോപ്പിനാൽ കാണപ്പെടുന്ന പ്രാണിക
ളും, ആകുന്നു. ൟ വക മൃഗങ്ങൾക്ക വൃക്ഷമൃഗം എന്ന അ
Zoophyte ൎത്ഥമുള്ള സൂഓപൈററ, എന്ന വിളിക്കപ്പെട്ടിരിക്കുന്നു. ഇതി
ന്റെ കാരണം അതിശയം തന്നെ, അത എന്ത, ഇവക്ക
ശ്വാസവും, ഓട്ടവും, ഭക്ഷണസാധനവും, വേണ്ടുന്നതാകു
ന്നു എന്ന വരികിലും; ഓരോന്നിനെ നാലും അഞ്ചും മുറിയാ
യിട്ട വെട്ടിയാൽ, കുറെദിവസം കഴിഞ്ഞ, അത്രയും എണ്ണം
പൂൎണ്ണമൃഗങ്ങളായി തീരുകയും ചെയ്യും; ഇത എല്ലാവൎക്കും ശോ
ധന ചെയ്വാൻ കഴിയുന്നതാകുന്നു. ൟ നാലുതരത്തിൽ ഉള്ള
മൃഗങ്ങൾ കൂടി ൮൫,൦൦൦ൽ അധികം ജാതികളായി കണ്ടുവന്നി
രിക്കുന്നു, ചൂടായുള്ള അയനങ്ങൾ, മൃഗങ്ങളെ അധിക എണ്ണ
മായിട്ടും, ഘോരമായിട്ടുള്ളവയെയും, പോഷിപ്പിച്ച വരുന്നു;
ഇത ഉഷ്ണത്തിന്റെയും തീററിയുടെയും, പെരുപ്പത്താൽ അത്രെ
ആകുന്നത. ചെറിയ പ്രാണികൾ ആയിട്ടിരിക്കുന്ന വൃക്ഷമൃ
ഗങ്ങളും, ൟച്ച, പുഴക്കൾ, പറവജാതികളും, ഗൌളികളും, അ
നേകമുണ്ടാകയും; സസ്യങ്ങൾ ഭക്ഷിക്കുന്ന പെരിയ വംശ
ക്കാരായ ആന, ഒട്ടകം, പുള്ളിഒട്ടകം, കണ്ടാമൃഗം, പോത്ത
ത്തെപ്പൎ, നദിക്കുതിര, മുതലായ്യും, ഇര പിടിച്ച ഭക്ഷിക്കുന്ന
സിംഹം, കടുവാ, പലവക പുലി, കഴുതപ്പുലി, കഴുകൻ, പരു
ന്തുകൾ, പെരുമ്പാമ്പുകൾ, ഇവ ഒക്കെ ഏഷ്യായിലും, അപ്രി
ക്കായിലും, വളരെ ഉള്ളവയാകുന്നു. ശാന്തചക്ര പ്രദേശങ്ങ
ളിൽ മനുഷ്യരാൽ ഇണക്കപ്പെട്ട; സസ്യം ഭക്ഷിക്കുന്ന മൃഗ
ങ്ങൾ അനേകമായിട്ടും, പല തരമായിട്ടും, കാണുന്നു. ഇവ കു
തിര, കഴുത, കന്ന, ആടുമാടുകൾ, മാൻ; സസ്യങ്ങളുടെ അരി
തിന്നുന്ന അനേകം പക്ഷികളും; മാംസം ഭക്ഷിക്കുന്നതിൽ,
ചെവിയൻ പുലി, ചെന്നായ, കരടി, കഴുനാ, ഇവ മാത്രമാ
കുന്നു. യൂറോപ്പ, അമ്മറിക്കാ ഖണ്ഡങ്ങൾ, ശാന്തപ്രദേശങ്ങ
ൾ ആകകൊണ്ട; ഇപ്പോൾ പറഞ്ഞ മൃഗങ്ങൾ അല്ലാതെ മ
ററുള്ളവയെ ഏറ കാണുക ഇല്ല. ലോകത്തിന്റെ വടക്കും തെ
ക്കും മുനകളിൽ മൃഗാദികൾ കുറവ തന്നെ ആകുന്നു. ഇവ മി
ക്കതും വൎഷമായിട്ടുള്ള കാലങ്ങളിൽ ഉഷ്ണമുള്ള പ്രദേശങ്ങളി
ലേക്ക മാറിക്കളകയും ചെയ്യും. സസ്യങ്ങൾ വളരുന്ന നാല
മാസത്തിൽ, മ്ലാവ രണ്ടും, കടമാനും, ഒരു തരം കാട്ടുപോത്തും;
ചില വലിയ എലികളും ഉണ്ട. വെള്ളക്കരടി, കുളിരുള്ള ആറ
മാസം മുഴുവനും ഗുഹകളിലും, പാറകളുടെ ഇടയിലും, കേറി
കിടന്ന അനങ്ങാതെ ഉറങ്ങിയിരിക്കും. ബീവർ എന്നുള്ള എലി
ഒരു മാതൃകപ്പുര ഉണ്ടാക്കി, കളിമണ്ണുകൊണ്ട പൂശി, കുളിരിൽ

ന്നിന്ന അതിൽ ഒളിച്ചിരിക്കുകയും ചെയ്യും. എല്ലാ കടലുകളിലും ചുവന്ന രക്തമായിട്ടും, മൃഗങ്ങളെപ്പോലെ അസ്ഥി ഉള്ളതും, തുകലും പൂടയുമായിട്ടും, കുഞ്ഞുങ്ങളെ മുല കുടിപ്പിക്കയും ചെയ്യുന്ന കടലാനകൾ, കടപ്പന്നി, കടൽസിംഹം, മുതലായവ വളരെ ഉണ്ട. തെക്കെ അമ്മറിക്കായിലും, ഓസ്ത്രേലിയായിലും, ചില മൃഗങ്ങൾ, അവരുടെ കുഞ്ഞുങ്ങളെ, മടിയിൽ എന്ന പോലെ, ഉദരം ബന്ധിച്ചു വെച്ചു, പ്രാപ്തിയാകുന്നവരെ വഹിപ്പാറുണ്ട.

## നാലാം അദ്ധ്യായം.

## വായുക്കളും മററും.

വായു ലോകം സൃഷ്ടിക്കപ്പെട്ടപ്പോൾ, അതിന്റെ മേൽഭാഗം ശീതമായും, ശുദ്ധമായിരിപ്പാനും അതിൽ ഉള്ള ജീവജന്തുക്കൾ സൌഖ്യമായി വസിപ്പാനായിട്ടും, വായുവ സൃഷ്ടിക്കപ്പെട്ടു. വായുവിന മൂന്ന മൂലങ്ങൾ ഉണ്ടെന്ന, വിദ്വാന്മാർ പറയുന്നു, നൈററ്രജനും, ഒക്സിജനും, കാർബോനും. ഇങ്ങിനെ മൂന്നായി വിളിക്കപ്പെടുന്നു. വായു ഒതുക്കത്തക്കതിന്മണ്ണമുള്ളതാകുന്നു; അത എന്തെന്നാൽ, ഒരു വെറുമ്പാത്രം കവിഴ്ത്തി, വെള്ളത്തിൽ അമർത്തി എന്ന വരികിൽ, പാത്രം മുങ്ങുന്നതിന ഒര എതൃപ്പ കാണുന്നുണ്ട, കൈക്ക ബലം കൊടുത്താൽ പാത്രം താഴുന്തോറും എതൃപ്പ കൂടുകയും ബലം കുറക്കുമ്പോൾ പാത്രം വെള്ളത്തിൽ പൊങ്ങുകയും ചെയ്യും. പാത്രത്തിൽ വായു ഉണ്ടെന്ന അറിവാൻ, അതിനെ അല്പമായി ചരിച്ചാൽ, കുമളകൾ വക്കിന കീഴിൽനിന്ന പുറപ്പെടും. കുളിരകാലങ്ങളിൽ വായുവിന വഴക്കം കുറയുന്നതാകുന്നു. ഭൂമിക്ക ചുററും നാല്പത നാഴിക പൊക്കം വരെ വായു കാണപ്പെടുന്നതും, എല്ലാവസ്തുക്കൾക്കും മീതയും എല്ലാ ഭാഗങ്ങൾക്കും, ഒരുപോലെ ഭാരമായി വ്യാപിച്ചിരിക്കുന്നു. ഓരൊ ചതുര അംഗുലം ൧൫ റാത്തൽ ഭാരം വഹിച്ചിരിക്കുന്നതിനാൽ, മനുഷ്യശരീരത്തിന്റെ പുറഭാഗം ൧൫ ചതുരച്ചുവട ആകകൊണ്ട, അവൻ ൩൨,൪൦൦ റാത്തൽ ഭാരം വഹിച്ചിരിക്കുന്നു. എങ്കിലും ഈ ഭാരം അകത്തും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കകൊണ്ട, ഒട്ടും തന്നെ പ്രയാസം ഇല്ലന്ന, വഹിക്കുന്നവന തോന്നുന്നു. വാ

യ്യ വെളിച്ചത്തിന്റെ രശ്മിയെ പ്രതിബിംബിക്കുന്നുണ്ട, ഇത ആദിത്യൻ ഒരു മേഘത്താൽ മൂടപ്പെട്ടിരിക്കുമ്പോൾ, വെളിച്ചത്തിന്റെ രശ്മി എല്ലാ ഭാഗങ്ങളിലേക്ക, വരകളായി പുറപ്പെടുന്നുണ്ടെന്ന നാം കാണുന്നു. ആകാശവില്ല എന്നുള്ളത ഈ രശ്മിവരകൾ, വായുവിൽകൂടെ കടന്ന, പെയ്യുന്ന മഴയിൽ തട്ടുമ്പൊൾ, പല വൎണ്ണമായി കാണപ്പെടുന്നതാകുന്നു. വായു ഇല്ലുന്ന വരികിൽ, ശബ്ദം ഉണ്ടാകുക ഇല്ല. ശബ്ദം വായുവിന്റെ ഇളക്കത്താൽ അത്രെ ഉണ്ടാകുന്നത. ശബ്ദം ഇല്ലുന്ന വരികിൽ, സംസാരം ഇല്ലാ എന്ന വരും. ഓരൊ ശബ്ദങ്ങളുടെ അടയാളങ്ങൾ കയ്യക്ഷരമാകകൊണ്ട, വായു ഇല്ലുന്ന വരികിൽ, എഴുതുന്നതു തന്നെയും, നിന്നുപോകും. ശബ്ദം ഇല്ലുന്നുവരുമ്പോൾ, ചെവിയാൽ കേൾക്കുന്നതും, ഇല്ലുന്ന വരികെ ഉള്ളൂ. വായു വെളിച്ചത്തെ പ്രതിബിംബിക്കാതെ ഇരുന്നാൽ, കണ്ണിന കാഴ്ച കുറയുന്നത തന്നെഅല്ല, പല വൎണ്ണങ്ങളായ നിറങ്ങളും, പ്രകാശത്തിന്റെയും നിഴലിന്റെയും കൂടി കാഴ്ചകൾ, മനുഷ്യൎക്ക കാണ്മാൻ എടയില്ലാതെ വരും.

## മേഘം, മഴ മുതലായത.

മുൻപറഞ്ഞ വായുവിന്റെ അംശങ്ങളുടെ ഇടയിൽ, ഏതാനും തണുപ്പം ഈറം എല്ലാപ്പോഴും കാണപ്പെടുന്നതാകുന്നു, ഇത തുലൊം മൃദുവായ തുള്ളികൾ ആയിട്ട, ഭൂമിയിൽ നിന്ന മേല്പട്ട ആവിയായി പൊങ്ങി, വായുവിന്ന എടച്ചിൽ ആയി തുങ്ങപ്പെടും. ഒര സ്പോംഗൊ, ഘനത്ത കമ്പിളിയൊ വെള്ളം വലിച്ച പിടിക്കുന്നതുപോലെ, അത്രെ, ഇത ഉണ്ടാകുന്നത, ഈ പ്രവേശനം അധികം ഉഷ്ണമുള്ള ദിവസങ്ങളിൽ, എല്ലാ ഈത്തസ്ഥലങ്ങളിൽ കാണപ്പെടുന്നു, കാററ ഉഷ്ണമായിട്ട ഊതിയാൽ, ആവി അധികമായിട്ട മേല്പോട്ട എടുക്കും, തണുപ്പുള്ള ദിക്കുകളിൽനിന്ന കാററ ഊതുമ്പോൾ, ആവി കുറഞ്ഞ കാണത്തുള്ളൂ. വെള്ളം തിളയ്ക്കുമ്പോൾ, തണുപ്പ മേല്പോട്ട എടുക്കുന്നത, എല്ലാവൎക്കും കാണപ്പെടുന്നതാകുന്നു. ഭൂമിയോട ചേൎന്ന കിടക്കുന്ന, വായുവിന്റെ അടുക്കുകൾ, ആദ്യം പൊങ്ങുന്ന ആവി തുള്ളികളെ പിടിച്ച, ഭൂമിയുടെ ഉഷ്ണംകൊണ്ട മേല്പോട്ട മാറിയതിന്റെ ശെഷം, പിൻ വരുന്ന അടുക്കുകൾ ഇതപോലെ തണുപ്പ എടുക്കുകയും മാറുകയും ചെയ്തുവരുന്നു, ഇവ ആകാശത്തിലോട്ട പൊങ്ങുംതോറും, കുളൎന്ന ആവിത്തുള്ളികൾ കൂടികൂടി വീൎത്തവരുന്നത, മഴക്കാറായി തീൎന്ന, മേഘങ്ങൾ എന്ന വിളിക്കപ്പെടുന്നു: വെള്ളം കൂടുന്തോറും ഭാരം കൂടുന്നതാകകൊണ്ട, വായുവിന അതിനെ വഹിപ്പാൻ വഹിയാ എന്ന

വരുമ്പോൾ, തുള്ളികൾ ആയിട്ട തിരികെ ഭൂമിയിലേക്ക വീഴും. വെള്ളം ഒന്നിച്ച ഘനമായിട്ട ഭൂമിയിലേക്ക വീഴാത്തത, മേഘം ഭൂമിയിൽനിന്നുള്ള അകലംകൊണ്ടും, ഇടയിൽ ഉള്ള വായുവിന്റെ പ്രവേശനംകൊണ്ടും, ആകുന്നു. വെടിവെപ്പാനുള്ള ചില്ലകൾ, ഉണ്ടാക്കുന്ന ആളുകൾ, ഇത അറിഞ്ഞ, അധികം പൊക്കം ഉള്ള മാളികയിൽനിന്ന, ൟയം ഉരുക്കി, ഓട്ടയുള്ള തകിട്ടേൽ പകരും; മാളിക ചുവട്ടിൽനിന്ന ഉരുണ്ട ചില്ലകൾ എടുക്കയും ചെയ്യും. വെനല്ക്കാലങ്ങളിൽ, അധികം മഴയില്ലാത്തത, ഉഷ്ണമുള്ള കാററിനാൽ ദൂരദേശത്തിലേക്ക ആവിതുള്ളികൾ കൊണ്ടുപോകപ്പെടുന്നതകൊണ്ടാകുന്നു. മഴത്തുള്ളികൾ, വീഴുന്ന വഴിയിൽവെച്ച കുളിരകൊണ്ട ഉറച്ചാൽ, കൽമഴയായി തീരും; ആവി തുള്ളികളായി കട്ടപിടിക്കുന്നതിനുമുമ്പെ, അധികം തണുപ്പുള്ള കാററ ഏല്ക്കപ്പെട്ടാൽ, ഉറച്ച, ചെറിയ പൂടകൾ വീഴുന്നതപൊലെ, ഹിമം ആയി കാണപ്പെടുകയും ചെയ്യും. മൂടൽമഞ്ഞ എന്ന കാണുന്നത, കാററില്ലാത്ത സമയങ്ങളിൽ ഭൂമിയോട ചേൎന്ന നീങ്ങിപോകുന്ന മേഘങ്ങൾ ആകുന്നു. ചില രാജ്യങ്ങളിൽ അധികം വനങ്ങളും, മണൽപ്രദേശങ്ങളും ഉണ്ടാകകൊണ്ട, ഭൂമിയുടെ ഉണക്കിനാൽ, ആവി മെല്പട്ട എടുക്കപ്പെടുക ഇല്ല, മഴ ഇതിനാൽ ആ ഇടങ്ങളിൽ ഉണ്ടാകുന്നതും അല്ല.

## മഞ്ഞ.

രാത്രിയിൽ ഭൂമിയിൽനിന്ന വലിയുന്ന തണുപ്പാകുന്നു. ആദിത്യൻ അസ്തമിച്ചശേഷം, ആകാശം തെളിഞ്ഞ മേഘങ്ങൾ കൂടാതെ ഇരിക്കുമ്പോൾ മാത്രം, മഞ്ഞ നിൎമ്മിക്കപ്പെടുന്നു, അത എന്തെന്നാൽ, അപ്പോൾ ഭൂമിയുടെ മേൽഭാഗങ്ങൾ, സൂൎയ്യന്റെ രശ്മിയാൽ ലഭിച്ച ചൂട, വിട്ട, ആശ്വാസപ്പെടുന്നു. ൟ തണുക്കുന്നത, എല, പുല്ല, രോമമുള്ള, നീണ്ട മുനയായിട്ടുള്ള വസ്തുക്കൾക്ക, അധികം ആകുന്നു. ൟ മുനകൾ, ചുറവുമുള്ള മണ്ണിനുമുമ്പെ തണുക്കപ്പെടുന്നതാകകൊണ്ട, വായുവിന്റെ പ്രവേശനത്താൽ വെള്ളങ്ങൾ തുള്ളിതുള്ളി ആയിട്ട കാണിക്കുന്നു. എല്ലാവായുവിലും വെള്ളമുണ്ടെന്ന എളുപ്പത്തിൽ കാണിക്കാം, തണുപ്പുള്ള ദിവസത്തിൽ ഒരു മുഖകണ്ണാടി എടുത്ത, ശ്വാസം പിടിക്കത്തക്കതിനുമുന്നം തന്റെ മുഖത്തോട അടുപ്പിച്ച വെച്ചാൽ, അതിന്മേൽ തുള്ളിതുള്ളി ആയിട്ട തണുപ്പ വീഴും. അല്ലെങ്കിൽ മനുഷ്യർ അധികമുള്ള ഒരു ഉൾമുറിയിലേക്ക ഒരു കുപ്പിയിൽ നന്നാത്തണുത്ത വെള്ളം നിറച്ച, കൊണ്ടുവന്നാൽ, കുപ്പിയുടെ പുറത്ത, മഞ്ഞഭാഷ്പയായി നിന്ന വെള്ള

മായിട്ട ഒഴുകും. മഴക്കാറ ഉള്ള രാത്രിയിൽ മഞ്ഞ കാണപ്പെടുക ഇല്ല എന്തന്നാൽ ഇങ്ങിനത്ത രാത്രിയിൽ വായുവിന ചൂടായിരിക്കയും, ഭൂമിയിൽനിന്ന നീക്കപ്പെട്ട ഉഷ്ണം മേഘങ്ങൾ തിരികെ അയക്കുന്നു. രാത്രിയിൽ മനുഷ്യശരീരം മൂടപ്പെടാതെ കാററുകൊള്ളുത്തക്കവണ്ണം കിടന്നാൽ, ഉഷ്ണം അതിവേഗമായി വിട്ടുന്നതകൊണ്ട, ഇതിനാൽ പല രോഗങ്ങളും ഉണ്ടാകുന്നു. എങ്കിലും ശരീരത്തിന്റെ ചൂട പോകാതെ, കമ്പളിയൊ പായയൊ കൊണ്ട മൂടപ്പെട്ടുമ്പോൾ, മനുഷ്യന സൌഖ്യമായിരിക്കുന്നു.

## കാററുകൾ, വർഷങ്ങൾ.

ഇവ ചൂടിന്റെ ഏററക്കുറച്ചിലിനാൽ, വായുവിന വരുന്ന എളക്കങ്ങൾ ആകുന്നു. മുൻ കാണിച്ചപ്രകാരത്തിൽ, വായുവിന വഴക്കമുണ്ടാകയും, ചൂടിനാൽ ഘനം കുറകയും വീക്കയും ചെയ്യുന്നതകൊണ്ട, ഭൂമിയുടെ ഓരൊ ഭാഗങ്ങളിൽ ഉള്ള വായു ഇങ്ങിനെ ഘനം കുറഞ്ഞ മേല്പട്ടുപൊങ്ങി, മററ ഭാഗങ്ങളിൽ ഉള്ള തണുത്ത വായു, ഠരം ചൂട ദിക്കിലേക്ക അതിവേഗത്തോടെ പ്രവേശിക്കുമ്പൊൾ, ഠരം വായുവിന്റെ ഒഴുക്കുകൾ കാററ എന്ന വിളിക്കപ്പെടുന്നു. ആ ദിക്കിലെ വായു, ഒരുപോലെ സമച്ചൂടായിട്ടും, ഒരു ഘനമായിട്ടും ആകുമ്പോൾ കാററ ശമിച്ചു, സമാധാനം ഉണ്ടാകുന്നു. എന്നാൽ എല്ലാ ദിക്കുകളിലും വായുവിന ചൂട വ്യത്യാസം ഏതപ്രകാരത്തിൽ എങ്കിലും വന്നാലും, വായുവിന്റെ ഘനക്കുറച്ചിലിൻപ്രകാരം ഏറെ ഘനം കുറഞ്ഞാൽ, അധികം കാററുണ്ടാകയും; അസാരം കുറഞ്ഞുതന്ന വന്നാൽ, കുറഞ്ഞ കാററ ഊതുന്നതും ആകുന്നു. ഇതിനെ സാക്ഷീകരിക്കാം; ഒര വലിയ ഉരുളി, തണുത്ത വെള്ളംകൊണ്ട നിറച്ചു, അതിന്റെ നടുവിൽ ഒരു നെരിപ്പോട തീകൊണ്ട, നിറച്ചു വെക്കണം: വെള്ളം കടലിനെ നിഴലിക്കുന്നു, തീയ്യിരിക്കുന്ന പാത്രം, ചൂട പിടിച്ച ഭൂമി, അതിന്റെ ചുററം ഇരിക്കുന്ന വായുവിനെ ചൂടാക്കി, ഘനം കുറപ്പിക്കുന്നതിനെ കാണിക്കുന്നു. ഇതിന്റെ ശേഷം, വിളക്കിൽനിന്ന കൊളുത്തിയ തിരി എടുത്ത, ഊതി, ഉരുളിയുടെ ഏത വശത്ത എങ്കിലും പിടിച്ചാൽ, തിരിയുടെ പുക വെള്ളത്തിന്റെ നടുക്കിരിക്കുന്ന തീയ്യുടെ ചൊവ്വ പോകും. വെള്ളത്തിന്റെ മീതെ ഉള്ള തണുത്ത വായു, തീയ്യിൽ നിന്ന നീങ്ങി, ഘനം കുറഞ്ഞ, വായുവിന പകരം, പുക കൂടിയ വായു പോകകൊണ്ടത്രെ; ഇത കാണുന്നത. ഇതിന്റെ ശേഷം, നെരിപ്പോട വെള്ളത്തിൽനിന്ന നീക്കി, ഉരുളിയുടെ ചുററം കുറെ നീങ്ങി, അഞ്ച, ആ

ാ, ദിക്കിൽ തീ പററിക്കണം. ഇപ്പോൾ പുകയുന്ന തിരി വെള്ളത്തിന്റെ മീതെ പിടിച്ചാൽ, പുക വെള്ളത്തിന്റെ മീതെയിൽനിന്ന, തീ പററിച്ചിരിക്കുന്ന ചൊവ്വ, പുറത്തോട്ട നീങ്ങുകയും ചെയ്യും. ൧൦. രണ്ട സാക്ഷികളാൽ, വേനൽക്കാലങ്ങളിൽ പകൽ സമയത്ത, തണുപ്പുള്ള കടലിൽനിന്ന കരക്കോട്ട കാററ ഊതുന്ന കാരണം, ഇന്നത എന്നും, രാത്രി സമയങ്ങളിൽ അധികം തണുപ്പുള്ള മലകളിൽനിന്ന, താണ നിലങ്ങളിലേക്ക, കാററ ഊതുന്നത ഇന്ന കാരണം എന്നും, നമുക്ക കാണാം. ഇത കൂടാതെ കാററ മാറി വീഴുന്നതിന, ചില കാരണങ്ങൾ ഉണ്ട: ഭൂമി പടിഞ്ഞാററിന്ന കിഴക്കോട്ട സകല നേരവും മറിയുന്നതകൊണ്ട, ഭൂഗോളത്തിന്റെ മദ്ധ്യചക്രത്തിന സമീപെ, ഉള്ള സ്ഥലങ്ങളിൽ കിഴക്കൻകാററ അധികം ഊതുന്നതാകുന്നു. ആദിത്യൻ ഉത്തരായനത്തിന സമീപിക്കുമ്പോൾ, വടക്കപ്രദേശങ്ങൾക്ക, ചൂട കൂടുകയും, തെക്കെ സമുദ്രത്തിന, തണുപ്പ ഏറുകയും ചെയ്യുന്ന കാരണത്താൽ, തെക്കൻകാററ അധികമായിട്ട ഊതി, കടലിൽനിന്ന മഴക്കാറുകൾ ഉണ്ടായി, ഉത്തരായനത്തിന സമീപെ ഉള്ള ദേശങ്ങളിൽ, വൎഷങ്ങൾ ഉണ്ടാകുന്നത. ആറുമാസത്തെക്ക, ആദിത്യൻ ഭൂഗോളത്തിന്റെ മദ്ധ്യചക്രത്തിന തെക്കോട്ട മാറുന്നതാകകൊണ്ട, കാററുകളെ വടക്കുനിന്ന തെക്കോട്ട വലിക്കയും, ദക്ഷിണായനത്തിന സമീപം ഉള്ള, രാജ്യങ്ങളിൽ വൎഷം ഉണ്ടാകയും, ഉത്തരായനത്തിൽ, വേനൽകാലവും ആയി തീരുന്നു. കാററ വല്ല്യ കലശലായി ഊതുമ്പോൾ, ഒരു മണിനേരംകൊണ്ട, നൂറ നാഴിക വഴി ഓട്ടം; അതിന വിരോധമായി നില്ക്കുന്ന യാതൊരു വസ്തുവിനും, ഓരൊ ചതുരച്ചുവടിനിടയിൽ, ൫൦ റാത്തൽ ഭാരമായി തട്ടും; ൧൦. ഞെരുക്കം പെട്ടന്ന ഉണ്ടാകയും, ഒരു വശത്ത അധികമായി കൊള്ളുന്ന കാരണത്താൽ മരങ്ങൾ ഭവനങ്ങൾ മുതലായ്യ, നശിച്ചുപൊകുന്നു. അഫ്രിക്കായിലെ വനങ്ങളിൽനിന്ന സാമിയെൽ എന്നും, സൈമൂൻ എന്നും, ചില കാററുകൾ ഉണ്ട; ഇവയാൽ മണൽ നീങ്ങി, വഴിയാത്രക്കാർ മൂടിപൊകയും, വായുവിന്റെ ചൂടകൊണ്ട, വളരെ ജീവജന്തുക്കൾ ശ്വാസം മുട്ടി, ചാകയും ചെയ്യുന്നു. ഭൂമണ്ഡലത്തിന്റെ വടക്കും, തെക്കും, മുനകളിൽ, സമുദ്രം കുളിരിനാൽ ഉറച്ചിരിക്കകൊണ്ട, ബഹു കുളിരുന്ന കാററ, എട്ടഎട്ട മാസം ഊതുന്നു, ഇത, എത്തുന്ന പ്രദേശങ്ങളിൽ ഒക്കയും നീര ഉറക്കയും, ജീവനുള്ള വസ്തുക്കൾ മിക്കതും നാശം ഭവിക്കാതെ ഇരിപ്പാൻ, ദൂരദിക്കുകളിലേക്ക ഓടി പോകയും ചെയ്യും.

## ചുഴലിക്കാററ, ജലച്വരുൾകൾ.

രണ്ട എതൃഭാഗങ്ങളിൽനിന്ന, കാററ ഒരു ദിക്കിലേക്ക ബലമായിട്ട ഊതിയാൽ, ചുഴലിക്കാററ എന്ന വിളിക്കപ്പെടുന്നതാകുന്നു. ഒരുപോലെ ഊതിയാൽ, കുറെ നേരത്തെക്ക മാത്രം നിലനില്ക്കു ഉള്ളൂ. ഇവയിൽ ഒന്നിന ബലം കൂടിയാൽ കട്ടപ്പം കൂടി വരികയും, നീങ്ങിപോകയും, വളരെ നാശങ്ങൾ വരുത്തുന്നതും ആകുന്നു. ഉഷ്ണകാലങ്ങളിൽ മാത്രം ഉണ്ടാകുന്നത കൊണ്ടും മററും, ഇടിത്തീയുടെ പേരുപ്പം കൊണ്ടും എതൃക്കാററുകൾ ഉണ്ടാകുന്നതാകുന്നു, എന്ന വിദ്വാന്മാർ ഊഹിച്ചിരിക്കുന്നു. ഒരു ചുഴലിക്കാററ അധികം വെള്ളമുള്ള സ്ഥലത്തിലേക്ക കടക്കുമ്പോൾ, ജലച്വരുളുകൾ ഉണ്ടാകുന്നു, ഇവയുടെ കാഴ്ച ഇതുതന്നെ, ഒരു വലിയ മഴക്കാറിൽ പെട്ടന്ന ഒരു തൂണിന്റെ ഭാഷയായിട്ട, കീഴ്പട്ട എറങ്ങുന്നത കാണാം: ഇതിന നീളം കൂടി കൂടി വരികയും, മറെറാരു തൂണ ഇതിന്മണ്ണും തന്നെ, വെള്ളത്തിൽനിന്ന പൊങ്ങുകയും; ഇവ തമ്മിൽ കൂടുന്ന ഉടനെ, ഇടിവാൾ മിന്നുകയും ചെയ്യും. കാററ കുറയുന്ന സമയങ്ങളിൽ, ൟ കൂടിയ തൂണ, തൂക്കമായിട്ട സാവധാനമായി, കടന്നപോകും. കലശലായിട്ട ഉണ്ടാകുമ്പോൾ, വളഞ്ഞും പൊളഞ്ഞും, അധിക ശബ്ദത്തോടെ ഓടിപോകും. മിക്കപ്പോഴും ഒരു തൂണ കാ ണകെ ഉള്ളൂ, എങ്കിലും ചിലപ്പോൾ അഞ്ചും എട്ടും ഉണ്ടാകുന്നതാകുന്നു. ജലച്വരുളുകൾ, വെള്ളം കടലിൽനിന്ന മഴക്കാറിലോട്ട എടുക്കപ്പെട്ടും, അതിന ഭാരം കൂടി വായുവിന വഹിപ്പാൻ വഹിയ, എന്ന വരുമ്പോൾ, കാറ ഭ്രമിയിലോട്ട ഒഴകി വെള്ളത്തിന്റെ ഏററംകൊണ്ട, വീടുകൾ, കപ്പലുകൾ മുതലായത, ഛേതം വന്നിട്ടും ഉണ്ട. കപ്പല്ക്കാർ ജലച്ചരുളുകൾ വരുന്നത കാണുമ്പോൾ, പീരങ്കിവെടി വെക്കും. വെടിയുടെ സ്വരത്താൽ, വായു കുലുങ്ങി, ജലച്വരുള കപ്പലിനോട അടുത്ത വരുന്നതിന മുമ്പെ, പൊട്ടി, വെള്ളം ഒഴകിപോകയും ചെയ്യും. കടപ്പുറത്ത വസിക്കുന്ന ആളുകൾക്ക, വൎഷം തുടങ്ങുന്ന കാലങ്ങളിൽ ൟ വിവരങ്ങളെ കാണ്മാൻ ഇടയുണ്ട.

## ഇടിത്തീ.

ഭ്രമിക്കു മീതെയും, അതിൽ ഉള്ള സകല വസ്തുക്കൾക്കും, മൃഗങ്ങൾക്കും, മിക്കപ്പോഴും പ്രത്യക്ഷമില്ലാത്തതും, എങ്കിലും എല്ലാടവും വ്യാപരിക്കുന്ന ഒരു ശക്തിയുണ്ട. ചൂടും, പ്രകാശവും, എല്ലാ ദിക്കുകളിൽ മാത്രവമായിട്ടിരിക്കയും, സകലത്തിനെയും ശക്തി പിടിപ്പിക്കുകയും, വളൎച്ചക്കുള്ള രക്ഷ കൊടുക്കുന്നത പോലെ, ൟ ശക്തിയും കൂടുന്നു. ഇത ഓരൊ ദിക്കിൽ അ

ധികമായിട്ട കൂടി, ഇളക്കങ്ങൾ ഉണ്ടാകുമ്പോൾ, ഇടിമിന്നൽ ആയിട്ട ചിലപ്പോൾ രാത്രിയിൽ ആകാശ മണ്ഡലത്തിൽനിന്ന, വെടിക്കെട്ടിലെ തീപ്പൊരികൾ വീഴുന്നതപോലെ, നക്ഷത്ര വീഴ്ചയായിട്ട നാം കാണുന്നു .രം വ്യാപരിക്കുന്ന ശക്തി, ഇടിമുഴക്കങ്ങൾ ഉണ്ടാക്കുകയും, ചിലപ്പോൾ പുരമുതലായിട്ടുള്ളതിനെ തീ പിടിപ്പിക്കുകയും ചെയ്യുന്ന കാരണത്താൽ, ഇടിത്തീ എന്ന വിളിക്കപ്പെട്ടിരിക്കുന്നു. ഇടിത്തീ എന്ന പറയുന്നത, വായുവിനോട കൂടെ, സകല വസ്തുക്കളുടെ മേൽഭാഗത്തിൽ ഉള്ള വിസ്താരത്തിൽ വിഭാഗിച്ചിരിക്കുന്നു, ഭാരം സംബന്ധിക്കുന്നില്ല. ഒരു ശരീരത്തിൽ അധികമായിട്ട കൂടി മറെറാന്നിലേക്ക പ്രവേശിക്കുമ്പോൾ, തീപ്പൊരിയായിട്ട പുറപ്പെടുന്നത, കണ്ണിനാൽ കാണുകയും; കുറഞ്ഞിരിക്കുമ്പോൾ അല്പമായിട്ടുള്ള ചില ഒച്ചകളും; കൂടുമ്പോൾ ഇടിമുഴക്കമായിട്ടും കേൾക്കുന്നു. ചൂടും ഉരവുംകൊണ്ട ഇടിത്തീ ചില വസ്തുക്കളിൽ വേഗം കൂടി, മററ അല്പസാധനങ്ങളെ അതിനോട ആകൎഷിക്കും. ഇങ്ങിനെ മുദ്രയരക്കും, കണ്ണാടിയും, മററും തിരുമ്മി ചൂട പിടിപ്പിച്ചാൽ, പൂടകളും കൊച്ചുമറിക്കടലാസുകളും ആകൎഷിച്ചിട്ട, തള്ളിക്കളകയും ചെയ്യും. മഴപെയ്യുന്ന കാലങ്ങളിലും, മഞ്ഞുള്ളപ്പൊഴും, ഭൂമി തണുപ്പിക്കപ്പെട്ട ഇടിത്തീ മേഘങ്ങളിലേക്ക എടുക്കപ്പെടും. അധികം ചൂടും കാററുമില്ലാത്ത സമയങ്ങളിൽ, ഇടിമുഴക്കം അധികം ഉണ്ടാകുന്നു; ഇടിയും മിന്നലും ഉണ്ടാകുന്നത, മേഘങ്ങളിൽ അധികമായത തിരികെ ഭൂമിയിലേക്ക അയക്കുന്നതാകുന്നു, ചൂടുള്ള അയനങ്ങളിൽ, വൎഷം തുടങ്ങുന്ന കാലത്തും, മാറുവാൻ ഉള്ള സമയത്തിലും, ഇടിമിന്നൽ അധികം ഉണ്ടാകും. ഇത ചൂടിൻെറ പെരുപ്പംകൊണ്ടും, കാലഭേദം കൊണ്ടും വരുന്നതാകുന്നു, മിന്നൽ കാണുകയും, മുഴക്കം കേൾക്കാതെയും ഇരിക്കുന്ന കാരണം, ഇടിത്തീയുടെ ഇളക്കം പത്ത നാഴികക്കപ്പുറം ഉണ്ടാകുന്നതകൊണ്ടത്രെ കേൾക്കാത്തത: ഇടിവാള പെട്ടന്ന മിന്നുകയും, ഒച്ച ഉടനെ കേൾക്കയും ചെയ്യുന്നത, തുലോം അടുത്തിരിക്കുന്ന കാരണവും, ഭയപ്പെടുവാനുള്ളതും ആകുന്നു.

---

## അഞ്ചാം അദ്ധ്യായം.

### ചില വിശേഷ മൃഗങ്ങളുടെ ചരിത്രങ്ങളും, കവിതക്കാരാൽ ഉണ്ടാക്കപ്പെട്ട കഥകളും ആന്തരാൎത്ഥങ്ങളും.


### സിംഹം.

ഇവൻ എല്ലാ മൃഗങ്ങളുടെയും രാജാവ തന്നെ. തലയി

ലും കഴുത്തിലും എഴുന്ന മഞ്ഞ നിറമുള്ള രോമങ്ങൾ അവന്റെ പ്രഭുത്വം ശോഭിപ്പിക്കുന്നു. ഇവന്റെ ആകൃതി, ഏകദേശം കടുവായെ പോലെ തന്നെ, എങ്കിലും വൎണ്ണം തുലോം കൂടും. വാല്ക്കൂടത്തിൽ ഒരു മുള്ളുണ്ടു, നാലാം വയസ്സിൽ, പുരുഷന്ന സ്കന്ധരോമങ്ങൾ ഉണ്ടായി, പൂൎണ്ണശരീരനായി. ക്രൂരനായ ഒരു മനുഷ്യനെ തന്റെ വാലാട്ടം കൊണ്ടു നിലത്തു വീഴിക്കുന്നതും, പുഷ്ടിയുള്ള കാളയെ പിടിച്ചു ദൂരത്തു തൂക്കികൊണ്ടുപോകുന്നതും, ഇവന്ന കളിവേലകൾ ആകുന്നു. ഇര പിടിക്കുന്നതിൽ സ്കന്ധരോമങ്ങൾ കുടഞ്ഞു, വാൽ ഉയൎത്തി, മിന്നുന്ന കണ്ണുകൾ ഉരുട്ടി മിഴിച്ചു, നാലു കാലിന്മേൽ കുനിഞ്ഞു നിന്നു ലറി, പതിനഞ്ചു കോൽ ദൂരം ചാടും, ലാക്കു തെറ്റിപോയാൽ നാണിച്ചു പിൻ വാങ്ങും. പുലിയെ പോലെ ഇവൻ രക്തപ്രിയനല്ല. കാള, കുതിര, മാൻ, കാട്ടുപന്നി, മുതലായതിനെ വളരെ കൊല്ലാതെ, വിശപ്പു അടക്കുവാൻ മാത്രം ഹിംസിച്ചു തിന്നും. നാറുന്ന വസ്തുക്കൾ അവന്ന വെറുപ്പു. രാത്രിയിൽ കാഴ്ച അധികമാകയാൽ, പകൽ ഏറെ സഞ്ചരിക്കുന്നില്ല. കുതിരയെക്കാൾ അധികം ഓട്ടം ഉള്ളതിനാൽ, അതിൽ രക്ഷപെടുകയില്ല, ദൃഷ്ടിയോടു ദൃഷ്ടി പതിച്ചു, ഒരു തൂണു പോലെ നില്ക്കുന്നതിൽ മാത്രം രക്ഷ കിട്ടും. സിംഹിക്കു ചിന പിടിച്ചു നൂറെട്ടു ദിവസം ചെല്ലുമ്പോൾ, ഒന്നു മുതൽ ആറോളം പെറും, ഇവൾക്കു പാതി വ്യത്യാസവും ഉണ്ടു. സ്കന്ധരോമം കറുത്തും, ശേഷം പാടല വൎണ്ണമായും, ഒരു ജാതി പാൎശ്വിയിലും, നന്നാ കറുത്ത, എല്ലാ സിംഹങ്ങളിലും പൊക്കം ഏറിയ വെറൊരു വക, കാപ്രിയിലും കാണ്മാനുണ്ടു.

പണ്ടത്തെ കാലങ്ങളിൽ സിംഹങ്ങളെ സ്വാധീനമാക്കി യുദ്ധത്തിന്ന കൊണ്ടുപോയി. അജ്ഞാനികളായ റോമാരാജാക്കന്മാർ, കളിക്കായിട്ടു ചിലപ്പോൾ അറുനൂറോളം ഒരു രംഗസ്ഥലത്തു കൂട്ടി വിട്ടു, ഇവരുടെ യുദ്ധം കൊണ്ടു കൊല്ലിച്ചു വന്നിരുന്നു. കാഴ്ചക്കായിട്ടു ലന്തനിലെ പ്രധാന ആയുധശാലയിൽ, മുമ്പെ സിംഹങ്ങളെ വരുത്തി രക്ഷിച്ചു വന്നിരുന്നു. ഒരു ദിവസം സിംഹത്തിന്ന ഒരു കറുത്ത നായെ ഭക്ഷണത്തിന്നായിട്ടു കൂട്ടിൽ എറിഞ്ഞപ്പോൾ, അതിനെ നക്കി, സിംഹം ശോധന കഴിച്ചു, ഘ്രാണിച്ചു, തിരിച്ചും മറിച്ചും ലേഹനം ചെയ്തു: ഭക്ഷണം കൊടുത്തപ്പോൾ സിംഹം അതിനെ തൊടാതെ ദൂരത്തു വാങ്ങി കണ്ണുകൊണ്ടു നായെ ക്ഷണിച്ചു, പേടിനീങ്ങിയപ്പോൾ മാംസത്തിന്നടുപ്പിക്കയും, തൊടുകയും മറ്റും സിംഹപ്രവൃത്തികൾ കൊണ്ടു വളരെ ദിവസം കഴിയുന്നതിന മുമ്പെ, അവർ തമ്മിൽ അധികം സ്നേഹിച്ചു, എ





പ്പോഴം കളിക്കയും, ഒരുമിച്ച ഭക്ഷിക്കയും, ഉറങ്ങുകയും ചെയ്യ വന്നു. ഒരു വൎഷം ചെന്നപ്പോൾ നായിക്ക ദീനം പിടിച്ച, വൎദ്ധിച്ച ചത്തുപോയി. സിംഹം അതിന ഉറക്കം മാത്രമെന്ന വിചാരിച്ചിട്ട, ലാളിച്ച മാററികിടത്തീട്ടും ഇളക്കമില്ലായ്കയാൽ, ചത്ത അവസ്ഥ അറിഞ്ഞാറെ, ഭക്ഷിക്കാതെയും, കുടിക്കാതെയും, ഉറങ്ങാതെയും കരഞ്ഞ വലഞ്ഞ, അഞ്ചാം പക്കം തൻെറ തല നായുടെ മേൽ വെച്ച മരിച്ചു. ൫ പത്രോസ ൭ അ വ്യ. വ. സിംഹത്തെ ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നത, വായനക്കാരാ വയിച്ചുകൊള്ളണം.

## കടൽ സിംഹം.

ഭൂഗോളത്തിൻെറ തെക്കും വടക്കുമുള്ള സമുദ്ര തീരങ്ങളിൽ സഞ്ചരിക്കയും, നീന്തി മീൻപിടിച്ച ഭക്ഷിച്ച, തൃപ്തി ആയ ശേഷം, അധികം കൂട്ടങ്ങളായിട്ട കരെക്ക കയറി, കിടന്നുറങ്ങുകയും ചെയ്യും, വലിപ്പത്തിൽ കടലാനയെക്കാൾ ചെറിയതാകുന്നു, എങ്കിലും മൂക്ക മുതൽ, വാൽ വരെ, പതിനെട്ട അടി നീളമായിട്ട കാണപ്പെടുമെന്ന നാം വായിക്കുന്നു, ഇവയുടെ കാലുകൾ നാലും, നീളം കുറഞ്ഞതും, വിരലുകൾ നീണ്ടു, തോലാൽ ഇട കെട്ടപ്പെട്ടതുമായി കാണുന്നു. കരസിംഹത്തിത്തിൻെറ നിറവും, സ്കന്ധരോമങ്ങളും ഇതിനും ഉണ്ടു. ഒരു പുരുഷന, മൂന്ന നാല സ്ത്രീകളോട ചേൎച്ചയുണ്ടാകകൊണ്ടു, കുട്ടികളിൽ ഇവന്ന വാത്സല്യമില്ല, പുഷ്ടിയുണ്ടാകകൊണ്ടു കുട്ടികൾക്ക നീന്തുവാൻ ബഹുമടിയുണ്ടു, എങ്കിലും സ്ത്രീകൾ ഇവരെ കഴുത്തേൽ എടുത്തുകൊണ്ടുപോയി; വെള്ളത്തിൽ മുക്കി, നീന്തൽ പഠിപ്പിക്കുന്നു. സ്ത്രീകൾക്ക വേണ്ടി പുരുഷന്മാർ തമ്മിലുള്ള കടികൊണ്ടു, സമുദ്രത്തെ ചുവപ്പിപ്പാൻ തക്കവണ്ണം രക്തനാശം വരുത്തും. കടൽസിംഹത്തിന നെയ്യധികം ഇല്ലായ്കകൊണ്ടും, ശൌൎയ്യം കഠിനമാകകൊണ്ടും, മററുള്ള കടൽ മൃഗങ്ങളെ അന്വേഷിക്കുന്നവർ, ഇതിനെ അന്വേഷിക്കാറില്ല.

## പാറയാൻ.

ഇത, രാത്രിയിൽ സഞ്ചരിക്കുന്ന ഒരു വക അണ്ണാനാകുന്നു, അതിൻെറ ഓരോ വശത്തുള്ള കയ്ക്കാലുകളുടെ ഇടയിൽ, വിസ്താരമായിട്ട തോൽ കൊണ്ടു കെട്ടിയിരിക്കുന്നു. ഇതിനാൽ പാറയാൻ ഉയൎന്ന മരങ്ങളിൽനിന്ന ചാടി, നൂറകോൽ വരെ അകലമുള്ള കൊമ്പിന്മേൽ എത്തുവാൻ തക്കവണ്ണം പ്രയാണം ചെയ്യും, പകൽ സമയത്ത തെങ്ങിൻ മടലുകളിലും, വലിയതായിട്ട ചില വൃക്ഷങ്ങളുടെ ദ്വാരങ്ങളിലും ഒളിച്ച കിട


ങ്ങും. ഇതിന്റെ ഒച്ച, കാപ്പ്രിക്കുന്നത പോലെ ആകയാൽ, രാഗക്കാരുടെ കൂട്ടത്തിൽ ഇതിനെ മാനിക്കുന്നില്ല, രാത്രികാലങ്ങളിൽ വൃക്ഷം തോറും പറന്ന വീഴുകയും, കായ്കൾ തിന്നുകയും, തെങ്ങിൻ കൂമ്പിന്റെ ചാർ കുടിക്കയും ചെയ്യും, ഏതാനും ശൂദ്രർ ഇവയുടെ മാംസം ഭക്ഷിക്കുന്നു. ൧൦ം അണ്ണാൻ ഒരു കുട്ടിയെ മാത്രം പ്രസവിച്ച, അതിന്റെ ചെറുപ്പത്തിൽ നെഞ്ചോട ചേൎത്തു കൊണ്ടുപോകയും ചെയ്യും.


## പറവമീൻ.

ഇത ചൂടുള്ള അയനങ്ങളിൽ, സമുദ്രത്തിൽ ഏകദേശം മത്തിയുടെ ഭാഷയിൽ, മൂന്ന ചാൺ നീളത്തിൽ കാണുന്ന ഒരു മത്സ്യമാകുന്നു. ഇതിന്റെ വാരിപ്പുറങ്ങളിൽ ഇരിക്കുന്ന ചിറകുകൾക്ക, ഉടലിന്റെ നീളം ഉണ്ടാകകൊണ്ട, മററ മീനുകളെക്കാൾ അധികം ദൂരത്തിങ്കൽ ചാട്ടുവാൻ ശക്തിയുണ്ട. തെക്കേ സമുദ്രത്തിൽ കാററ അല്പമായി അടിക്കുമ്പോൾ, ൧൦ം മത്സ്യങ്ങൾ ഓളങ്ങളിൽനിന്ന ചാടി, കാററ ഇവകളുടെ ചിറകുകളിൽ തട്ടിച്ച, ദൂരത്തിലേക്ക പറക്കും. ഇതിന്മണ്ണം ചിലപ്പോൾ സഞ്ചരിക്കുന്ന കപ്പലുകളുടെ ചുററും, അനേകം പറവ ജാതികൾ കളിച്ച സഞ്ചരിക്കുന്നത പോലെ, പറവമീനുകൾ കളിക്കുന്നത കാണാം.

## കാണ്ഡാമൃഗം.

ഇതിന്റെ മൂക്കിന്മേൽ അഞ്ചുവിരൽ വണ്ണവും, മുക്കാൽ കൊൽ നീളവും, ആയുധമായുള്ള ഒരു കൊമ്പുള്ളത കൊണ്ട കുത്തി, ഒരു കാളയെ കളിപ്പന്തുപോലെ മേല്പോട്ട എറിവാൻ പ്രയാസമില്ല. എങ്കിലും കോപിപ്പിക്കാതെ ആരെയും ഉപദ്രവിക്കയില്ല, ഇന്ത്യായിൽ ഉള്ള കാണ്ഡാമൃഗത്തിന്ന, ഒന്നര കനം ഉള്ള തോൽ ഉള്ളതും, പുറമൊക്കെയും ചുളിവായിരിക്കുന്നു, കാലുകളിൽ മുമ്മൂന്ന നഖം മാത്രമെ ഉള്ളു, പുല്ലും വെള്ളവും ഉള്ള സ്ഥലങ്ങളിൽ ഒററയൊററയായി കാണുകയും, ഇര തേടി നടക്കുന്ന സിംഹം, ഇവനെയും ആനയെയും കൂടി കണ്ടാൽ, ആനയെമാത്രം ഉപദ്രവിക്കും. പന്നിയെ പോലെ ചെളിയിൽ കിടക്കുകയും, മുരളുകയും ചെയ്യും. ചിലപ്പോൾ മദം ഇളകും, ൧൫൧൩ മാണ്ടിൽ, പൊൎത്തുഗാലിലെ രാജാവായ ഇമ്മാനുവേൽ, റോമായിലെ പാപ്പാൾക്ക അയച്ചിരുന്ന കാണ്ഡാമൃഗങ്ങൾ, കപ്പലിൽ വെച്ച മദമിളകി, കപ്പലിന്റെ നിരകളെയും, ഉത്തരങ്ങളെയും ഉടച്ചുകളഞ്ഞു, കാണ്ഡാമൃഗങ്ങ





ൾ മിക്കപ്പോഴും കറുത്തിരിക്കും, എങ്കിലും കാപ്രിയിൽ കാണുന്ന ഒരു ജാതിക്ക, കണ്ണിന്റെ നേരെ മുകളിൽ ചെറുതായ ഒരു കൊമ്പും കൂടെ ഉണ്ട, തോലിന ചുളിവും ഇല്ല. ൟ ജാതിയിൽ ചിലത മുഴുവനും നന്നാ വെള്ള നിറമുള്ളതും ഉണ്ട. ബ്രഹ്മപുത്ര നദിയുടെ തീരങ്ങളിൽ ഉള്ള കാണ്ടാമൃഗങ്ങൾ, അധികം ഉപദ്രവികൾ ആകുന്നു, അവിടെയുള്ള ആനയോട അധികം പിണക്കവും, എങ്കിലും അവിടെ നിന്നും, അയൊദ്ധ്യാ ദേശത്തിൽ നിന്നും, മിക്കതിനെയും സായ്പന്മാർ കൊന്നിരിക്കുന്നു, ൟ മൃഗത്തിന തലച്ചോറ അല്പം മാത്രമെ ഉള്ളു, കൺകാഴ്ച കുറവ തന്നെ, കൊമ്പ വിഷത്തോട ചേർത്താൽ അതിന്റെ നിറം ഉടനെ മാറുകയൊ, മറ്റൊരു പ്രകാരത്തിൽ അറിയിക്കയൊ ചെയ്യും, എന്ന ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നത ഭോഷ്കാകുന്നു, കന്നും കൊമ്പിനോളം തന്നെ, ഇതിന ഗുണമില്ല.

## നവ്വൽ.

ഇത മത്സ്യത്തിന്റെ ഭാഷയിൽ ഇരിക്കുന്നു, മാംസവും, രക്തവും, ഗോവിന്റേത പോലെയും, വലിപ്പം ൨൫ അടിയോളവും, വടക്കേ സമുദ്രങ്ങളിൽ ഉറച്ച വെള്ളങ്ങളുടെ ഇടയിൽ വസിച്ചിരിക്കുന്നതുമാകുന്നു, പുരുഷന വിശേഷ ലക്ഷണമായിട്ട, ൧൦ കോൽ നീളത്തിൽ പിരിവുള്ള ഒരു ദംഷ്ട്രം ഉണ്ട. എണ്ണത്തിൽ രണ്ടുണ്ട, എങ്കിലും ഒന്ന ചിലപ്പോൾ സാരമില്ലാത്തത, നീണ്ടിരിക്കുന്ന ദംഷ്ട്രത്തിന്റെ അഗ്രം ഒടിഞ്ഞുപോയാലും, പിന്നെയും മൂർച്ചയുള്ള മുന കാണുന്നതാകകൊണ്ട, ഉറച്ച വെള്ളം ഉടെപ്പാൻ പ്രയോഗിക്കുന്നത കൂടാതെ, ശത്രുക്കളെ വിരോധിപ്പാനും, കളിസമയങ്ങളിൽ സ്നേഹം പ്രകാശിക്കുന്നതിനും, ഇവർ ൟ ദംഷ്ട്രങ്ങൾ തങ്ങളിൽ കൂട്ടി ഉരുമ്മുന്നു. നെയ്വില ഏറെ ഇല്ലായ്ക കൊണ്ട, അതിനെ പിടിപ്പാൻ കപ്പൽക്കാൎക്ക ഏറെ താല്പൎയ്യമില്ല. എങ്കിലും ഇസ്കിമോക്കാർ, ഇതിനെ ഭക്ഷണത്തിന പിടിപ്പാൻ ഏറെ പ്രയാസപ്പെടുന്നു. ഒരു ചെറിയ വള്ളത്തിന്റെ ഭാഷയിൽ, കനം കുറഞ്ഞ പലകയും, നെയി തേച്ച തോലുകളും കൊണ്ട തീൎപ്പിച്ച വെള്ളം കയറാതെ വക്കുകളും അടച്ച, മനുഷ്യന ഇരിപ്പാൻ മാത്രം ഇടയുമിട്ട, ട്ടടക്കളി ഭാഷയിൽ ഉള്ള കുന്തവും എടുത്ത, നവ്വാലിനെ പിടിപ്പാൻ ഓരോരുത്തർ പുറപ്പെടും. ഉറച്ച വെള്ളം കുന്നു കുന്നായിട്ട കിടക്കുന്ന ദിക്കുകളിൽ, ൟ മൃഗം ഉറങ്ങി കിടക്കുന്നതാകകൊണ്ട, അവിടെ ചെന്ന കുന്തം ഏല്പിച്ച, അതിനോട ഉടക്കിയ കയറ വള്ളത്തേൽ കെട്ടുകയും,

നവ്വാലിന ക്ഷീണം ഭവിക്കുമ്പോൾ, അടുത്തു വന്ന വെട്ടി കൊല്ലുകയും ചെയ്യും.

## കോവർകഴുത.

കഴുതയ്ക്കു പാളച്ചെവികളും, ചുമലിൽ ഒരു കുരിശു പോലെ ഉള്ളതും, ധൂസര വൎണ്ണവും പ്രത്യേകം ലക്ഷണം. ഇത ഒരു നിന്ദ്യ മൃഗമാകകൊണ്ട, മനുഷ്യർ നീ എന്തൊരു കഴുത എന്ന പറഞ്ഞു വരുന്നു, മാനമുള്ള ജനങ്ങൾ നിന്ദ്യ കൎമ്മങ്ങൾ ചെയ്യാൽ, തലയിൽ അഞ്ചു കുടുമ വെച്ച്, ചിരച്ച്, കഴുതപ്പുറത്ത പൃഷ്ഠഭാഗത്തേക്ക മുഖമാക്കി ഇരുത്തി, നഗരികളിൽ വാദ്യത്തോടെ കൊണ്ടുനടത്തി, നാട്ടു കടത്തുന്ന വലിയ ശിക്ഷയുണ്ട. എങ്കിലും വളരെ ഉപകാരമുള്ള ജന്തു തന്നെ. ക്ഷയരോഗക്കാൎക്കും, ബാലന്മാൎക്കും, അതിന്റെ പാൽ വിശേഷം. പത്തു തുലാം ഭാരം ചുമക്കുന്നു, മററ ജന്തുക്കൾ കേറാത്തുള്ള വഴുക്കപ്പാറകളിലും, മററും കാൽ തെററാതെ കയറുന്നതാകകൊണ്ട, മലകളിലും മററും കൊണ്ടുനടപ്പാൻ ഏററം നല്ലമൃഗം. ഒരിക്കൽ നടന്ന വഴി, പിന്നെ തെററാതെ ചെല്ലുവാൻ നിശ്ചയം ഉണ്ട. കഴുതയും, കുതിരയും തമ്മിൽ ചെൎന്നുണ്ടാകുന്ന സന്തതി, കോവർകഴുത. ഈ വകയ്ക്കു കുട്ടികൾ ഉണ്ടാകയില്ല, തല മുഴുവനും, വാലും കഴുതയുടേത ആകുന്നു, ശേഷം ആകൃതി കുതിരയുടേത പോലെ. പാൎശിയായിലും, അറബിയായിലും മററും, രാജാക്കന്മാരും, പ്രഭുക്കളുമല്ലാതെ, മറെറാരു മനുഷ്യരും വെളുത്ത കോവർകഴുതയുടെ പുറത്ത കയറി കൂടാ. ഇങ്ങിനെയുള്ള രണ്ടുപേർ കയറി പ്രയാണം ചെയ്യുന്നതിനെ രൂപത്തിൽ കാണിച്ചിരിക്കുന്നു.

## കടമാൻ.

ഇത ശക്തിയേറിയ ഒരു വക ഗോമൃഗം തന്നെ, കാളക്കൊമ്പിനൊത്ത കൊമ്പ കൊണ്ട, മനുഷ്യരെയും, മൃഗങ്ങളെയും കോരിയും വെട്ടിയും കൊല്ലും, സാമാന്യം മരങ്ങളും തകൎക്കും, കുഴിഞ്ഞ നെററിക്ക താഴെ മുഴയുള്ള മുഖത്തിന്ന, കറുത്തും വെളുത്തും നിറമുണ്ട. മാംസം ചിലർ തിന്നും, കൊമ്പ, ചിമിഴ, പിച്ചാക്കത്തിപിടി തുടങ്ങിയ പണികൾക്ക എത്രയും ഗുണമുള്ളത, പോത്തും പുലിയും മുറിയേററ ഓടിപോയാൽ, ആ വഴി തന്നെ നോക്കി കിടക്കുന്ന കാരണത്താൽ, ചുവട്ടാലെ ചെല്ലുന്നവരെ കൊല്ലും എന്ന അറിഞ്ഞിട്ട, നായാട്ടുകാർ രണ്ട വകക്കാരുടെയും ചുവട നോക്കിചെല്ലുമാറില്ല. കുട്ടിക്കാലത്ത പിടിച്ചിണക്കാം, ബങ്കാളത്ത സിൽഹത്ത എന്ന അംശത്തിൽ

ൟ വക ഗോമൃഗം അല്ലാതെ, മറെറാരു വകയും കാണുകയില്ല. അവിടെ നാട്ടുകാർ ഇതിനെ പോഷിച്ചു, വളൎത്തി കറക്കുകയും വേല കാൎയ്യം ചെയ്യിപ്പിച്ചും വരുന്നു. അപ്രിക്കാഖണ്ഡത്തിൽ ഉള്ള കടമാൻ, ഒരു ദുഷ്ട ജന്തു തന്നെ. അവിടെ ഒരു കുതിരപ്പുറത്തു സഞ്ചരിച്ചു പോയ നാട്ടുകാരനെ ചീന്തുന്ന പ്രകാരം, ൟ രൂപത്തിൽ കാണിച്ചിരിക്കുന്നു.

## ലാപ്ലാന്തകാരുടെ കറവ മാൻ.

ൟ മാനിന്നു കുതിരയുടെ പൊക്കവും, വേനൽക്കാലത്തു ചുവന്ന നിറവും അത്രെ പകച്ചയുള്ളു, വൎഷകാലത്തു നന്നാ വെളുത്തിരിക്കും. വൃക്ഷശാഖകൾ പോലെ നാല്പതു റാത്തൽ തൂക്കം കാണുന്ന പുരുഷന്റെ കൊമ്പു, ആണ്ടുതോറും മകരമാസത്തിൽ വീഴും, മൂന്നാം വയസ്സിൽ കഴുത്തിൽ നാൽ വിരൽ നീളമുള്ള രോമങ്ങളെ കൊണ്ടു മൂടിയിരിക്കുന്ന ഒരു വൃണം പോലെ കാണും, ബഹു വടക്കുള്ള പ്രദേശങ്ങളിൽ ഉതകുന്ന നീരും പൊതയുമുള്ള സ്ഥലങ്ങളിൽ വാസം ചെയ്യും, ചിന പിടിച്ചു ഒമ്പതാം മാസത്തിൽ, സ്ത്രീ രണ്ടു കിടാക്കളെ പെറും, വേഗം വളരുകയാൽ, മുട്ടുകുത്തിയും, മലൎന്നു കിടന്നും മുല കുടിക്കും, സാധുസ്വഭാവമെങ്കിലും വേളി കൂടുന്ന സമയം ശത്രുവിനെ കണ്ടാൽ, രോമാഞ്ചത്തോടെ വന്നു, കുത്തി നിലത്തു വീഴിക്കുന്നു, തോല തോല്പണിക്കാരെ കൊണ്ടു ഊറക്കിടുവിച്ചു, ചില ദിക്കുകളിൽ കൃഷിപ്പണിക്കാർ അതിൽനിന്നു കാൽച്ചട്ട തീൎപ്പിച്ചു ഉടുക്കുന്നു. കൊമ്പും കൊഴുപ്പും ഔഷധത്തിന്നു വിശേഷം, പണ്ടു കാലങ്ങളിൽ ബുദ്ധിഹീനന്മാർ സന്നി വരാതിരിക്കുമെന്നോൎത്തു ഇവററിന്റെ കുളമ്പുകൊണ്ടു മോതിരങ്ങളും, പാനീയ പാത്രങ്ങളും തീൎപ്പിച്ചു വെച്ചു വന്നിരുന്നു. ഇവയെ കൂടാതെ, ലാപ്ലാന്തകാർ, മററും വടക്കു ദേശക്കാൎക്കു ജീവിപ്പാൻ പാടില്ല. നായാട്ടിൽ പിടിച്ചിണക്കി, പശുക്കളെ പോലെ ദിവസവും രണ്ടുനേരം കറന്നു, വെണ്ണയും മോരുമുണ്ടാക്കി ഉപജീവനം കഴിക്കുന്നു, അകിട്ടിൽ മുല നാലുണ്ടു. നായാട്ടിങ്കൽ ഒന്നിനെ കൊന്നാൽ അതിന്റെ ചോരയും തൃണാദിയും കൂടി വെച്ചുണ്ടാക്കുന്നതു, അവൎക്കു എത്രയും സ്വാദുള്ള പായസം. ഇതല്ലാതെ പള്ളയിൽ ഇരിക്കുന്നതൊക്കെയും, നൈ വലയും ചോരയും കൂടി ഒരു വെപ്പായി വെച്ചു തിന്നും, അവിടെയുള്ള ഭൂമി, ആണ്ടിൽപത്തു മാസവും ഹിമം കൊണ്ടു മൂടിയിരിക്കുന്നതിനാൽ, നടക്കാവും മററും ഇല്ല. എങ്കിലും മരം കൊണ്ടു ഉഴയുന്ന ഒരു വക വഞ്ചിവണ്ടി ഉണ്ടാക്കി, ൟ മൃഗങ്ങളെ പൂട്ടി, അവിടെയുള്ള ജനങ്ങൾ ഒരു ദിവസം, നൂറും,

നൂററമ്പതും നാഴിക വഴി എളുപ്പത്തിൽ സഞ്ചരിക്കുന്നുണ്ടു, ചെന്നായും മനുഷ്യനും ഒഴികെ ഇവയ്ക്കു ശത്രുക്കളില്ല. രൂപത്തിൽ ഒരു വക പുലിച്ചെന്നാ, ൟ മാതിരി മാനൽ ചാടി വീണു, കഴുത്തിലെ ചോര കുടിക്കുന്ന പ്രകാരത്തിൽ രൂപം കാണിക്കുന്നു.

## ദേവാങ്കം.

ചുട്ടിദേവാങ്കെന്നും ദേവാങ്കെന്നും ഇങ്ങിനെ രണ്ടു വക ചെറു മൃഗങ്ങൾ മലയാളത്തിലെ കാടുകളിൽ കാണുന്നുണ്ടു. ഇവയുടെ വലിപ്പം, ഏകദേശം പൂച്ചകുഞ്ഞോളവും, തലയുരുണ്ടു, താടി നീണ്ടതും, കൈകാലുകൾ നാലും കുരങ്ങിന്റെറതുപോലെ നേൎത്ത നീണ്ടതും, പെരു വിരൽ അല്പവും, കണ്ണു ഉരുണ്ടു, പോളകൾ കറുത്തും മുതുകത്തു ഒരു കറുത്ത വരയുള്ളതും കൂടാതെ, ശേഷം ശരീരം മുഴുവനും ഇരുനിറമായിട്ടും, മൃദുവായ കമ്പിളി രോമത്താൽ മൂടപ്പെട്ടതും ആകുന്നു, ചുട്ടിദേവാങ്കിന്റെറ നെററിയിൽഗോപിക്കുറി പോലെ ഒരു ചാന്തും കാണ്മാനുണ്ടു, മന്ത്രവാദികൾ, ൟ അശക്തനായ മൃഗത്തെ കൊണ്ടു പ്രയോഗിക്കാമെന്നു, ഭോഷത്വം പറയുന്നു, എങ്കിലും ഇതിനെ കാണുന്ന ആളുകൾക്കു ദയ തോന്നുവാൻ മാത്രമെ ഉള്ളു. ഇതു രാത്രിയിൽ സഞ്ചരിച്ചു ചെറിയ പക്ഷികളെയും വണ്ടു, നീറിൻ മൊട്ടു മുതലായ മററും ഉപായമായിട്ടു പിടിച്ചു തിന്നുകയും, മനുഷ്യൎക്കു ഇതിനാൽയാതൊരു ഉപദ്രവവും ഇല്ല.

## മൊശെ എഴുതിയ ഒന്നാം പുസ്തകം

### ൧ാം അദ്ധ്യായം ൨൦ാം വാക്യം മുതൽ

ജീവനുള്ള ഇഴജാതിയെയും, ഭൂമിയുടെ മീതെ ആകാശത്തിലെ തട്ടിന്റെറ മുഖത്തു പറക്കുവാൻ പക്ഷിയെയും വെള്ളങ്ങൾ അധികമായിട്ടു ജനിപ്പിക്കട്ടെ എന്നു ദൈവം പറഞ്ഞു.

വെള്ളങ്ങൾ അധികമായിട്ടു ജനിപ്പിച്ചിട്ടുള്ള വലിയ തിമിംഗലങ്ങളെയും, അതാതു വിധത്തിൽ സഞ്ചരിക്കുന്ന ജീവനുള്ളതിനെ ഒക്കെയും, അതാതു വിധത്തിൽ ചിറകുള്ള പക്ഷിയെയും ദൈവം സൃഷ്ടിച്ചു: നല്ലതു എന്നും ദൈവം കണ്ടു.

നിങ്ങൾ വൎദ്ധിച്ചു, പെരുകി, സമുദ്രങ്ങളിലുള്ള വെള്ളങ്ങളിൽ നിറവിൻ എന്നും, പക്ഷി ഭൂമിയിൽ വൎദ്ധിക്കട്ടെ എന്നും ദൈവം പറഞ്ഞു, അവയെ അനുഗ്രഹിച്ചു.

സന്ധ്യയും ഉഷസ്സും ഉണ്ടായി അഞ്ചാം ദിവസം.





പിന്നെ ഭൂമി അതാത വിധത്തിൽ മൃഗവും ഇഴയുന്ന ജാതിയും കാട്ടുമൃഗവുമായ അതാത വിധത്തിലുള്ള ജീവജന്തുവിനെ പുറപ്പെടീക്കട്ടെ എന്ന ദൈവം പറഞ്ഞു: അപ്രകാരവും ഉണ്ടായി.

അതാത വിധത്തിൽ കാട്ടുമൃഗത്തെയും, അതാത വിധത്തിൽ മൃഗത്തെയും, അതാത വിധത്തിൽ നിലത്ത ഇഴയുന്ന ജന്തുവിനെ ഒക്കെയും ദൈവം ഉണ്ടാക്കി: നല്ലത എന്നും ദൈവം കണ്ടു.

പിന്നെ നാം നമ്മുടെ സാദൃശ്യത്തിൽ, നമ്മുടെ സ്വരൂപത്തിൻ പ്രകാരം മനുഷ്യനെ ഉണ്ടാക്ക എന്നും; അവക്ക സമുദ്രത്തിലുള്ള മത്സ്യത്തിന്മെലും, ആകാശത്തുള്ള പക്ഷിയിന്മെലും, മൃഗങ്ങളിന്മെലും; എല്ലാ ഭൂമിയിന്മെലും, ഭൂമിയിൽ ഇഴയുന്ന സകല ഇഴജന്തുവിന്മെലും അധികാരമുണ്ടാകട്ടെ എന്നും ദൈവം പറഞ്ഞു.

ഇപ്രകാരം ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായും അവരെ സൃഷ്ടിച്ചു.

പിന്നെ ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ വർദ്ധിച്ചു പെരുകി, ഭൂമിയിൽ നിറഞ്ഞിട്ടു, അതിനെ അടക്കി, സമുദ്രത്തിലുള്ള മത്സ്യത്തിന്മെലും, ആകാശത്തിലുള്ള പക്ഷിയിന്മെലും, ഭൂമിയിൽ ഇഴയുന്ന സകല ജീവജന്തുവിന്മെലും അധികാരമുണ്ടാകുവിൻ എന്ന അവരൊട പറഞ്ഞു.

൫൦ാം സങ്കീർത്തനം, ൭ാം വാക്യം. മുതൽ

എന്റെ ജനമെ കെൾക്ക; എന്നാൽ ഞാൻ സംസാരിക്കും; ദൈവമായ ഞാൻ നിന്റെ ദൈവം തന്നെ ആകുന്നു.

ഇടവിടാതെ എന്റെ മുമ്പാകെ ഉള്ള നിന്റെ ബലികളെയും ഹൊമങ്ങളെയും കുറിച്ചു ഞാൻ നിന്നെ ശാസിക്കയില്ല.

നിന്റെ ഭവനത്തിൽനിന്ന കാളയെയൊ, നിന്റെ തൊഴുത്തുകളിൽ നിന്ന മുട്ടാടുകളെയൊ ഞാൻ എടുക്കുകയില്ല.

എന്തെന്നാൽ സകല കാട്ടുമൃഗവും, ആയിരം പർവ്വതങ്ങളിലുള്ള മൃഗങ്ങളും എന്റെ ആകുന്നു.

മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു: വയലിലെ കാട്ടുമൃഗങ്ങളും എന്റെ ആകുന്നു.

ഞാൻ വിശന്നിരുന്നു എങ്കിൽ, നിന്നൊട പറകയില്ല: എന്തെന്നാൽ ഭൂലൊകവും അതിന്റെ പൂർണ്ണതയും എന്റെ ആകുന്നു.

ഞാൻ കാളകളുടെ മാംസത്തെ ഭക്ഷിക്കുമൊ? അല്ലെങ്കിൽ കൊലാട്ടുകളുടെ രക്തത്തെ കുടിക്കുമൊ?

ദൈവത്തിന സ്തോത്രം ചെയ്ക; അത്യുന്നതനായവന നിന്റെ നെർച്ചകളെയും കഴിക്ക.

ആപത്ത നാളിലും എന്നെ നൊക്കി വിളിക്ക; എന്നാൽ ഞാൻ നിന്നെ വിട്ടുവിക്കും, നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

നോട്ടീസ്സ മെൽ എഴുതിയിരിക്കുന്ന മൃഗചരിത്ര വിവരങ്ങൾ ഏതാനും റെവറെണ്ട ബൈബ്ലർ സായ്പ എഴുതിയ മൃഗചരിത്രത്തിൽനിന്ന എടുക്കപ്പെട്ടത ആകുന്നു; ആ പുസ്തകത്തിൽ പലതരത്തിലുമുള്ള ജീവജന്തുക്കളെയും പ്രാണികളെയും കുറിച്ച, വിവരമായിട്ട എഴുതിയിരിക്കുന്നത എല്ലാവരും വായിച്ച സന്തൊഷിപ്പാനുള്ളത ആകുന്നു.

---

## കെട്ടുകഥകൾ.

### (1) നായും തന്റെ നിഴലും.

ഒരു നായ കാട്ടിൽകൂടെ നടക്കുംപൊൾ, അവന ഒരു മാംസത്തിന്റെ കഷ്ണം കിട്ടി, ആയത കടിച്ചും കൊണ്ടുപോയി ഒരു പുഴയിൽ തടികൊണ്ട ഇട്ടിരിക്കുന്ന പാലത്തുമ്മേൽ ചെന്നുകയറി, കുനിഞ്ഞുനോക്കിയാറെ, ആ വെള്ളത്തിൽ തന്റെ നിഴൽ കണ്ടു. അപ്പോൾ അതിൽ മറ്റൊരു നായ മാംസവും കടിച്ചുകൊണ്ട നിൽക്കുന്നുണ്ട, അതിനെ ഭയപ്പെടുത്തി ആ മാംസവും തനിക്ക കയ്ക്കലാക്കെണമെന്ന നിശ്ചയിച്ച, ഉറക്കെ കുരച്ചു: അപ്പോൾ തന്റെ വായിൽ ഇരുന്ന മാംസം വെള്ളത്തിൽ വീണുപോയി. അതിനാൽ ആ നായ, ഏറ്റവും വ്യസനിച്ചു.

അതുകൊണ്ട നാം മറ്റുള്ളവരുടെ മുതൽ ആഗ്രഹിച്ചാൽ, നമുക്കുള്ളതുകൂടി പൊയ്പോകും എന്ന അറിയണം.

---

### (2) ചെന്നായും കൊക്കും.

ഒരു കാട്ടിൽ ഒരു ചെന്നായ ഉണ്ടായിരുന്നു, അവൻ അവിടെയുള്ള ചെറിയ മൃഗങ്ങളെ ഒക്കയും പിടിച്ചു ഭക്ഷിച്ചുവന്നു. ഒരു ദിവസം ഒരു മൃഗത്തിനെ പിടിച്ചു തിന്നപ്പോൾ, ഒര എല്ല അവന്റെ തൊണ്ടയിൽ തടഞ്ഞു. ആയെല്ല വെളിയിൽ എടുത്ത കളയുന്നതിന്ന അവന കഴിഞ്ഞില്ല, അതുകൊണ്ട



ഏറിയ വേദനയുണ്ടായി ഒരു മരത്തിന്റെ കീഴിൽ കിടന്ന വ്യസനപ്പെട്ടുകൊണ്ട, ൟ എല്ല എങ്ങിനെ ഞാൻ പുറത്തെക്ക വലിച്ചുകളയുന്നു? ഞാൻ ഏതുപ്രകാരം രക്ഷപെടുന്നു എന്തുചെയ്യെണ്ടു? എന്ന പ്രലാപിച്ചുംകൊണ്ട കിടക്കുമ്പോൾ, ആ മരത്തുമ്മെൽ ഒരു കൊക്കിനെ കണ്ട, ഹെ കൊക്കെ ഞാൻ അനുഭവിക്കുന്ന വേദനകൾ ഒക്കയും നീ കാണുന്നുവെല്ലൊ, ൟ എല്ല എടുത്തുകളഞ്ഞ എന്നെ രക്ഷിച്ചാൽ, ഞാൻ ദിവസംതോറും കൊണ്ടുവരുന്ന ആഹാരത്തിൽനിന്ന, നിനക്ക വേണ്ടുന്നെടത്തോളം തരുന്നുണ്ട എന്ന പറഞ്ഞു. എന്നാറെ ൟ സാവധാനമായ വാക്കുകേട്ട ആ കൊക്കിന ദയതോന്നി തന്റെ തല ചെന്നായുടെ വായിന്നകത്തിട്ട, എല്ല കൊത്തി എടുത്തുകളഞ്ഞു. നീ ഇനിക്ക മാംസം തരാമെന്ന പറഞ്ഞുവല്ലൊ അതിനെ തരിക എന്ന പറഞ്ഞു. നിന്റെ തല എന്റെ വായിൽ കടത്തിയ സമയം എന്റെ പല്ലുകൊണ്ട കടിക്കാതെ വെളിയിൽ എടുക്കുന്നതിന്ന ഇട വരുത്തിയെല്ലൊ, ആ നന്ദി വിചാരിക്കാതെ ഇനി മാംസം വേണമെന്ന എന്നോട പറയുന്നുവൊ? നിന്റെ പാട്ടിന്ന നീ പൊയ്ക്കൊ എന്ന ചെന്നാ പറഞ്ഞു.

അതുകൊണ്ട കഷ്ടകാലത്തുങ്കൽ തങ്ങളെ രക്ഷിക്കുന്ന സ്നേഹിതന്മാരെ ഭാഗ്യകാലത്ത ഏറയും മറന്നുകളയുമെന്ന അറിയണം.

### (3) കാക്കയും കുറുക്കനും.

ഒരു ദിവസം ഒരു കാക്ക കുറയപ്പലഹാരവും കൊത്തിയെടുത്തുംകൊണ്ട ഒരു മരത്തിന്റെ മുകളിൽ ചെന്നിരുന്നു, അപ്പോൾ ഒരു കുറുക്കൻ അതിനെക്കണ്ടാറെ ഇവളോട വല്ലതും ഉപായം പറഞ്ഞ ആ പലഹാരം കയ്ക്കലാക്കെണമെന്ന നിശ്ചയിച്ചുംകൊണ്ട, ആ മരത്തിന്റെ ചുവട്ടിൽ ചെന്നിരുന്ന കാക്കയൊടുപറഞ്ഞു, അല്ലയൊ കാക്കെ നിന്നെപ്പോലെ ഇത്ര സൌന്ദൎയ്യമുള്ളവളായിട്ട ഭൂലോകത്തിൽ ഒരു സ്ത്രീകളുമില്ല, അത്രതന്നെയല്ല, നിന്റെ പാട്ട എത്രയും വിശേഷമാണെന്ന പലരും പ്രശംസിക്കുന്നതിനെ ഞാൻ കേട്ടിട്ടുണ്ട. ആയത ഒരിക്കൽ കേൾക്കെണമെന്ന ഞാൻ വളരെക്കാലമായിട്ട ആഗ്രഹിക്കുന്നു, ഇപ്പോൾ ദൈവകാരുണ്യംകൊണ്ട നിന്നെ കാണ്മാനും സംഗതി വന്നു, എന്നാൽ നീ ഒന്നുപാടുക ഞാൻ കെൾക്കട്ടെ. ഇപ്രകാരം ആ കുറുക്കന്റെ ഉപായവാക്കുകളെ കേട്ട, ഉറക്കെ ശബ്ദിച്ചു, അപ്പോൾ അവളുടെ കൊക്കിൽ ഇ

രുന്ന പലഹാരം താഴെ വീണു: ഉടനെ കുറുക്കൻ ആ പല ഹാരത്തെ തിന്നുംകൊണ്ടു പൊയി, അതിനാൽ ആ കാക്ക വളരെ ദുഃഖിച്ചു.

അതുകൊണ്ടു അല്പബുദ്ധികളായുള്ള മനുഷ്യർ പ്രശംസവാക്കുകളെ കേട്ടാൽ തന്നെത്താൻ മറന്ന പ്രവൃത്തിച്ചുപോകും അതനാൽ മനോദുഃഖവും വരുമെന്ന അറിയണം.

## (4) കച്ചവടക്കാരനും കുതിരയും കഴുതയും.

ഒരു കച്ചവടക്കാരൻ ഏതാനും ചവളിച്ചരക്ക വില്പാനായിട്ടു കുതിരയുടെമേലും കഴുതയുടെമേലും കെട്ടിവച്ചു എടുപ്പിച്ചുംകൊണ്ടു പുറപ്പെട്ടു. കുതിരമേലുള്ള ചുമട അല്പമെയുണ്ടായിരുന്നുള്ളു, കഴുതയുടെ മേലുള്ള ചുമട ഏററവും വളരെ ആയിരുന്നു. അങ്ങിനെ കുറഞ്ഞൊരുവഴി നടന്നുചെന്നപ്പോൾ ചുമട്ടിൻെറ ഭാരംകൊണ്ടു ക്ഷീണിച്ച കഴുത കുതിരയോട പറഞ്ഞു, എടൊ ഇനിക്ക ചുമട്ടിൻെറ ഭാരംകൊണ്ടു നടപ്പാൻ വളരെ പ്രയാസമായി, എൻെറ ചുമട്ടിൽനിന്ന ഏതാനും കൂടെ താൻ എടുത്തുകൊള്ളേണമെന്ന അപെക്ഷിച്ചു. അപ്പോൾ കുതിര എടാകഴുതെ, നീ എൻെറ അവസ്ഥ അറിയുമൊ? ഞാൻ ഏററവും മഹത്വമുള്ളവനും എല്ലാ ജനങ്ങളാലും മഹാരാജാക്കന്മാരാലും, ബഹുമാനിക്കപ്പെട്ടവനും, യുദ്ധത്തിങ്കൽ വളരെ ശീലവും, സാമൎത്ഥ്യവും ഉള്ളവനും ആകുന്നു. എന്നാൽ നീയൊ നിന്ദിക്കപ്പെട്ടവനും ചുമടുചുമക്കുന്നവനും ആകുന്നു, ആയതുകൊണ്ടു നിൻെറ ചുമട നീതന്നെ ചുമന്നുകൊള്ളുക എന്നു പറഞ്ഞു. പിന്നയും കുറഞ്ഞൊരുവഴി ചെന്നപ്പോൾ, ചുമട്ടിൻെറ ഭാരം സഹിയാഞ്ഞ കഴുത വഴിയിൽ വീണു ചത്തുപൊയി. അപ്പോൾ കച്ചവടക്കാരൻ ആവക ചുമടുകൾ കൂടെ കുതിരയുടെ മേൽ വച്ചു, അത്രതന്നെയുമല്ല കഴുതയുടെ തോലും പൊളിച്ചു, എടുത്തുവച്ചു. അപ്പോൾ കുതിരയുടെ നിഗളം ഒക്കയും ശമിച്ചുപോയി.

അതുകൊണ്ടു ആരെങ്കിലും, അഹംഭാവംകൊണ്ടു പാവപ്പെട്ടവരെ നിന്ദിച്ചാൽ അതിനെക്കാൾ അധികം അവമാനം വരുമെന്ന അറിയണം.

## (5) കരടിയും തേൻകൂടുകളും തേനീച്ചകളും.

ഒരു ദിവസം ഒരു കരടി സഞ്ചരിച്ചുകൊണ്ടുനടക്കുമ്പോൾ ഒരു പറമ്പിൽ ഏതാനും വൈമന്തൻ കൂടുകളെ കണ്ടു, ഉടനെ

ആ കരടി അവയിലുള്ള തേൻ എല്ലാം എടുത്ത കുടിക്കാമെന്ന ആഗ്രഹിച്ചു, അവിടെ ചെന്ന ആ തേൻകൂടുകളിൽ മാന്തിത്തുടങ്ങി, ഉടനെതന്നെ അവയിലുള്ള തേനീച്ചകൾ എല്ലാം കൂടി ഒരുമിച്ചു, കരടിയെ കുത്തി വേദനപ്പെടുത്തി, അപ്പോൾ അവൻ വേദന സഹിയാതെ ഓടിപ്പോകയും ചെയ്തു.

അതുകൊണ്ടു ശത്രുക്കൾ അല്പന്മാരായിരുന്നാലും, വളരെ കൂടി ഒരുമിച്ചുചെന്നാൽ ബലവാനും മടങ്ങിപ്പോകുമെന്ന അറിയണം.

## (6) സിംഹവും പുലിയും ചെന്നായും കുറുക്കനും

ഒരു കാട്ടിൽ ഒരു സിംഹവും അവന്റെ സേവകന്മാരായിട്ടു ഒരു പുലിയും ചെന്നായും കുറുക്കനും ഉണ്ടായിരുന്നു. ആ സേവകന്മാർ മൂവരും കൂടി നായാട്ടുചെയ്തു, കാട ഇളക്കി നടക്കുമ്പോൾ, ഒരു മാനിനെക്കണ്ടു. ഉടനെ അവററകൾ മാനിനെ ഓടിച്ചു സിംഹത്തിന്റെ മുമ്പിൽ കൊണ്ടുചെന്നു. സിംഹം മാനിനെ അടിച്ചുകൊന്നു, പിന്നെ ആ മാംസം നാലുപങ്കായിട്ടുവച്ചു, ആ പങ്കുകൾ നാലും സിംഹന്തന്നെ അപഹരിച്ചു, അപ്പോൾ ആ സേവകന്മാർ മൂവരും കൂടെ ഞങ്ങളുടെ പങ്ക ഞങ്ങൾക്ക തരെണമെന്ന സിംഹത്തിനോടു പറഞ്ഞു. അന്നേരം സിംഹം ഇവയിൽ ഒന്നാമത്തെപ്പങ്ക എനിക്കുള്ളതാകുന്നു, ഒരു കാട്ടിന്റെ അധിപതിയാകുന്ന രാജാവ ഞാൻ ആകകൊണ്ടു, രണ്ടാമത്തെപ്പങ്കും എനിക്കുള്ളതുതന്നെ. മൂന്നാമത്തെപ്പങ്ക ഞാൻ എടുക്കും, നാലാമത്തെപ്പങ്കിന്ന പിന്നെ കണക്കപറഞ്ഞുകൊള്ളാം. ഇപ്രകാരമൊക്കയും പറഞ്ഞ, ആ നാലുപങ്കും അവൻതന്നെ എടുത്ത അപഹരിക്കയും ചെയ്തു.

അതുകൊണ്ടു ബലവാന്മാരോടുകൂടി സമ്പാദിക്കുന്ന മുതലിൽ, തങ്ങൾക്കുള്ള പങ്ക തങ്ങൾക്ക കിട്ടുമെന്ന ആരും തന്നെ വിചാരിച്ചുപോകയും അരുത എന്ന അറിയണം.

## (7) ആട്ടിൻകുട്ടിയും ചെന്നായും.

ഒര ആട്ടിൻകുട്ടി വെള്ളം കുടിപ്പാനായിട്ട ആററിൽ ചെന്നിറങ്ങി അതിന്റെ കരോട്ടെഭാഗത്ത നാലഞ്ചുകഴക്കൊൽപാട അകലെ ഒരു ചെന്നായും വന്നിറങ്ങി, അപ്പോൾ ചെന്നായ ആട്ടിൻകുട്ടിയെക്കണ്ടു, എടാ ദുഷ്ടാ! നീ രണ്ടുമൂന്നു സംവത്സരത്തിന മുമ്പിൽ, ഒരു ദിവസം എന്നെ പരിഹസിച്ചില്ല


യൊ? എന്ന ചോദിച്ചു, എന്നാറെ ആട്ടിൻകുട്ടി ൧൦ം സംവത്സരത്തിൽ ഉണ്ടായ ഞാൻ രണ്ടുമൂന്നു സംവത്സരത്തിന്നുമുമ്പിൽ തന്നെ പരിഹസിച്ചത എങ്ങിനെ? ചെന്നായ, എന്നാൽ നിന്റെ ജ്യേഷ്ഠൻ ആയിരിക്കും. ആട്ടിൻകുട്ടി, ഞാൻ എന്റെ അമ്മയുടെ കടിഞ്ഞൂൽ പുത്രൻ ആകുന്നുവെല്ലൊ. ചെന്നായ, നീ അവിടെ നിന്ന വെള്ളം കലക്കി ഇങ്ങോട്ട വിടുന്നത എന്തിന? ആട്ടിൻകുട്ടി, ഞാൻ താഴത്തും താൻ കരേറ്റും നില്ക്കുമ്പോൾ, ഞാൻ കലക്കുന്ന വെള്ളം തന്റെ അടുക്കലേക്ക വരുന്നത എങ്ങിനെ? ആററിൽ ഒഴുക്ക താഴത്തെക്കയെല്ലൊ, ആകുന്നത. ഇത്രയും പറഞ്ഞനേരംകൊണ്ട ചെന്നായ ആട്ടിൻകുട്ടിയുടെ അടുക്കൽ എത്തി, ഉടനെ അവൻ ചാടി ആട്ടിൻകുട്ടിയെ പിടിച്ച കടിച്ചുതിന്നുകയും ചെയ്തു.

അതുകൊണ്ട ദുഷ്ടന്മാരുടെ മനോഭാവം അറിഞ്ഞുകൊൾവാൻ വളരെ പ്രയാസംതന്നെ എന്ന അറിയണം.

## (8) അസതിയെന്നും സതിയെന്നും രണ്ടു പശുക്കൾ.

അസതീസംഗദൊഷെണ സതീചമതിവിഭ്രമാ
ഏകരാത്രിപ്രസംഗെന കാഷ്ഠകണ്ഠാവലംബിതം

ഒരു ഗ്രാമത്തിൽ ഒരു ബ്രാഹ്മണനന്ന അസതിയെന്നും സതിയെന്നും രണ്ടുപശുക്കൾ ഉണ്ടായിരുന്നു. അസതി ഏററവും ദോഷമുള്ളവളാകയാൽ, രാത്രികാലങ്ങളിൽ തൊഴുവിൽ വരാതെ, വേലിചാടി വിളവുതിന്നുകയും, പകൽ ഒക്കയും കാടുകളിൽ കിടന്ന ഉറങ്ങുകയും, ഒത്തപോലെ സഞ്ചരിക്കയും ചെയ്യുവന്നു. എന്നാൽ സതി ഗുണമുള്ളവളാകയാൽ പകലുള്ള സമയം കാടുകളിൽ നടന്ന പുല്ലുതിന്നുകയും, അസ്തമിക്കുമ്പോൾ തോഴുവിൽ വന്ന കിടക്കയും, ബ്രാഹ്മണന്റെ കല്പനകളെ കെൾക്കയും ചെയ്യുവന്നു. ഇങ്ങിനെ കുറഞ്ഞൊരുകാലം കഴിഞ്ഞതിന്റെ ശേഷം, ഒരു ദിവസം അസതി സതിയുടെ അടുക്കൽ വന്ന, ഇപ്രകാരം പറഞ്ഞു. നീ ൧൦ം ബ്രാഹ്മണന്റെ കല്പനയും കേട്ട തല്ലുംകൊണ്ട പുല്ലുംതിന്നാതെ എന്തിന ദുഃഖിക്കുന്നു, എന്നോടുകൂടി പോന്നാൽ നല്ലനല്ല ധാന്യങ്ങളും തിന്ന, സൌഖ്യമായിട്ട സഞ്ചരിക്കാം. സതി അതിനെ കേട്ട ഭ്രമിച്ച, അവളോടുകൂടി പോയി, രാത്രിയിൽ വിളവിൽ ചാടി ധാന്യങ്ങൾ തിന്നുതുടങ്ങി, അപ്പോൾ കാവൽക്കാർ അറിഞ്ഞ



ഓടിവന്നു, ഉടനെ അസതി ചാടി പൊയ്ക്കളഞ്ഞു, സതി ഭയപ്പെട്ട ഓടി ഉഴലുമ്പോൾ, അവർ വന്ന പിടിച്ചു അടിച്ചു, ദിവസംപ്രതിയും വന്ന വിളവ തിന്നുന്ന പശു ഇവൾതന്നെയാകുന്നുയെന്നുപറഞ്ഞു, അവർ അവളുടെ കഴുത്തിൽ ഒരു തടിയും കെട്ടി വിട്ടു. അതുകൊണ്ട എത്ര തന്നെ ഗുണവാന്മാരായിരുന്നാലും ദുർജ്ജനങ്ങളോടുകൂടെ ചേൎന്നാൽ അപ്പോൾ തന്നെ ആപത്തുവരുമെന്ന അറിയണം.

## (9) രണ്ടുപ്രാവുകളും കാട്ടാളനും പരുന്തും.

കാന്താംപ്രാഹകപോതികാകുലതയാനാഥാന്ത്യ
കാലോധുനാവ്യാധോധോധൃതചാപസംയുത
കരശ്ശ്യേനോപരിഭ്രാമ്യതിഏവംസത്യഹിനാ
സദഷ്ടഇഷുണാശ്യേനോപിനാശംഗതസ്തൂൎണ്ണം
തൌതുയമാലയംപ്രതിയയൌദൈവീവിചിത്രാഗതിഃ

ഒരു പ്രാവ തന്റെ പിടയോടുകൂടെ ഒരു മരത്തിന്റെ കൊമ്പത്ത സൌഖ്യമായിട്ട ഇരിക്കുമ്പോൾ, പിട ഏറ്റവും പരവശത്തോടുകൂടെ പൂവനോട പറഞ്ഞു. അല്ലയൊ ഭൎത്താവെ, നമ്മുടെ മരണകാലം അടുത്തു നിശ്ചയം, എന്തുകൊണ്ടെന്നാൽ ഈ മരത്തിന്റെ ചുവട്ടിൽ, ഒരു കാട്ടാളൻ വില്ലിൽ അമ്പും തൊടുത്ത വലിച്ചുകൊണ്ട നമ്മുടെ നേരെ നോക്കി നില്ക്കുന്നു. അയ്യൊ! അത്രതന്നെയല്ല, ഒരു പരുന്തും മുകളിൽ പറക്കുന്നുണ്ട, ആയതുകൊണ്ട രണ്ടുവിധേനയും ഇപ്പോൾ നമ്മുടെ മരണസമയം തന്നെ. അവർ ഇപ്രകാരം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഒരു പാമ്പുവന്ന കാട്ടാളന്റെ കാലിൽ കടിച്ചു അപ്പോൾ അവന്റെ കയ്യിലിരുന്ന വില്ല പിടിവിട്ട, തൊടുത്തിരുന്ന അമ്പ തെറിച്ചുചെന്ന, പരുന്തിനുകൊണ്ടു, ഉടനെതന്നെ കാട്ടാളനും പരുന്തും മരിച്ചുപോകയും ചെയ്തു.

അതുകൊണ്ട ദൈവത്തിന്റെ വിധി ഏതുപ്രകാരമെന്ന അറിവാൻ ആൎക്കുംതന്നെ കഴിയുന്നതല്ലെന്ന അറിയണം.

## (10) വണ്ടും, താമരപ്പൂവും, ആനയും.

രാത്രിൎഗ്ഗമിഷ്യതിഭവിഷ്യതിചപ്രഭാതം ഭാസ്വാനുദിഷ്യ
തിഹസിഷ്യതി പങ്കജശ്രീഇത്ഥംവിചിന്തയതികോശഗ
തെദ്വിരെഫെ ഹാഹന്തഹന്തനളിനീംഗജഉജ്ജഹാര.

ഒരു വണ്ട ഒരുദിവസം നേരംവൈകാറായപ്പോൾ, ഒരു

പൊയ്കയുടെ അടുക്കൽ പറന്നുചെന്നു, അതിൽ വളരെ താമരപ്പൂക്കൾ നില്ക്കുന്നതുകണ്ടു, ഒരു താമരപ്പൂവിൽ ചെന്നിരുന്ന മധുപാനംചെയ്യുതുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ ആദിത്യൻ അസ്തമിച്ചു, താമരപ്പൂവ കൂമ്പുകയുംചെയ്തു. പിന്നെ ആ വണ്ടു താമരപ്പൂവിന്റെ ഉള്ളിൽനിന്ന പുറത്തുപൊകുവാൻ വഹിയാഴ്കകൊണ്ടു, ഇപ്രകാരം വിചാരിച്ചു, അതെന്തെന്നാൽ "രാത്രിപൊകും, പകൽവരും, ആദിത്യൻ ഉദിക്കും, താമര വിടരും, അനന്തരം ഇനിക്ക പറന്നുപൊയ്ക്കൊള്ളാം" എന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ, കഷ്ടം കഷ്ടം, ഒരു ആനവന്നു, ആ താമരപ്പൂവ പറിച്ചു, ചവുട്ടി ആവണ്ടിനെക്കൊന്നുകളകയും ചെയ്തു.

അതുകൊണ്ടു മനുഷ്യൻ വിചാരിക്കുന്നതുപോലെ ഒന്നുതന്നെ വരികയില്ലെന്ന അറിയണം.

## (11) കൊക്കും അരയന്നവും.

കസ്ത്വംലൊഹിതലൊചനാസ്യ ചരണൊഹംസഃ കു
തൊമാനസാൽകിന്തത്രാസ്തിസുവൎണ്ണപങ്കജവനാന്യം
ഭസ്സുധാസന്നിഭംഭൂയഃകിംകഥയസ്വകല്പതരവൊനാഴ്ഢ
ശ്ചാത്രപൊത്തരാശ്ശംബൂകാഃകിമുസന്തിനെതിചബകൈ
രാകൎണ്ണ്യഹീഹീകൃതം.

ഒരു ദിവസം കൊക്ക, പൊയ്കയുടെ അടുക്കൽ, ഇരിക്കുമ്പോൾ, ഒരു അരയന്നം അവിടെ പറന്നുചെന്നു, അപ്പോൾ കൊക്ക കണ്ണും ചുണ്ടും കാലും ചുവന്ന ഭംഗിയുള്ളവനായ നീ ആരെന്ന, അരയന്നത്തിനോടു ചോദിച്ചു. അവൻ ഞാനൊരു അരയന്നമെന്ന പറഞ്ഞു, നീ എവിടെനിന്ന വരുന്നുയെന്ന ചോദിച്ചു, ഞാൻ സ്വൎഗ്ഗത്തിലെ മാനസംപൊയ്കയിൽനിന്ന വരുന്നുയെന്ന പറഞ്ഞു. അവിടെ വിശെഷമായിട്ടു എന്തെല്ലാമുള്ളു എന്നു ചോദിച്ചു. അവിടെ പൊന്താമരപ്പൂക്കളും അമൃതിനൊടുതുല്യമായ വെള്ളവും ഉണ്ടെന്നുപറഞ്ഞു. പിന്നെ എന്തെല്ലാമുണ്ടെന്ന ചോദിച്ചു. കല്പവൃക്ഷങ്ങളും, സൌന്ദൎയ്യമുള്ള സ്ത്രീകളും, ഉണ്ടെന്നുപറഞ്ഞു. സ്വൎഗ്ഗത്തിൽ അട്ടക്കൊക്കാ ഉണ്ടൊ, എന്ന കൊക്ക ചോദിച്ചു. ഇല്ലെന്ന അരയന്നം പറഞ്ഞു. അതിനെ കേട്ടാറെ കൊക്ക, ഹീ! ഹീ! അട്ടക്കൊക്കായില്ലെങ്കിൽ, സ്വൎഗ്ഗത്തിൽ എന്തൊരുസൌഖ്യം, എന്നും പറഞ്ഞ വളരെ നിന്ദിച്ചു.

അതുകൊണ്ടു യാതൊരെടത്ത തങ്ങൾക്ക ഇഷ്ടമുള്ള വസ്തു

ക്കൾഇല്ല, അവിടെ മററ വിശേഷമുള്ള വസ്തുക്കൾ പലതും ഉണ്ടായിരുന്നാലും, സൌഖ്യമില്ലെന്ന അറിയണം.

## (12) വിഡ്ഢി.

അസഹായസ്സമൎത്ഥോപികാൎയ്യസിദ്ധിന്നവിന്ദതി തു ഷാദപിപരിത്യക്തംതണ്ഡുലന്നപ്രരോഹതി.

അനധീതമംഗലം എന്ന ഗ്രാമത്തിൽ, ധനവാനായിട്ട ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു, അവൻ ബുദ്ധിയില്ലാത്തവൻ ആകകൊണ്ട, എല്ലാവരും അവനെ വിഡ്ഢി എന്ന വിളിച്ചുവന്നു. ഒരു ദിവസം അവൻ ഭക്ഷണവും കഴിച്ച സൌഖ്യമായിട്ട ഇരിക്കുമ്പോൾ, വിചാരിച്ചുത എന്തെന്നാൽ, കണ്ടത്തിൽ നെല്ലവിതെച്ചാൽ നെല്ലുണ്ടാകും, പിന്നെ അത വിളയുമ്പോൾ കൊയ്തു മെതിച്ച ഉണങ്ങി ഒഴക്കി കൊണ്ടുവന്ന പുഴങ്ങി, ഉണങ്ങി കുത്തി അരിയാക്കണം. ആയത വളരെ പ്രയാസന്തന്നെ, എന്നാൽ അരിവിതെച്ചാൽ അരിയുണ്ടാകുമെല്ലൊ എന്ന നിശ്ചയിച്ച, അവൻ തന്റെ മരമുറികളിൽ കിടന്നിരുന്ന നെല്ലുകൾ ഒക്കയും പുഴങ്ങി കുത്തിച്ച, അരിയാക്കി കണ്ടത്തിൽ വിതപ്പിച്ചു. രണ്ടു മൂന്ന ദിവസം കഴിഞ്ഞപ്പോൾ ആ അരിയൊക്കയും അഴുകി, നാറിത്തുടങ്ങി. അന്ന ചില ബ്രാഹ്മണർ അതുവഴിയെ വന്നപ്പോൾ, നാററംവന്നു; ഇത എന്തെന്ന വിചാരിച്ചുകൊണ്ടുനിൽക്കുമ്പോൾ, അവർ ചില പുലയരെക്കണ്ട ഇത എന്തൊരു നാററമെന്നും അവരോടുചോദിച്ചു. വിഡ്ഢിത്തമ്പുരാൻ കണ്ടത്തിൽ ഒക്കയും അരിവിതപ്പിച്ചു, ആയരി അഴുകിയ നാററം ആകുന്നുയെന്ന അവർ പറഞ്ഞു. ഉടനെ ആ ബ്രാഹ്മണർ വിഡ്ഢിയുടെ അടുക്കൽ ചെന്ന, അരി മുളയ്ക്കയില്ലെന്നും സാരമായിട്ടുള്ളത ഉമ്മിയാകുന്നുയെന്നും പറഞ്ഞ, അവർ പോകയുംചെയ്തു. പിന്നെ അവൻ അരിയൊക്കയും കൊടുത്ത ഒരുപറ അരിക്ക, ഒരുപറ ഉമിവീതം വാങ്ങിച്ച, കണ്ടത്തിൽ വിതപ്പിച്ചു, അന്നും ആ ബ്രാഹ്മണർ അതുവഴിയെ വന്നു അപ്പോൾ, കണ്ടത്തിൽ ഒക്കയും ഉമി വിതച്ചിരിക്കുന്നതിനെക്കണ്ടു. പിന്നയും അവർ വിഡ്ഢിയുടെ അടുക്കൽ ചെന്ന, എടൊ ഉമിയിങ്കൽനിന്ന വെർപെട്ടുപോയാൽ പിന്നെ അരി മുളയ്ക്കയില്ല എന്നും പറഞ്ഞ അവർ പോകയും ചെയ്തു. പിന്നെ അവൻ മുമ്പിലത്തെപ്പോലെ നെല്ലുതന്നെ വിതെച്ചു.

അതുകൊണ്ട എത്രതന്നെ സമൎത്ഥൻ ആയിരുന്നാലും, സഹായംകൂടാതെ ഒരുത്തനും കാൎയ്യം സാധിക്കയില്ലെന്ന അറിയണം.

## (13) അജൻ എന്ന രാജാവും ഇന്ദുമതിയെന്ന ഭാൎയ്യയും.

സ്രഗിയംയദിജീവിതാപഹാ ഹൃദയെകിന്നിഹിതാനഹന്തിമാംവിഷമപ്യമൃതംക്വചിൽ ഭവെദമൃതംവാവിഷമീശ്വരെച്ഛയാ.

അയൊദ്ധ്യാ രാജ്യത്തുങ്കൽ അജൻ എന്ന ഒരു രാജാവ ഉണ്ടായിരുന്നു. അവൻ ഇന്ദുമതിയെന്നുപേരായ ഒരു കന്യകയെ വിവാഹവുംചെയ്തു, സൌഖ്യമായിട്ടിരിക്കുമ്പോൾ, ഒരു ദിവസം തന്റെ ഭാൎയ്യയായ ഇന്ദുമതിയൊടുംകൂടെ പൂങ്കാവിൽ പോയി, ഓരൊരൊ പൂക്കളും പറിച്ചു കളിച്ചുനടക്കുമ്പോൾ, ഇന്ദുമതിക്കു ഉറക്കം വന്നു, ഉടനെ ഭൎത്താവിന്റെ മടിയിൽ തലയും വച്ചു കിടന്നു ഉറങ്ങി, അപ്പോൾ ആകാശത്തുനിന്നും ഒരു മാല ഇന്ദുമതിയുടെ മാൎവ്വത്തുവന്നുവീണു, അതിനാൽ അവൾ മരിക്കയും ചെയ്തു. അതിന്റെശെഷം, രാജാവ വളരെ ദുഃഖിച്ചു കരഞ്ഞു, പിന്നെ അവൻ ആ മാല എടുത്തു, തന്റെ മാൎവ്വത്തു അണെച്ചുകൊണ്ടു പറഞ്ഞതു എന്തെന്നാൽ, ഈ മാല ഇവളുടെ മാൎവ്വത്തുവീണപ്പോൾ ഇവൾ മരിച്ചു എന്നാൽ ഇതു എന്റെ മാൎവ്വത്തുവച്ചാറെ ഞാൻ മരിക്കുന്നില്ല, അത്ഭുതം!

അതുകൊണ്ടു ദൈവത്തിന്റെ കൃപയുണ്ടായാൽ വിഷവും അമൃതായിത്തീരും, അല്ലെങ്കിൽ അമൃതതന്നെയും വിഷമായിപ്പോകുമെന്നു അറിയണം.

## (14) സീതയും രാമനും.

വൈദെഹിയാഹികലശൊത്ഭവധൎമ്മപത്നീം
തത്സൽകൃതാകഥയപൂൎവ്വകഥാപ്രസംഗാൻ
പൃഷ്ടാപമാവദപയൊനിധിസെതുബന്ധം
സാഹിപ്രിയെചുളുകിതാംബുനിധെഃകളത്രം.

൧

ഒരു ദിവസം രാമൻ സീതയോടുംകൂടി സൌഖ്യമായിട്ടിരിക്കുമ്പോൾ, സീത രാമനോടുപറഞ്ഞു. അല്ലയൊ ഭൎത്താവെ, നാം പണ്ടു വനത്തിങ്കൽചെന്ന ഓരൊരൊ മഹൎഷിമാരുടെ ആശ്രമങ്ങളിൽ പാൎത്തിരുന്നുവെല്ലൊ, ഇനിയും ഒരക്കൽകൂടെ അവിടങ്ങളിൽ ഒക്കയും ചെന്നു, മഹൎഷിമാരുടെ ഭാൎയ്യമാരെ കാണ്മാൻ വളരെ ആഗ്രഹമുണ്ടു, അതിനായിട്ടു എന്നെ അയക്കെണമെന്നു അപേക്ഷിച്ചു. എന്നാറെ രാമൻ സമ്മതിച്ചു ഇപ്രകാരം പറഞ്ഞു, എന്തെന്നാൽ നീ അഗസ്ത്യമഹൎഷിയുടെ ഭാ

ൎയ്യയെച്ചെന്ന കാണെണം, എന്നാൽ അവൾ നിന്നെ സല്ക്കരിക്കും. പിന്നെ നീ അവളോട ഞാൻ ചെയ്തിരിക്കുന്ന പരാക്രമങ്ങളെ ഒക്കയും പറഞ്ഞുകേൾപ്പിക്കെണം. സമുദ്രത്തിൽ ചിറയിട്ടതുമാത്രം പറയരുത; എന്തുകൊണ്ടെന്നാൽ അവൾ ഏഴുസമുദ്രത്തിലുള്ള വെള്ളമൊക്കയുംകൂടെ, ഒരുമിച്ചു, തന്റെ കയ്യിലാക്കിക്കുടിച്ചു എന്നുപറയുന്ന അഗസ്ത്യമഹൎഷിയുടെ ഭാൎയ്യയാകുന്നുവെല്ലൊ.

അതുകൊണ്ട വളരെ പരാക്രമങ്ങളെ ചെയ്യുവനോടെങ്കിലും, അവന്റെ ഭാൎയ്യയൊടെങ്കിലും ഒരുത്തൻ ചെയ്തിരിക്കുന്ന അല്പപരാക്രമങ്ങളെ പറഞ്ഞുകേൾപ്പിച്ചാൽ, അല്പംപോലും ബഹുമാനമുണ്ടാകയില്ലെന്ന, അറിയണം.

## (15) സന്ന്യാസിയും ജനങ്ങളും.

ഗതാനുഗതികൊലൊകഃനലോകഃപാരമാൎത്ഥികഃ
സൈതൊസ്സൈകതലിംഗെനനഷ്ടമ്മെതാമ്രഭാജനം.

ഒരു സന്ന്യാസി തീൎത്ഥ സ്നാനം ചെയ്വാനായിട്ട സേതുവിങ്കൽ ചെന്നു, അപ്പോൾ അവിടെ വളരെ ജനങ്ങളും ചെന്നിട്ടുണ്ടായിരുന്നു. സന്ന്യാസി തന്റെ ചെമ്പുപാത്രം സൂക്ഷിപ്പാൻ സ്ഥലമില്ലായ്കകൊണ്ട, സേതുവിന്മെൽ ഒരു കുഴിമാന്തി ചെമ്പുപാത്രം അതിൽ വച്ചുമൂടി, അടയാളമായിട്ട ഒരു മണൽക്കുമ്പലും കൂട്ടി, അതിന്റെ ശേഷം സമുദ്രത്തിൽ ഇറങ്ങി സ്നാനംചെയ്തു, എന്നാൽ സന്ന്യാസി ചെമ്പുപാത്രം കുഴിച്ചു വച്ചത ആരും കണ്ടില്ല. മണൽകുമ്പൽ കൂട്ടിയത എല്ലാവരും കണ്ടാറെ, സമുദ്രത്തിൽ സ്നാനംചെയ്വാൻ തുടങ്ങുമ്പൊൾ, ഒരു മണൽകുമ്പൽ കൂട്ടിയുംവച്ച വേണമെന്ന വിചാരിച്ചു, ആൾക്ക ഒരു മണൽക്കുമ്പൽവീതം കൂട്ടിയുംവച്ചു, സമുദ്രത്തിൽ ഇറങ്ങി സ്നാനംചെയ്തു. പിന്നെ സന്ന്യാസി സ്നാനംകഴിച്ചു കയറിവന്നപ്പോൾ, സേതുവിന്മേൽ എത്രയുംവളരെ മണൽക്കുമ്പൽ കണ്ടു, അതിനാൽ തന്റെ ചെമ്പുപാത്രത്തിന്ന അടയാളമായിട്ട കൂട്ടിയിരുന്ന മണൽക്കുമ്പൽ, ഏതെന്ന അറിവാൻ കഴിയായ്കകൊണ്ട, സന്ന്യാസി ചെമ്പുപാത്രവും കൂടാതെ വിഷാദിച്ചുപോകയും ചെയ്തു.

അതുകൊണ്ട പലരും കൂടുന്നെടത്ത ഒരുത്തൻ ഒന്നുചെയ്താൽ, അതുപോലെ എല്ലാവരും ചെയ്യും, പരമാൎത്ഥത്തെ വിചാരിക്കയില്ല എന്ന അറിയണം.

## (16) ശ്രീരാമനും ജാംബവാൻ എന്ന വാനരവും.

ഇന്ദ്രംദ്വ്യക്ഷമമന്ഥപൂൎവ്വമുദധിംപഞ്ചാനനംപത്മജംഅ
ബ്ധിംശുദ്ധജലംശിവംസിതഗളംലക്ഷ്മീപതിംപിംഗലം
ശൈലാൻപക്ഷധരാൻഹയാനപിതഥാകാമഞ്ചസദ്വി
ഗ്രഹംജാനെസൎവ്വമഹംപ്രഭൊരഘുപതെദത്താപഹാരം
വിനാ.

ശ്രീരാമൻ രാവണനെയും രാക്ഷസന്മാരെയും യുദ്ധംചെയ്തു കൊന്നു, സകല പദാൎത്ഥത്തോടുകൂടെ ലങ്കയെ വിഭീഷണന്നുകൊടുത്തു, അയൊദ്ധ്യയ്ക്കു പൊവാനായിട്ടു, സീതയോടും ലക്ഷ്മണനോടും വാനരന്മാരോടും കൂടി പുറപ്പെട്ടപ്പോൾ, രാവണന്റെ ഗൊപുരത്തിൽ വിശേഷമായ ഒരു കല്ലു, നടക്കല്ലായിട്ടു ഇട്ടിരുന്നു, ആയതുകൂടെ കൊണ്ടുപോകെണമെന്നു ശ്രീരാമൻ ആഗ്രഹിച്ചു, അപ്പോൾ അതു ജാംബവാൻ എന്ന വാനരൻ, അറിഞ്ഞു ഇപ്രകാരം പറഞ്ഞു. അല്ലയൊ രാമസ്വാമിൻ, നിന്തിരുവടികേട്ടാലും, ഞാൻ ദെവെന്ദ്രനെ രണ്ടുകണ്ണുള്ളവനായിട്ടും, പാലാഴിയെ കലക്കുന്നതിനുമുമ്പെയും, ബ്രഹ്മാവിനെ അഞ്ചുതലയുള്ളവനായിട്ടും, സമുദ്രത്തിൽ ഓരുകൂടാതെ നല്ലവെള്ളമായിട്ടും, ശിവനെ വെളുത്തകഴുത്തുള്ളവനായിട്ടും, വിഷ്ണുവിനെ ചുവന്നനിറമുള്ളവനായിട്ടും, പൎവ്വതങ്ങൾക്കും കുതിരകൾക്കും ചിറകുണ്ടായിട്ടും, കാമദേവനെ ശരീരമുള്ളവനായിട്ടും, അറിയും. ഇവയൊക്കയും അറിയുന്നവനായ ഞാൻ, അക്കാലങ്ങളിൽഎങ്ങും ദത്താപഹാരം എന്നുള്ളതു കണ്ടിട്ടും കേട്ടിട്ടും ഇല്ല.

അതുകൊണ്ടു, ആൎക്കെങ്കിലും ഒരു വസ്തു കൊടുത്താൽ, അതിനെ തിരികെ വാങ്ങിക്ക എന്നതു വലുതായിരിക്കുന്നദോഷം ആകുന്നു എന്നു അറിയണം.

## (17) കഷണ്ടിക്കാരനായ ഒരു ബ്രാഹ്മണൻ.

ഖൎവ്വാടൊദിവസെശ്വരസ്യകിരണൈസ്സന്താപിതൊമ
സ്തകെവാഞ്ഛൻദെശമനാതപംവിധിവശാത്താലസ്യ
മൂലംഗതഃതത്രസ്ഥസ്യതുതല്ഫലെന്നിപതിതെഭിന്നം
സമസ്തംശിരഃ യത്രായാന്തിഹിമന്ദഭാഗ്യവിഭവൊത
ത്രൈവയാന്ത്യാപദഃ.

൨൦

ഒരു ദിവസം കഷണ്ടിക്കാരനായ ഒരു ബ്രാഹ്മണൻ, ദാര

ദ്ര്യദുഃഖത്താൽ ദിവസവൃത്തികഴിപ്പാൻ വകയില്ലായ്കകൊണ്ട തന്റെ ഭവനത്തിൽനിന്നു പുറപ്പെട്ടുപോയി, പിന്നെ അവൻ അങ്ങിനെ പോകുമ്പോൾ ഉച്ചസമയത്ത വെയിൽകൊണ്ട അവന്റെ കഷണ്ടിത്തല ചൂടുപിടിച്ചു, വളരെ വ്യസനപ്പെട്ടു. അതിനാൽ അവൻ ഒരു തണലുള്ള സ്ഥലത്തെ ആഗ്രഹിച്ചു, എന്നാൽ അവിടെ എങ്ങും ഒരു വൃക്ഷംപോലും ഉണ്ടായിരുന്നില്ല. പിന്നയും അവൻ വ്യസനത്തോടെ കുറഞ്ഞൊരുവഴി ചെന്നപ്പോൾ, ഒരു കരിമ്പന നില്ക്കുന്നതിനെക്കണ്ട, അതിന്റെ ചുവട്ടിൽ അല്പമായിട്ടുണ്ടായിരുന്ന തണലിൽ, ചെന്നിരുന്നു, അപ്പോൾ ആക്കരിമ്പനയുടെ ഫലങ്ങളിൽ, ഒന്ന അടന്നുവീണു, അവന്റെ തലയൊക്കയും ചതഞ്ഞ പൊട്ടിപോയി.

അതുകൊണ്ട ഭാഗ്യമില്ലാത്തവൻ എവിടെച്ചെല്ലുന്നുവൊ? അവിടെ ആപത്തും വരുമെന്ന അറിയണം.

## (18) ഒരു ശൂദ്രനും തെങ്ങും തൈകളും.

പ്രഥമവയസിദത്തംതോയമല്പംസ്മരന്തശ്ശിരസിനിഹി
തഭാരാനാളികെരാനരാണാംസലിലമമൃതകല്പംദദ്യുരാജീ
പനാന്തംനഹികൃതമുപകാരംസാധവൊവിസ്മരന്തി.

ഫല

ഒരു ശൂദ്രൻ ഒരു പറമ്പ വെട്ടിഎടുത്ത, കന്നുകാലികൾ കയറാതെ കയ്യാലയുംവച്ചു, പറമ്പ കിളച്ചൊരുക്കി നന്നാക്കി, പത്ത തെങ്ങുംതൈയ്യും കുഴിച്ചുവച്ചു. പിന്നെ അവൻ, വേനൽകാലങ്ങളിൽ, വെള്ളംകോരി നനെച്ചു വളൎത്തിക്കൊണ്ടുവന്നു, ഇങ്ങിനെ നാലഞ്ചുസംവത്സരംകഴിഞ്ഞപ്പോൾ, ആ തൈകൾ എല്ലാം കുലെച്ചു, എന്നാൽ ഒരു തെങ്ങിന്ന പത്തും പന്ത്രണ്ടും കുലവീതവും ഒരു കുലയ്ക്കു മുപ്പതും നാല്പതും ഫലം വീതവും ഉണ്ടായിരുന്നു. അവൻ അവയിൽനിന്ന ഫലങ്ങളെ പറിച്ചു അതിലുള്ള വെള്ളം കുടിക്കയും, ഫലങ്ങളെ തിന്നുകയുംചെയ്യു. എന്നാൽ ആ തൈകൾ തങ്ങൾക്ക ചെറുപ്പകാലങ്ങളിൽ, അല്പമായിട്ട കൊടുത്തിരിക്കുന്ന വെള്ളത്തെ വിചാരിച്ചു, തലയിൽ വലുതായിരിക്കുന്ന ഭാരത്തെ വഹിച്ചുംകൊണ്ട, അമൃതിനോടുതുല്യമായിരിക്കുന്ന വെള്ളത്തെ, തങ്ങൾ നശിക്കുന്നതുവരെയും കൊടുക്കുന്നു.

അതുകൊണ്ട സജ്ജനങ്ങൾക്ക ഉപകാരംചെയ്താൽ, അത മറക്കയില്ലെന്ന അറിയണം.

(19)

ഉപകാരൊപിനീചാനാമപകാരായവൎത്തതെ പയഃപാനംഭുജംഗസ്യകെവലംവിഷവൎദ്ധനം.

൭൨

ഒരു ബ്രാഹ്മണൻ ഒരു പാമ്പിനെപിടിച്ചു, ഒരു കൂട്ടിലിട്ട ദിവസംപ്രതിയും അവന്ന പാലുംകൊടുത്ത വളൎത്തിക്കൊണ്ടുവന്നു, ആക്കാലത്തിങ്കൽ ആ ബ്രാഹ്മണന്റെ ഭാൎയ്യ പ്രസവിച്ചു, ഒരു പുത്രൻ ഉണ്ടായി, അവൻ വളരെ സന്തോഷത്തോടെ പുത്രനെ പരിപാലിച്ചുവളൎത്തി, ആ പുത്രന്ന അഞ്ചുവയസ്സായപ്പൊൾ, ഒരു ദിവസം ആ ബ്രാഹ്മണൻ കുളിപ്പാനായിട്ട പൊയസമയത്തിങ്കൽ, പുത്രൻ ചെന്ന പാമ്പിന്റെ കൂട തുറന്നു. അപ്പൊൾ പാമ്പ ഇറങ്ങിവന്ന പുത്രനെ കടിച്ചു. അതിനാൽ അവൻ മരിക്കയുംചെയ്തു. ബ്രാഹ്മണൻ വന്ന, ഈ അവസ്ഥയൊക്കയും കണ്ട വ്യസനപ്പെട്ടു, ബ്രാഹ്മണൻ പാമ്പിന്ന പാലുകൊടുത്തു പാമ്പൊ ബ്രാഹ്മണന്ന വിഷം കൊടുത്തു.

അതുകൊണ്ട ദുൎജ്ജനങ്ങൾക്ക ഉപകാരംചെയ്യാൽ ഉപദ്രവം വരുമെന്ന അറിയണം.

## (20) കാളിദാസനും ഭൊജരാജാവും.

ജീൎണ്ണപാദുകദാനെനബ്രാഹ്മണായമഹാത്മനെ അശ്വരത്നംമയാപ്രാപ്തംതന്നഷ്ടംയന്നദീയതെ.

കാളിദാസൻ എന്ന പെരായ ഒരു ബ്രാഹ്മണൻ ഭോജരാജാവിന്റെ ഇഷ്ടനായിട്ട പാൎക്കുമ്പോൾ, ഒരു ദിവസം രാജാവ കോപിച്ചു, കാളിദാസനെ കൊട്ടയ്ക്കു പുറത്തുകളഞ്ഞു. പിന്നെ അവൻ അവിടെനിന്നും പുറപ്പെട്ടുപൊയി, കുറഞ്ഞൊരുവഴി ചെന്നപ്പൊൾ, ആ വഴിയിൽ ഒരു ബ്രാഹ്മണൻ വെയിൽകൊണ്ട വളരെ വ്യസനപ്പെടുന്നതിനെക്കണ്ട. കീറിയതായ ഒരു ജ്തൊട ചെരിപ്പുകൊടുത്തു, അതിനാൽ ആ ബ്രാഹ്മണൻ വളരെ ആശ്വാസപ്പെട്ടു കാളിദാസൻ പിന്നയും പുറപ്പെട്ടുപോയി. അനന്തരം ഭോജരാജാവിന്ന കോപം ശമിച്ചപ്പോൾ കാളിദാസനെ കളഞ്ഞതുകൊണ്ട വിഷാദം ഉണ്ടായി ഉടനെ അവൻ കാളിദാസനെ കൂട്ടിച്ചുകൊണ്ടുവരുന്നതിന്നായിട്ട, ഒരു കുതിരയുംകൊടുത്ത ആളയച്ചു. അവർ അന്വെഷിച്ചുചെന്ന കാളിദാസനെക്കണ്ട കുതിരപ്പുറത്തുകയററി തിരികെ കൊണ്ടുവരികയുംചെയ്തു.

അതുകൊണ്ട, കൊടുത്താൽ നശിച്ചുപൊകയില്ല, കൊടുക്കുന്നവന്ന ലഭിക്കുമെന്ന അറിയണം.

# ആറാം അദ്ധ്യായം.

## ഭൂമി വിശേഷങ്ങളെ വെളിപ്പെടുത്തുന്ന സൂത്രങ്ങൾ

## കപ്പൽക്കാരുടെ കാന്തസൂചിപെട്ടി.

ഇത കംപെസ എന്ന വിളിക്കപ്പെട്ടുവരുന്നു. ൟ സൂത്രം കണ്ടുപിടിക്കുന്നതിനുമുമ്പെ, കപ്പല്ക്കാർ കരയിൽനിന്ന അകന്ന ഉരു ഓടിപ്പാൻ മനസ്സില്ലാതെ ഇരുന്നു. എങ്കിലും ഇപ്പോൾ ഇതിന്റെ സഹായത്താലും, ആദിത്യനെയും, നക്ഷത്രങ്ങളെയും പ്രമാണിച്ച, കപ്പലുകൾ മൂന്നും നാലും മാസം യാതൊരു കരപോലും കാണാതെ ഓടുന്നുണ്ട. ചീനക്കാർ ൩൨൲ ആണ്ടിന മുമ്പെ, ഇതിന്റെ പ്രയോഗം അറിഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും ശേഷം ദേശക്കാൎക്ക അയസ്കാന്തം ഇരിമ്പിനെ ആകൎഷിക്കുമെന്നും. ഇരിമ്പിന തന്റെ ശക്തി കൊടുക്കുമെന്ന അറിഞ്ഞിരുന്നാലും, ഇതിന്റെ വടക്കോട്ടും, തെക്കോട്ടുമുള്ള നോട്ടം, യദൃച്ശയാൽ കണ്ടെത്തപ്പെട്ടതെയുള്ളു. ഒരുത്തൻ ലോഹാദികളുടെ ഗുണങ്ങൾ പരിക്ഷിച്ച നോക്കുമ്പോൾ, ഒരു ഉരുക്ക സൂചി എടുത്ത, അയസ്കാന്തംകൊണ്ട തേച്ച, വെള്ളത്തിൽ കിടന്ന ഒരു ചെറിയ മരപ്പൂളേൽ വെച്ചാറെ ഉടൻ തന്നെ സൂചിയും പൂളും വടക്കും തെക്കുമായിട്ട നേരെ മാറി കിടക്കുന്നത കണ്ടു; ഇതിന്റെ ശേഷം സൂചിയുടെ ഒത്തനടുവിൽ ഒരു തുളയും തുളെച്ച, മറെറാരു സൂചിയുടെ മുനയിൽ പരിക്ഷിച്ച വെച്ചാറെ, തുളച്ച സൂചിയുടെ ഒരു അററം വടക്കോട്ടും, മററെ അററം തെക്കോട്ടും, മാത്രമെ നില്ക്കു എന്നും, എത്രപോലും കുലുക്കിയാലും അററങ്ങൾ മാറുകയൊ മറെറാരു ഭാഗത്തോട്ട, ചൂണ്ടികാണിക്കയൊ ചെയ്കയില്ലെന്നും വേച്ചിട്ട ഇരിമ്പ അടുത്ത വന്നാലെ മാററമുള്ളു എന്നും, കണ്ട ആശ്ചൎയ്യപ്പെട്ടു. പിന്നത്തേതിൽ ആണിയായിട്ട നിൎത്തിയിരുന്ന സൂചിയുടെ ചുററും, ഒരു വൃത്തം വരച്ച ആ വൃത്തം മുപ്പത്തരണ്ട അംശങ്ങളായിട്ട വടക്കുതുടങ്ങി കിഴക്കോട്ട അതിൽ തെക്കോട്ട അവിടെനിന്ന പടിഞ്ഞാറുവഴി പിന്നെയും വടക്കോട്ട വിഭാഗിച്ചുവരച്ചു. ൟ വരച്ച കടലാസും, സൂചിയും ഒരു പെട്ടിയിൽ വെച്ചാറെ വടക്കുനോക്കി എന്നും, കംപെസ എന്നും വിളിക്കപ്പെട്ടിരിക്കുന്നു. വിദ്വാന്മാർ ദേശങ്ങളും, അതിന്റെ തുറമുഖങ്ങളും, ഉൾക്കടലുകളും, കരനാക്കുകളും, ദ്വീപുകൾ മുതലായ്വ, കടലാസേൽ വരച്ച പടങ്ങൾ, കയ്യിൽ കിട്ടിയപ്പോൾ, കപ്പല്ക്കാരൻ വടക്കുനോക്കികൊണ്ട ഇന്നഭാഗത്തോട്ട ഓടിയാൽ ഇന്നിന്ന ദിക്കിൽ ചെന്ന ചേരുമെന്ന നിശ്ചയിക്കാം.

## കുഴൽകണ്ണാടി.

ഒരു മൂക്കുകണ്ണാടി പണിക്കാരൻ, തന്റെ കണ്ണാടിയിൽ രണ്ടു എടുത്തു തള്ളവിരലിന്റെയും, ചൂണ്ടാണിവിരലിന്റെയും ഇടയിൽ പിടിച്ചു; ദൂരത്തുള്ള ഒരു പള്ളിയുടെ നേരെ നോക്കിയാറെ, ആ പള്ളി കീഴ്മേൽ മറിഞ്ഞിരിക്കുന്നതു പോലെ കാണുകയും, കണ്ണാടി രണ്ടും തമ്മിൽ കുറെകൂടെ അകലമായിട്ടു പിടിച്ചാറെ, പള്ളി തുലോം വലിയതായിട്ടും, അധികം തെളിവായിട്ടും കാണുകയും ചെയ്തു. മറ്റൊരു പണിക്കാരൻ, ൟ വിശേഷം കണ്ടതിന്റെശേഷം, ഒരു നെടിയ ൟയകുഴൽ എടുത്തു, കണ്ണാടി രണ്ടും തമ്മിലുള്ള അകലത്തിന്റെ സൂക്ഷം പിടിച്ചു അതിൽ ഉറപ്പിക്കയും ചെയ്തു; ഇങ്ങിനത്തെ ഒരു കുഴലിൽ ഗലിലിയൊ എന്ന വിദ്വാൻ, മശിഹാകാലം ൧൬൧൦ാം ആണ്ടിൽ നോക്കിയാറെ, ആദിത്യനിൽ ചില കറുപ്പു പുള്ളികൾ കണ്ടു, ൟ പുള്ളികൾ ചിലപ്പോൾ മേൽഭാഗത്തനിന്നും ചിലപ്പോൾ കീഴ്ഭാഗത്തനിന്നുള്ളതും, മറ്റ ചില കണക്കുകൾ വിചാരിച്ചാറെ ആദിത്യൻ തന്നെ വട്ടംചുറ്റുന്നു എന്നും നിശ്ചയിച്ചു. ചന്ദ്രനെ നോക്കിയപ്പോൾ അതിൽ കാണുന്ന കറുപ്പുഭാഗങ്ങൾ വയലുകൾ എന്നും, ശോഭിച്ചിരിക്കുന്ന ദിക്കുകൾ ആദിത്യന്റെ രസ്മികൊണ്ടു പ്രകാശിച്ചിരുന്ന മലകളെന്നും നിശ്ചയിച്ചു. ൟ സൂത്രപണി ക്രമേണ നന്നാക്കപ്പെട്ടു. കണ്ണാടിയുടെ എണ്ണം ചിലതിൽ അഞ്ചും, എഴുമായി വെച്ചുതുടങ്ങി, അവയുടെ വലിപ്പവും കൂടെ വൎദ്ധിച്ചു, ഇപ്പോൾ ചിലതിന ൪൦ മുതൽ ൫൦ ചുവടവരെ നീളവും, ൬ അടിവണ്ണമായിട്ടും, ൧൨൦൦൦ പൌണ്ടു ചിലവുള്ളത ഉണ്ടാക്കീട്ടുണ്ടു. കുഴലിൽ മൂന്ന കണ്ണാടി വെക്കപ്പെട്ടപ്പോൾ കാണുന്നവസ്തുക്കൾ, കണ്ണുകൊണ്ടു കാണുന്നതുപോലെ നേരെ കാണും. എങ്കിലും അധികവലിപ്പമായിട്ടു ഇരിക്കും. ഇങ്ങിനെ ഹെൎഷൽ എന്ന ഗണിതശാസ്ത്രീയുടെ വലിയ കുഴൽക്കണ്ണാടിയിൽകൂടെ നോക്കിയാൽ, സകല വസ്തുക്കളും, ഉള്ളതിൽ ൬൦൦൦ തവണ വലിയതായിട്ടു തൊന്നും. ഓരൊ വസ്തുവിനെ ഇങ്ങിനെ വലിയതാക്കുന്നതുകൊണ്ടു, കണ്ണിന തുലോം അടുത്തിരിക്കുന്നു എന്ന നമുക്ക തോന്നുകയും ചെയ്യും; ൟ കണ്ണാടിസൂത്രത്താൽ ഗണിതക്കാർ ഗ്രഹങ്ങളുടെ നീക്കങ്ങളെ സൂക്ഷിക്കയും, എത്ര ദിവസംകൊണ്ടു ആദിത്യനെ ചുറ്റുകയും, ഓരൊകൂട്ടത്തിൽ എത്ര ഉണ്ടെന്ന കണ്ടറിവാനും ഇടവന്നിട്ടുണ്ടു. നമ്മുടെ ഒരു ആദിത്യന്ന ചുറ്റും ൧൭ ഗ്രഹങ്ങളെ കണ്ടുപിടിച്ചിരിക്കുന്നതു കൂടാതെ, വേറിട്ടു ആദിത്യന്മാരും ഗ്രഹങ്ങളും, നക്ഷത്രങ്ങളും, സംഖ്യയില്ലാത്ത എണ്ണത്തോളം ഉണ്ടെന്നും അറിഞ്ഞിരിക്ക

ന്നു, കപ്പല്ക്കാൎക്കും, കുഴൽക്കണ്ണാടിയാൽ വളരെ ഉപകാരം ഉണ്ടു, അതെന്തെന്നാൽ എട്ടും പത്തും നാഴിക അകലമുള്ള കപ്പലുകളിൽ തൂക്കിയിരിക്കുന്ന കൊടികൾ നോക്കി, അതിന്റെനിറവുംമററും ചില ചട്ടങ്ങളും കണ്ടു വൎത്തമാനങ്ങൾ അറികയും, തങ്ങളുടെ ആവശ്യങ്ങളെ അറിയിക്കയും ചെയ്യാം.

## മയിക്രൊസ്കോപ്പു.

എന്നു പറയുന്ന കണ്ണാടിയാൽ, ൧൬൨൧ാമാണ്ടുമുതൽ മനുഷ്യൎക്കു ഏറെ ഉപകാരം വന്നിരിക്കുന്നു, കുഴൽക്കണ്ണാടി അകലമുള്ള വസ്തുക്കളെ അടുപ്പിച്ചു കാണിക്കുന്നതുപോലെ, ഇതിനാൽ അടുത്ത തുലോം മൃദുവായിട്ടിരിക്കുന്ന വസ്തുക്കൾ ഉള്ളതിനെക്കാൾ വിവരമായിട്ടും, അധിക വലിപ്പമായിട്ടും കാണുകയും ആം. ഇതിൽ ഒരു തലമുടി വെച്ചുനോക്കിയാൽ, വലിയ മുളയെപോലെ ദ്വാരവും, മുട്ടുള്ളതും അല്ലാതെ, ചുവട്ടിൽ കിഴങ്ങും, വേരുകളും കാണും. ഓരൊ ൟച്ചയുടെ ചിറകുമേൽ ഉള്ള പൊടി തൂവലുകളാകുന്നു എന്നും, ഓരൊ തുള്ളി വെള്ളത്തിൽ, പലയായിരം വിശേഷമുള്ള ജീവജന്തുക്കൾകൊണ്ടു നിറഞ്ഞിരിക്കുന്നതും, ൟ മൃഗങ്ങളെ കണ്ണുകളാൽ തന്നെ കണ്ടുകൂടാ എന്നുവരികിലും, കണ്ണാടി ഇവറ്റു തല, വായ, അവയവങ്ങൾ ഉണ്ടെന്നു കാണിക്കുന്നതു കൂടാതെ, തമ്മിലുള്ള പിടിത്തത്തിൽ ഉള്ള രക്തച്ചാട്ടവും, മുറിവുകളും കാണിക്കുന്നുണ്ടു, ഇതിനാലും കൂടെ ഓരൊ മാങ്ങാ, കുമ്പളങ്ങാ, മറെറതാനും പഴങ്ങളിൽ കാണുന്ന പൂപ്പു, വൃക്ഷാദികളെപോലെ ഇല, കൊമ്പു, തടി, വേരുകളും ഉണ്ടെന്നു നാം കാണുന്നു. ഒരു മയിക്രൊസ്കോപ്പിന മിക്കപ്പോഴും രണ്ടു കണ്ണാടികൾ ഉണ്ടു: ഇവ വട്ടമായിട്ടും നോക്കുന്ന വസ്തുക്കളെ വലിപ്പമാക്കത്തക്കവണ്ണം വിളുമ്പിനെക്കാൾ നടുവിൽ ഘനം കൂടിയുമിരിക്കും. ഇതിൽ ഒന്നു മറെറതിനെക്കാൾ ഇരട്ടി വട്ടമായിട്ടും, ചെറിയ കണ്ണാടി വലിയതിൽനിന്നു രണ്ടു അംഗുലം അകലം മീതെ ഉറപ്പിച്ചിട്ടു, വലിയതിൽനിന്നു ഏകദേശം അത്രയും താഴെ ഒരു ചെറിയ മുഖകണ്ണാടിയും വെച്ചു, വിചാരിപ്പാനുള്ള വസ്തു ൟമുഖകണ്ണാടിമേൽ ഇരുത്തി, മുകളിലത്തെ ചെറിയ കണ്ണാടിയിൽനിന്നു രണ്ടു അംഗുലംദൂരത്തു കണ്ണുവെച്ചു കണ്ണാടിയിൽ നോക്കിയാൽ, വെച്ചിരുന്ന മൃദുവായിരുന്ന വസ്തുവിന്നു ഉള്ളതിനെക്കാൾ നാലിരട്ടി വലിപ്പംതോന്നും. ൟ കണക്കപെരുക്കീട്ടത്രെ ആകുന്നു മയിക്രൊസ്കോപ്പു ഉണ്ടാകുന്നതു. ചിലതു ൨൫൦൦൦ തവണ വസ്തുക്കളെ വലിപ്പമാക്കും, ഇതിൽ നമുക്കു വെറുപ്പുള്ള ചെള്ളും പേനും ആനയെക്കാൾ വലിയതായി കാണ്മാൻ ഇടയുണ്ടു.

# ബെറൊമിററർ.

ഇത വായുവിന്റെ ഭാരം അളെക്കുന്ന ഒരു സംപ്രദായം ആകുന്നു. ഒരു പാത്രം വെള്ളംകൊണ്ട നിറെച്ച, ദ്വാരത്തിന്മീതെ അധികം നീളമുള്ള ഒരു കുഴൽ ഉറപ്പിച്ച നീൎത്തി, കുഴലിലെ വായു എടുത്തുകളഞ്ഞ മേലത്തെ അററം വായു കടക്കാത്തതിന്മണ്ണം അടെച്ചതിന്റെശേഷം, പെട്ടന്ന അല്പമായ ഒരു ദ്വാരം പാത്രത്തിന്റെ ഒരു ഭാഗത്ത ഉണ്ടാക്കിയാൽ, ഉടനെ വെള്ളം പുറത്തോട്ട ഒഴുകുന്നതിന പകരം, കുഴലിൽ മുപ്പത്തരണ്ട അടി പൊങ്ങി അവിടെ നില്ക്കുകയുംചെയ്യും. ഇത കടൽപുറത്തൊ, സമുദ്രത്തിന്റെ നിരപ്പുള്ള ദെശത്തിലൊ മാത്രം ആകുന്നു. ഇതിന്റെ കാരണം ഭൂമിയുടെ മീതെ പ്രവെശിച്ചിരിക്കുന്ന വായുവിന്റെ ഭാരംകൊണ്ടത്രെ ആകുന്നു. ഇതിന്റെ കണക്ക അറിഞ്ഞ ഏറെ താഴ്ചയില്ലാത്ത കിണറുകളിൽനിന്നും, കപ്പലിന്റെ അടിവശത്തനിന്നും, കയറുന്ന വെള്ളം കയററി കളവാനായിട്ട പമ്പ എന്ന പറയപ്പെടുന്ന ഒരു സൂത്രം ഉണ്ടാക്കിയിരിക്കുന്നു, തൊറിസ്സെലി എന്ന ഒരു വിദ്വാൻ രസം വെള്ളത്തിനെക്കാൾ ൧൪ ഭാരം കൂടുമെന്ന കണ്ട, ൩ ചുവട നീളവും കാൽവിരൽ വണ്ണവുമുള്ള ഒരു കണ്ണാടിക്കുഴൽ എടുത്ത, ഒരററം സൂക്ഷിച്ചടെച്ച രസംകൊണ്ട നിറെച്ചതിന്റെശേഷം, ൟ രസം കളയാതെ, രസംകൊണ്ട നിറെച്ച ഒരു കുടത്തിൽ കുഴലിന്റെ തുറന്നിരുന്ന അററം മുക്കി നിൎത്തുകയുംചെയ്യു. ഉടൻതന്നെ കുഴലിലെ രസം താണ, ൨൮ വിരൽ മാത്രം അതിൽനിന്നു. കുഴലിന്റെ മേലററത്ത രസവും, വായുവും ഒന്നുംതന്നെ കൂടാതെ ഒഴിഞ്ഞിരിക്കുകയുംചെയ്യു. വെള്ളത്തിന്റെയും, രസത്തിന്റെയും ൟ കണക്ക ഒത്തിരിക്കുന്നു എന്ന കാണുകകൊണ്ട, സമുദ്രനിരപ്പിൽ വായുവിന്റെ ഭാരം മേൽപറഞ്ഞ ൨൮ അംഗുലം രസത്തിന്നും, ൩൨ ചുവട വെള്ളത്തിന്നും സമമായിരിക്കുന്നു എന്ന നിശ്ചയിച്ചിരിക്കുന്നു. ൟ പറഞ്ഞ കുഴൽ ബെറൊമിററർ എന്ന പറയപ്പെടുന്നതാകുന്നു. കാററടിപ്പാൻ തുടങ്ങുമ്പോൾ മനുഷ്യശരീരത്തിന്ന ഒരു ഭാരക്കുറച്ചിലും, സന്തോഷവും തോന്നാറുണ്ട ഇങ്ങിനത്തെ സമയങ്ങളിൽ ൟ സൂത്രത്തിൽ നോക്കിയാൽ രസം ൨൮ അംഗുലത്തിൽ അല്പം താണ നില്ക്കുന്നതായി കാണ്കയുംചെയ്യും, ഇത വായുവിന്റെ ഇളക്കമുണ്ടായി തണെത്ത ഭാരം കുറയപ്പെടുന്ന കാരണത്താൽ ആകുന്നു. ൟ കണക്കിനാൽ തന്നെ ഒരു ബെറൊമിററർ എടുത്തുകൊണ്ട, ഉയൎന്ന പൎവ്വതങ്ങളിൽ കയറിയാൽ ഓരൊ ആയിരം ചുവട മേല്പോട്ട ചെല്ലുന്തോറും, ഏകദേശം ഓരൊരൊ വിരൽ രസം താഴുകയും

ചെയ്യും. കപ്പൽക്കാർ മഴക്കാറും ഓളങ്ങളും അകലത്തിൽ കാണുന്നതിനുമുമ്പെ, കാററ പെരുകുവാൻ ഇരിക്കുന്നു എന്ന ഈ സൂത്രംകൊണ്ട അറികയും, വിദ്വാന്മാർ മററ ഒരളവുകൂടാതെ മാളികകളുടെയും, അല്പം പൊക്കമുള്ള സ്ഥലങ്ങളുടെയും ഉയരം ഇത്രയുണ്ടെന്ന തിട്ടമായിട്ട അറികയും ചെയ്യുന്നു.

## തെർമൊമിററർ.

ചൂട അളപ്പാനുള്ള ഒരു സംപ്രദായം മിക്കവസ്തുക്കളും ചൂട പിടിക്കുമ്പോൾ വീക്കും. വെള്ളം കായുന്തോറും അത ഇരിക്കുന്ന പാത്രത്തിൽ തിങ്ങുകയും, നിറഞ്ഞിരുന്നാൽ മൂടി നീക്കുകയൊ, പൊട്ടിപ്പൊകയൊ ചെയ്യും. ഒര ഇരിമ്പവാളും ഒരുപോലെ പഴപ്പിച്ചാൽ, നീളവും വണ്ണവും കൂടും. വേവ അധികം ചെന്നില്ലാ എന്നുവരികിൽ, ആറുമ്പോൾ മുമ്പിലത്തെ വണ്ണം തന്നെ ആകയും ചെയ്യും. ഗണിതക്കാരനായ ഗെലിലയൊ ൧൬൨൦ാമാണ്ട എണ്ണയും വാററിയ മരുന്നുകളും കാച്ചി, മേൽപറഞ്ഞ കൌശലം ഉണ്ടാക്കുകയുംചെയ്തു. പിന്നത്തെ കാലങ്ങളിൽ രസം ഏററം നല്ലതാകുന്നു എന്ന കണ്ട, അതിനാൽ പ്രയോഗിച്ചുവരുന്നു. ഇതിന്റെ സൂത്രപ്പണി ഇതാകുന്നു. പണിക്കാരൻ ഘനംകുറഞ്ഞ ഒര അററത്ത ഒരു മൊട്ടുള്ള കണ്ണാടികുഴൽ എടുത്ത, മൊട്ട നിറച്ച രസം ഇടുകയും, കുഴലിലെ വായു നീക്കി മെൽഅററം അടെച്ച, ഈ കുഴൽ ഒരു പലകയിൽ ചേൎക്കും. വെള്ളം കുളിരിനാൽ ഉറച്ചിരിക്കുമ്പോൾ, അത പൊട്ടിച്ച കുഴലിന്റെ മൊട്ട അതിൽ മുക്കിയാൽ, രസം നില്ക്കുന്ന ചൊവ്വ ൩൨ലക്കമായ വരക്കും. പിന്നത്തെതിൽ കടല്പുറത്ത കൊണ്ടുപോയി തിളെക്കുന്ന വെള്ളത്തിൽ മുക്കുമ്പോൾ രസം വീൎത്ത, കുഴലിൽ പൊങ്ങി നില്ക്കുന്ന സ്ഥലത്ത ൨൧൨ എന്ന വരക്കുകയുംചെയ്യും. അരനെല്ലിട ഘനമുള്ള കണ്ണാടികുഴലിൽ മെൽപ്രകാരം രസമിട്ട, കാച്ചിയ വെള്ളത്തിൽ മുക്കിയാൽ, രസം ഒന്നരചാൺ വീക്കുകയുംചെയ്യും. പലകയിൽ ഒന്നാംലക്കം വരച്ച സ്ഥലംമുതൽ, ൨൧൨ വരച്ച സ്ഥലത്തിന്നിടയിൽ, അതിൽ അടങ്ങുന്ന ലക്കങ്ങൾ സൂക്ഷ്മത്തൊടെ വരച്ചുവരുമ്പോൾ, സൂത്രത്തിന്റെ പണി ഏകദേശം മുഖ്യയായി വായുവിന്റെ ഭാരമളെക്കുന്ന ബെറൊമിററർകൊണ്ട, സ്ഥലങ്ങളുടെ ഉന്നതം അളെക്കാമെന്ന കാണിച്ചതുപോലെ, ഈ സൂത്രംകൊണ്ടും അളെക്കാം. അത എങ്ങിനെ എന്നാൽ, കടൽനിരപ്പിൽ തിളെക്കുന്ന വെള്ളത്തിൽ, രസം ൨൧൨ാം ലക്കത്തിൽ നില്ക്കു എന്നുവരുമ്പോൾ, ൫൩൦ ചുവട മേല്പോട്ട നാം കയറി സൂത്രം കായുന്ന വെള്ളത്തിൽ മുക്കിയാ

ൽ, രസം ൨൧൦൦ലക്കത്തിൽ നില്ക്കുകെ ഉള്ളു. പിന്നത്തെതിൽ ഇത്രയ്യം തന്നെ കരേറുന്തോറും അല്പവ്യത്യാസമായിട്ട, ഓരോലക്കം കുറഞ്ഞുവരും. ഹിമവാൻപൎവ്വതം, ൨൭൦൦൦ ചിലപാനം ചുവട പൊക്കമുള്ളത ആകുന്നു, അവിടെ കുളിർ കാരണത്താൽ സസ്യങ്ങൾ ഒന്നുംതന്നെ കാണ്മാനില്ലാത്തതും, ഉറച്ച മഞ്ഞുകൊണ്ട എന്നും മൂടപ്പെട്ടതായിരുന്നാലും, ഒരു കണക്കിൻപ്രകാരത്തിൽ അല്പവ്യത്യാസമായിട്ട പല ആളുകളുടെയും കണക്ക ഒത്തിരിക്കുന്നു. തെൎമ്മൊമിററർ എന്നുള്ളത പഞ്ചസാര ഉണ്ടാക്കുന്ന ആളുകൾക്ക ബഹു സാരംതന്നെ. അത എന്തെന്നാൽ കാച്ചേറിപ്പൊയി എന്ന വന്നാൽ, ആരുപിടിക്കയില്ല. ബീയറും, പലമാതൃക വാററമരുന്നുകളും ചേൎക്കുമ്പോൾ ഒരു സൂത്രം ആവശ്യമാകുന്നു.

## ഡൈവിങ്ങ്ബെൽ.

മുങ്ങുവാൻ തക്കവണ്ണം ഉള്ള യന്ത്രം. വായു കാണപ്പെടാത്തത എന്നവരികിലും, അഗമ്യമുള്ളതാകുന്നുഎന്ന ഒശാധന ചെയ്യു അറിഞ്ഞിരിക്കുന്നു. ചൂടിനാൽ വീൎക്കയും, ശീതംകൊണ്ടും മററും ലൊപിച്ചുംവരും. വായുവിന്ന ഭാരവും കാണപ്പെട്ടും, ദൃഷ്ടാന്തം. ഒഴിവായിരിക്കുന്ന കണ്ണാടിപാത്രം കമത്തി, അതിൻെറ വിളുമ്പ സമമായിട്ട വെള്ളത്തിൽ മുക്കി താഴ്ത്തിയാൽ വെള്ളം അതിലെക്ക അല്പമെ പ്രവേശിക്കത്തുള്ളു. ഇതിൻെറ കാരണം, പാത്രത്തിലെ വായുവിന്ന മെൽപറഞ്ഞ മൂലങ്ങൾ ഉണ്ടാകകൊണ്ടത്രെ ആകുന്നു. വെള്ളം കേറാത്ത ഇടയിൽ, ജീവനുള്ള വസ്തുവിന നനയാതെയും, വായു ഉണ്ടാകയാൽ ശ്വാസംമുട്ടാതെയും കുറയനെരത്തെക്ക ജീവനോടെ ഇരിക്കാം. കണ്ണാടിപാത്രം തൂക്കായിട്ട എത്ര ഭാരത്തോട എങ്കിലും കീഴ്പ്പോട്ട അമൎത്തിയാൽ, വായു അല്പം ചൊക്കി അസാരം വെള്ളം അതിൽ കയറുന്നതല്ലാതെ, മുഴുവനും നിറകയില്ല. കണ്ണാടി അല്പമെങ്കിലും ചരിഞ്ഞാൽ, വായുകുമള പുറപ്പെട്ട വെള്ളത്താൽ നിറയും ഡൈവിങ്ങ്ബെൽ എന്നുള്ളത, ഒരു കണ്ണാടിപാത്രത്തിൻെറ ഒത്ത സദൃശംതന്നെ ആകുന്നു. അഞ്ചെട്ട ആളുകൾക്ക ഇരിക്കതക്കവണ്ണമുള്ള അടിത്തട്ടില്ലാത്ത ഒര ഇരിമ്പമുറി പണിത, ഇവൎക്ക ഇരിപ്പാൻ ഇടയിൽ ചില വങ്കുപലക ഉറപ്പിച്ചു, മനുഷ്യരെയുംകയററി, കപ്പികളും തുടലുകളുംകൊണ്ട കപ്പലിൽനിന്ന ആഴത്തിലൊട്ട ഇറക്കി, കൈവിട്ട പൊയിരിക്കുന്ന സാമാനങ്ങളെ എടുപ്പിക്കയും, പാറകൾവെട്ടി പൊട്ടിക്കയും, മററും വെലകൾ ചെയ്യുവരുന്നു. അല്പനെരം കഴിയുമ്പോൾ, മുറിയിലെ വായു ആളുകളുടെ ശ്വാസംകൊണ്ടും, ശരീ

രച്ചൂടുകൊണ്ടും അശുദ്ധിയാകുന്നതിനാൽ, ആളുകൾക്ക സൌഖ്യക്കേട വരാതിരിപ്പാൻ മുറിയുടെ മേൽഭാഗത്തനിന്ന, ഒര അടപ്പുള്ള കുഴൽ വെള്ളത്തിന്റെ മീതെ വന്നിരിക്കുന്നു. വേറെ ഒരു കുഴൽ കപ്പലിൽനിന്ന മുറിയുടെ അടിവശത്തൊട്ട ഇറങ്ങീട്ടും ഉണ്ട. അകത്തിരിക്കുന്ന ആളുകൾക്ക സൌഖ്യക്കേട തോന്നുമ്പോൾ, കപ്പലിലോട്ടുള്ള കുഴൽ കുലുക്കിയാൽ കപ്പൽക്കാര ഒരു സൂത്രംകൊണ്ട ആകാശവായുവിനെ കീഴ്പോട്ട അതിനാൽ അയക്കയും. മേൽഭാഗത്തനിന്ന അടച്ചിരിക്കുന്ന കുഴൽ അല്പമായിട്ട സൂക്ഷിച്ച തുറക്കുമ്പൊൾ, അശുദ്ധമായിട്ടുള്ള വായു പുറപ്പെട്ടുപോകയുംചെയ്യും. ഈ ഡൈവിങ്ങ്ബെൽ കൊണ്ട ഛേദമായിപ്പോയ കപ്പലുകളുടെ സാമാനങ്ങൾ പലപ്പോഴും കയററിവരുന്നത കൂടാതെ, തുറമുഖങ്ങളിലുള്ള പാറക്കെട്ടുകൾ നീക്കുകയും, ഈ സൂത്രം വഹിച്ചിരിക്കുന്ന കപ്പൽ മുന്നൊട്ട കൂടക്കൂടെ നീങ്ങി, കീഴെയിരിക്കുന്ന ആളുകൾ കപ്പൽച്ചാൽ തെളിച്ചിട്ടും ഉണ്ട. ആറാറ മണിക്ക ഡൈവിങ്ങ്ബെൽ വെള്ളത്തിന മീതെ കൊണ്ടുവന്ന മാററാള ഇറങ്ങുകയും ചെയ്യും.

അബദ്ധം——ഈ പുസ്തകത്തിൽ ലക്ഷം എന്ന കാണുമ്പോൾ പത്ത ലക്ഷം എന്ന കണക്ക കൂട്ടുവാനുള്ളത ആകുന്നു.

# വൃത്താന്ത വിവരങ്ങൾ.


അഗ്നിപൎവ്വതങ്ങൾ. ൨൫.
ഇംഗ്ലാണ്ടിലെ രാജസ്ത്രീ. ൬൦.
ഇടിത്തി. ൪൩.
കടമാൻ. ൫൨.
കടൽസിംഹം. ൪൯.
കാററുകൾ, വൃക്ഷങ്ങൾ. ൪൪.
കാശി, ഇപ്പൊൾ ബെനാരെസ. ൬൩.
കാന്തസൂചിപ്പെട്ടി. ൩൯.
കാണ്ഡാമൃഗം. ൫൦
കുമ്പിനിയാര. ൯.
കുഴൽകണ്ണാടി. ൧൦.
കെട്ടുകഥകൾ. ൫൩.
കൊച്ചിരാജ്യം. ൨൨.
കോവർകഴുത. ൫൨.
ഗുഹകൾ. ൨൧.
ചില വിശേഷദേശങ്ങൾ. ൬൮.
ചുഴലികാററ, ജലച്ചുരുളുകൾ. ൪൩.
ഡൈവിങ്ങ്ബെൽ. ൧൪.
തിരുവിതാംകോടരാജ്യം. ൬൧.
തൎമ്മൊമിററർ. ൧൮.
ദെവാങ്കം ൫൪.
ദ്വീപുകൾ. ൮൬.
നദികൾ. ൨൭.
നവ്വൽ. ൫൬.
പല ദേവവന്ദനക്കാർ. ൪.
പറവമീൻ. ൫൦.
പൎവ്വതങ്ങൾ. ൨൪.
പാപ്പാ. ൬൨.
പാറകൾ, മണ്ണ മുതലായത. ൮൩.
പാറയാൻ. ൪൯.
പ്രധാന നദികളുടെ നാഴിക വിവരം. ൨൯.
പ്രൊതിസ്താന്തക്കാർ. ൩.
ബെറൊമിററർ. ൧൨.
ഭൂകമ്പങ്ങൾ. ൨൩.
ഭൂലോകത്തിലെ മതങ്ങൾ. ൭.
മഞ്ഞ. ൪൮.
മതങ്ങളും അധികാരവും മററും. ൬.
മനുഷ്യജാതിയുടെ എണ്ണം. ൨.
മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഗുഹ. ൨൯.
മൃഗജാതികളുടെ ക്രമങ്ങൾ. ൮൯.
മേഘം മഴ മുതലായത. ൪൨.
മയിക്രൊസ്കൊപ്പ. ൧൬.
യവനായക്കാർ. ൩.
റോമാക്കാർ. ൫.
ലങ്ക. ൬൫.
ലോകത്തിലെ അധികാരികൾ. ൯.
ലോഹാദികൾ. ൮൪.
ലാപ്പ്ലാന്തകാരുടെ കറവമാൻ. ൫൮.
വായുക്കളുംമററും. ൪൬.
വൃക്ഷാദികളുടെ ക്രമം. ൮൧.
ശീമ, ബ്ലാത്തി, ഇംഗ്ലാണ്ട. ൬൮.
സമുദ്രം ൮൨.
സിംഹം. ൪൧.
സൃഷ്ടിപ്പിന്റെ കല്പന. ൫൪.


COTTAYAM: C. M. PRESS.——1858.

1922 G 9992

2.80

# ശഷ്ടങ്ങൾ

്യായം.

ങ്ങളും മററും.

ഒന്ന പ്രകാരം, ഭൂമി രൂപ
ത്തിന്റെ മുഖത്ത ഇരുളും
യുള്ള ദൈവം ഏകദേശം
വഷം മുമ്പെ കല്പിച്ചപ്പോ
ച്ചു, വെള്ളങ്ങൾ താഴ്വരയി
ു, ഉണങ്ങിയ നിലങ്ങൾ
ായിക്കുന്ന വൃക്ഷാദികളും,
്യം, മൃഗജാതികളൊക്കയും
വം മനുഷ്യനെ പൊടിയി
നിത്യമായുള്ള ആത്മാവി
ഷ്ടിയുടെമേൽ അധികാര
ു, അപ്രകാരവും ഉണ്ടായി,
ിരമാകയും ചെയ്തു." മനു
ദാരോരുത്തക്ക ൯൦൦ വഷം
വത്തുകൊണ്ട, തങ്ങളുടെ അ
ാതെ, അവരുടെ സ്വന്ത
ിട്ട അന്വെഷിച്ചതെയുള്ളു.
ക്ഷിപ്പാനായിട്ടും, അവരു
ഇല്ലയൊ എന്നും, അറിവ
അയച്ചു. മനുഷ്യജാതിയി
ങ്ങളും പറവജാതിയിൽനി
ല ജീവജന്തുക്കൾ ലോക
ട്ടു: ൦രം എട്ട മനുഷ്യക്കും മൃ
ടു, തലവനായ നോഹാ
ന്നിവാൻ ദൈവം തന്നെ
ശാന്തത ആയശേഷം,
ഭൂമിയിൽ സഞ്ചരിച്ചു. നോ
ന്റെ സന്തതി ഏഷ്യാ എ